2010 ജൂലായ്
ഹി.ശ 1389 - വഫാ
1431 റജബ് - ശഅബാൻ
പുസ്തകം 82 ലക്കം 7
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

# സത്യദൂതൻ

സ്ഥാപിതം
1925

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ് - യുക്തിയും വിശ്വാസവും**

6 **ഖുർആൻ: യുക്തിയുടെ ദിവ്യാത്ഭുതം**
ഹദ്റത്ത് അഹ്മദ് (അ)

ഖുത്വ്ബ

7 ***വേദനകൾ ദൈവത്തിനു മുമ്പിൽ സമർപ്പിക്കുക, ദൈവം എല്ലാറ്റിനും മതിയായവനാണ്.***
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ചോദ്യോത്തരം

9 ***ഭൗതികജീവിതവും ആത്മീയതയും***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

ലേഖനം

10 ***പ്രാർത്ഥന - ആത്മീയ ജീവിതത്തിന്റെ ഹൃദയത്തുടിപ്പ്***
ഫസിൽ ജമാൽ, ഡോ. ഹസീനാ മസൂദ്

14 ***സന്താനങ്ങൾ : കണ്ണിന്റെ കുളിർമ***
സാറാ വസിം, യു.കെ.

17 ***ദൃശ്യാദൃശ്യ യാഥാർത്ഥ്യങ്ങൾ***
എം. മുബാറക്ക് അഹ്മദ് കരുനാഗപ്പള്ളി

20 ***'ത്വാരിഖിന്റെ കുതിരക്കുളമ്പടി ശബ്ദം വീണ്ടും !!!***
ജലാലുദ്ദീൻ കൽപേനി

24 ***മതവൈവിധ്യങ്ങൾ എന്തുകൊണ്ട്? മതങ്ങൾക്ക് എങ്ങനെ ഐക്യപ്പെടാം?***
എ.എം. മുഹമ്മദ് സലിം

28 ***ജമാഅത്തെ ഇസ്‌ലാമി നേരിടുന്ന സൈദ്ധാന്തിക പ്രതിസന്ധികൾ!!***
പി.എ. മുഹമ്മദ് സലീം, കൊടുങ്ങല്ലൂർ

32 ***വാഗ്ദത്ത മസീഹിന്റെ ദൗത്യപ്രഖ്യാപനം***
ഏ.ക്യു. മഹ്ദി

34 ***അവരുടെ മനുഷ്യാവകാശങ്ങൾക്ക് വിലയില്ലേ?***
ഹമീദ് ചേന്ദമംഗലൂർ

കുറിപ്പുകൾ

36 ***ക്രൈസ്തവ ഇസ്‌ലാം സംവാദം: ചില വസ്തുതകൾ***

41 ***വാർത്തകൾ, അനുസ്മരണം***

**ചീഫ് എഡിറ്റർ** : മുഹമ്മദ് ഇസ്മായിൽ Mob : 9446656123
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob : 8907182933, 9895263384, **E-mail: salimqld@yahoo.in**
**മാനേജർ** : അഹ്മദ് ഹസ്സൻ Mob : 9446482108

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Muslim Jama-at at Geethanjali Offset Printers, Kundayithode, Feroke, Kozhikode
Published at BAITHUL Quddus, G.H. Road, Kozhikode, Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut

## ഖുർആനിൽ നിന്ന്

താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ യുക്തിജ്ഞാനം നൽകുന്നു. ആർക്കെങ്കിലും യുക്തിജ്ഞാനം നൽകപ്പെട്ടാൽ അവനു വളരെയധികം നന്മകൾ നൽകപ്പെട്ടു. ബുദ്ധിമാന്മാരല്ലാതെ ആരും തന്നെ ചിന്തിച്ചു കാര്യങ്ങൾ ഗ്രഹിക്കുന്നില്ല.

***(2:270)***

## നബിവചനം

സാത്വികനായ ഭക്തനേക്കാൾ ജ്ഞാനിയായ ഒരാളുടെ ഔന്നത്യം നിങ്ങളിൽ എനിക്കുള്ള ഔന്നത്യം പോലെയാകുന്നു.

***(തിർമിദി)***

**യുഗശബ്ദം**

# ശാസ്ത്രീയ വിജ്ഞാനങ്ങളെ വെറുക്കുന്നവർ

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**



നവീന വിജ്ഞാനങ്ങൾ ആർജിക്കുന്നതിനെ എതിർക്കുന്ന മൗലവിമാർ പിഴച്ചവരാണെന്നു ഞാൻ കരുതുന്നു. തങ്ങളുടെ ബലഹീനതകൾ മറച്ചുവെക്കാൻ വേണ്ടിയാണ് അവരങ്ങനെ പറയുന്നത്. ആധുനിക വിജ്ഞാനങ്ങളെ കുറിച്ചുള്ള ഗവേഷണങ്ങൾ തെറ്റിലേക്ക് നയിക്കുമെന്നും ആളുകളെ ഇസ്ലാമിൽ നിന്നകറ്റിക്കളയുമെന്നും ഇവർ കരുതുന്നു. യുക്തിയും സയൻസും ഇസ്ലാമുമായി പൊരുത്തപ്പെടുകയില്ലെന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്. ഭൗതിക തത്വശാസ്ത്രങ്ങളുടെ ദൗർബല്യങ്ങൾ തുറന്നുകാട്ടാൻ അവർക്ക് കഴിവില്ലാത്തത് കൊണ്ട് ആധുനിക വിഷയങ്ങൾ പഠിക്കുന്നത് അനുവദനീയമല്ലെന്ന് സിദ്ധാന്തിച്ചുകൊണ്ട് തങ്ങളുടെ വീഴ്ചകളെ മറച്ചുപിടിക്കാൻ അവർ ശ്രമിക്കുകയത്രെ.

*(മൽഫൂസാത്ത് ഭാ. 65)*

## മുഖക്കുറിപ്പ്

# യുക്തിയും വിശ്വാസവും

യുക്തിചിന്തയേയും യുക്തിവിചാരശീലത്തേയും അങ്ങേയറ്റം പ്രോത്സാഹിപ്പിച്ച മതമാണ് ഇസ്‌ലാം. ദൈവത്തിന്റെ അസ്തിത്വം സ്ഥാപിക്കാൻ പ്രപഞ്ചത്തിലെ ഭൗതിക യാഥാർത്ഥ്യങ്ങളിലേക്ക് മനുഷ്യന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് യുക്തിപൂർവ്വം ചിന്തിക്കാൻ ആഹ്വാനം ചെയ്യുന്ന സവിശേഷ ശൈലിയാണ് ഖുർആന്റേത്. ഖുർആൻ പറയുന്നു:

***'നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. പരമകാരുണികനും കരുണാമയനും. അവനല്ലാതെ വേറൊരു ആരാധ്യനുമില്ല. ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാവും പകലും മാറി വരുന്നതിലും മനുഷ്യർക്ക് പ്രയോജനപ്രദമായ വസ്തുക്കളും കൊണ്ട് കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിലും മേഘങ്ങളിൽ നിന്ന് അല്ലാഹു വെള്ളമിറക്കി ഭൂമിയെ അത് നിർജ്ജീവമായി കിടന്നശേഷം സജീവമാക്കുകയും അതിൽ എല്ലാതരം ജീവജാലങ്ങളേയും വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതിലും കാറ്റുകളുടെ ഗതിവിഗതികളിലും ആകാശഭൂമികൾക്കിടയിൽ അധീനമാക്കപ്പെട്ടിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് നിശ്ചയമായും പല ദൃഷ്ടാന്തങ്ങളുമുണ്ട്*** (2:164, 163). വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു; ***'ഇസ്‌ലാമിന്റെ ദൈവം പ്രകൃതിയുടെ നിയമത്തിൽ കാണാവുന്നതും പ്രകൃതിയുടെ പുസ്തകത്തിൽ തിരിച്ചറിയാവുന്നതുമായ ദൈവമാണ്. ഇസ്‌ലാം പുതിയൊരു ദൈവത്തെയല്ല പരിചയപ്പെടുത്തിയത്. മനുഷ്യന്റെ ഹൃദയവെളിച്ചത്താലും, ബോധത്താലും, ആകാശഭൂമികളാലും വെളിപ്പെടുത്തപ്പെട്ട അതേ ദൈവത്തെ തന്നെയാണ് പരിചയപ്പെടുത്തിയത്.*** (മജ്മൂഅ ഇശ്തിഹാറാത്ത്, റൂ-ഖസായിൻ വോ. 2 പേ. 310).

യുക്തിബോധത്തെ ഉപയോഗിക്കാത്ത മനുഷ്യനെ മൃഗത്തേക്കാൾ അധഃപതിച്ചവനെന്ന് പറഞ്ഞ് കഠിനമായി അല്ലാഹു അധിക്ഷേപിക്കുന്നു.

***'സത്യമായും ജിന്നിൽ നിന്നും ഇൻസിൽനിന്നുമുള്ള നിരവധി ആളുകളെ അവരുടെ പര്യവസാനം നരകമാകുമാറ് നാം സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ഹൃദയങ്ങളുണ്ട്. അവ കൊണ്ട് അവർ ഗ്രഹിക്കുന്നില്ല. അവർക്ക് കണ്ണുകളുണ്ട്. അവ കൊണ്ട് അവർ കാണുന്നില്ല. അവർക്ക് കാതുകളുണ്ട്. അവ കൊണ്ട് അവർ കേൾക്കുന്നില്ല. അവർ കന്നുകാലികൾക്ക് തുല്യരാണ്. അല്ല, അവയെക്കാളും വഴിപിഴച്ചവരാകുന്നു. അവർ തന്നെയാണ് അശ്രദ്ധരായിട്ടുള്ളവർ*** (7:180)

ചിന്തിക്കാതെ ദൈവത്തിന്റെ വചനങ്ങൾ പോലും സത്യാത്മാക്കൾ കൈക്കൊള്ളില്ല എന്ന് ഖുർആൻ പറയുന്നു. ***'അവരുടെ നാഥന്റെ വചനങ്ങൾ അവരെ ഓർമ്മപ്പെടുത്തുന്നതായാൽ ബധിരരും അന്ധരുമായി അവരതിനെ കൈകാര്യം ചെയ്യുകയില്ല.*** (25:74) പക്ഷേ, അദൃശ്യയാഥാർത്ഥ്യങ്ങളുടേയും ആത്യന്തിക സത്യങ്ങളുടേയും പൊരുളറിയാൻ യുക്തിബോധം കൊണ്ടുമാത്രം സാധ്യമല്ല. അതിന് സത്യത്തിന്റെ ഒരു തലം മാത്രമേ സ്പർശിക്കാൻ സാധ്യമാവൂ. യുക്തിയുടെ ഉപകരണങ്ങളേക്കാൾ സൂക്ഷ്മവും ഉന്നതവുമായ മറ്റൊരു സംവേദനമാർഗ്ഗം അതിന് അനിവാര്യമാണ്. വെളിപാടുകളും ആത്മീയദർശനങ്ങളുമാണ് അത്തരം യാഥാർത്ഥ്യങ്ങളെപറ്റി മനുഷ്യന് ദൃഢബോദ്ധ്യം വരുത്തുക. വാഗ്ദത്ത മസീഹിന്റെ ഒരു ഉദ്ധരണിയോടെ ഈ കുറിപ്പ് ഉപസംഹരിക്കാം:

*'പ്രാഥമിക വസ്തുതകളെ സംബന്ധിച്ച് ഒരു പരിധിവരെ ഗ്രഹിക്കാനാണ് മനുഷ്യന്റെ പ്രകൃതിയിൽ യുക്തിജ്ഞാനം ദൈവം നിക്ഷേപിച്ചിട്ടുള്ളത്. അതേപ്രകാരം ദൈവം മനുഷ്യനിൽ വെളിപാടുകൾ സ്വീകരിക്കുന്നതിനുള്ള ഗുപ്തമായ കഴിവുകളും നിക്ഷേപിച്ചിരിക്കുന്നു. യുക്തിജ്ഞാനം അതിന്റെ പരമാവധി*

*(ശേഷം 27-ാം പേജിൽ)*

ഹദ്റത്ത് അഹ്മദ് (അ)

ലേഖനം

# ഖുർആൻ: യുക്തിയുടെ ദിവ്യാത്ഭുതം

സത്യം ഗ്രഹിക്കുന്നതിന് വിശുദ്ധ ഖുർആനിൽ മൂന്നു വാതിലുകളാണ് തുറന്നിട്ടിരിക്കുന്നത്. അതിലൊന്ന് യുക്തിയുടെ വാതിലാണ്. ദൈവത്തിന്റെ അസ്തിത്വം അവന്റെ സൃഷ്ടിപ്പിന്റെ ഗുണങ്ങൾ, ഏകത്വം, ശക്തി, കാരുണ്യം, സ്വാശ്രയത്വം എന്നിവയുടെ യാഥാർത്ഥ്യം സ്ഥാപിക്കുന്നതിന്നായി യുക്തിയുടെ മാർഗ്ഗം അവികലമായ രീതിയിൽ ഖുർആനിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു. യുക്തിയുടെ ഈ മാർഗ്ഗത്തിൽ തർക്കശാസ്ത്രം, വാഗ്മിത്വം, ഭൗതികശാസ്ത്രം, വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം, തത്വശാസ്ത്രം, സംവാദത്തിന്റെ രീതിശാസ്ത്രം എന്നിവ ഏറ്റവും സമുചിതമായ തോതിൽ പ്രയോഗിക്കപ്പെട്ടുകൊണ്ട് വിഷമകരമായ പല പ്രശ്നങ്ങളും ഖുർആനിൽ നിർദ്ധാരണം ചെയ്യപ്പെട്ടിരിക്കുന്നു. ഈ യൊരു രീതി അന്യാദൃശവും യുക്തിയുടെ ദിവ്യാത്ഭുതവുമാണ്. തർക്കശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കളും തത്വജ്ഞാനത്തിന്റെ നിയമങ്ങൾ ആവിഷ്കരിച്ചവരുമായ മഹാന്മാരായ തത്വശാസ്ത്രജ്ഞന്മാരുണ്ട്. അവർ സ്വയംതന്നെ ഭൗതികശാസ്ത്രത്തിലും ജ്യോതിശാസ്ത്രത്തിലും പാരംഗതരുമാണ്. അവർക്കാകട്ടെ തങ്ങളുടെ വിശ്വാസത്തിന്റെ യുക്തിദാരിദ്ര്യം കാരണം തങ്ങൾ ആർജിച്ച ഈ വിജ്ഞാനങ്ങളൊന്നും തങ്ങളുടെ വിശ്വാസത്തിന്റെ പിന്തുണക്ക് ഉപോൽബലകമായി ഉപയോഗിക്കാൻ സാധ്യമാകുന്നില്ല. അവരുടെ സ്വന്തം തെറ്റുകൾ തിരുത്താനോ മറ്റുള്ളവർക്ക് എന്തെങ്കിലും മതപരമായ ഗുണം ലഭ്യമാക്കാനോ അവരുടെ ഈ വിജ്ഞാനം കൊണ്ട് സാധ്യമല്ല. തീർച്ചയായും അവരിൽ മിക്കപേരും നിരീശ്വരവാദികളോ ദൈവനിഷേധികളോ ആണ്. അല്ലെങ്കിൽ ദുർബലവിശ്വാസത്തിന്നുടമകളാണ്. അവരിൽ സർവ്വശക്തനായ ദൈവത്തിൽ ഒരളവോളം വിശ്വസിക്കുന്നവർ തന്നെ സത്യവും അസത്യവും കൂട്ടിക്കലർത്തിയാണ് വിശ്വസിക്കുന്നത്. നിർമ്മലതയെ മാലിന്യവുമായി അവർ മിശ്രണം ചെയ്ത് വഴിതെറ്റിക്കുന്നു.

ഖുർആന്റെ ദിവ്യയുക്തിക്ക് യാതൊരു പിഴവുകളുമില്ല എന്നത് അത്ഭുതകരമാണ്. അതാകട്ടെ യാതൊരു മനുഷ്യനും ശ്രമിച്ചുനോക്കിയിട്ടില്ലാത്തതും ഉന്നതമായ ലക്ഷ്യത്തിന് വേണ്ടിയുള്ള പഠനങ്ങൾക്കായി സമർപ്പിക്കപ്പെട്ടതുമാണ്. ദൈവത്തിന്റെ അസ്തിത്വം, അവന്റെ ഏകത്വത്തിന്റെയും സൃഷ്ടിപ്പിന്റേയും ഗുണങ്ങൾ അവന്റെ മറ്റു പരിപൂർണ്ണമായ ഗുണങ്ങൾ എന്നിവക്ക് ഖുർആന്റെ പ്രസ്താവനകൾ മതിയായ തെളിവുകളാണ്. അവ സമഗ്രവും ഉചിതപൂർണ്ണവുമാണ്. യാതൊരു മനുഷ്യനും അത്തരം വാദങ്ങളിൽ പുതുതായി ഒരു വാദവും കൂട്ടിചേർക്കാനോ ഖുർആന്റെ വാദങ്ങളെ കവച്ചുവെക്കാനോ സാധ്യമല്ല. ആരെങ്കിലും ഈ അവകാശവാദത്തിനെതിരിൽ സംശയം ഉന്നയിക്കുകയാണെങ്കിൽ അവർ ദൈവത്തിന്റെ ഏകത്വം അല്ലെങ്കിൽ സൃഷ്ടിപരത അല്ലെങ്കിൽ എന്തെങ്കിലും ദൈവികഗുണങ്ങൾ, ഇവക്ക് ഉപോൽബലകമായി ബുദ്ധിപരമായ എന്തെങ്കിലും അവരുടേതായ വാദങ്ങൾ കൊണ്ടുവരട്ടെ. അങ്ങനെയാണെങ്കിൽ വിശുദ്ധ ഖുർആനിൽ നിന്ന് അതേ വാദങ്ങളോ അതിനേക്കാൾ മികവുറ്റതോ ആയ വാദങ്ങൾ എടുത്തുകാണിക്കാൻ നാം ബാദ്ധ്യസ്ഥനാണ്. വിശുദ്ധ ഖുർആനെ സംബന്ധിച്ച അവകാശവാദമോ സ്തുതിയോ വെറും വാചോടാപമല്ല. അത് സത്യസന്ധമായ വസ്തുതകളത്രേ. സത്യതത്വങ്ങൾക്കനുഗുണമായി വിശുദ്ധ ഖുർആൻ ഉന്നയിക്കാത്ത ഒരു വാദമുഖവും മറ്റാർക്കും മുന്നോട്ടുവെക്കാൻ സാധ്യമല്ല. പരിപൂർണ്ണവും സമഗ്രവുമായ വാദമാണുന്നയിക്കുന്നതെന്ന് വിശുദ്ധ ഖുർആൻ സ്വയം തന്നെ പല സ്ഥലങ്ങളിലും ഉച്ചത്തിൽ പ്രഘോഷിക്കുന്നുണ്ട്...

*(സുർമെ ചശ്മെ ആര്യ. റൂഹാനി ഖസായിൻ വാല്യം 2. പേ. 73-3, അടിക്കുറിപ്പ്)* ●

ഖുത്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ് V

# വേദനകൾ ദൈവത്തിനു മുമ്പിൽ സമർപ്പിക്കുക, ദൈവം എല്ലാറ്റിനും മതിയായവനാണ്

## 2010 ജൂൺ 28ന് ജർമ്മൻ ദേശീയ വാർഷിക സമാപന സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിന്റെ സംഗ്രഹം.

ലാഹോറിൽ അഹ്മദികൾക്കെതിരിൽ ക്രൂരമായ ആക്രമണം നടത്തിയപ്പോൾ നിയമപാലകർ തങ്ങളുടെ തന്ത്രപരമായ നിസംഗത കൊണ്ട് തക്കസമയത്ത് സഹായിക്കാതിരുന്നതിനാൽ ഒരുപാട് വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടു. എന്നിരുന്നാ ലും നമ്മുടെ വേദനകൾ നാം അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുകയാണ്. അവൻ നിരാലംബരുടെ പ്രാർത്ഥന സ്വീകരിക്കുന്നവനും സദ്‌വൃത്തരെ ഭൂമിയുടെ അവകാശികളാക്കുന്നവനുമാണ്. അവൻ ഇന്നും കേൾക്കുന്നവനും സംസാരിക്കുന്നവനുമാണ്. ആ ഗുണങ്ങളുടെ നിദർശനമെന്നോണം അവൻ മസീഹ് മൗഊദിനെ 'ഖാത്തമുൽ ഖുലഫാ' ആയി നിയോഗിച്ചിരിക്കുന്നു. അദ്ദേഹത്തോട് അവൻ ചെയ്ത വാഗ്ദാനങ്ങൾ തീർച്ചയായും പൂർത്തിയാക്കുന്നതാണ്. 'നിരാലംബർ' എന്നതിനർത്ഥം ദൈവപരീക്ഷണത്തിന് വിധേയരാവുന്നവരാണ് ശിക്ഷിക്കപ്പെടുന്നവരല്ല എന്നാണ് 'മസീഹ് മൗഊദ്' (അ) പറഞ്ഞത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം അഭിമുഖീകരിക്കുന്നത് അല്ലാഹുവിൽ നി ന്നുള്ള പരീക്ഷണമാണ്. അതിനുള്ള ദൃഷ്ടാന്തങ്ങളും നാം കാണുന്നു. ഇതിനു മുമ്പും പരീക്ഷണങ്ങൾക്ക് വിധേയമായ സന്ദർഭങ്ങളിലെല്ലാം വിജയത്തിന്റെ പുതിയ മേച്ചിൻപുറങ്ങൾ അല്ലാഹു നമുക്ക് നൽകിയിട്ടുണ്ട്. എന്നിരിക്കേ പാകിസ്താനിൽ നടന്നുകൊണ്ടിരിക്കുന്ന ആക്രമണങ്ങളുടെ ഫലമായി അഹ്മദികളുടെ ഹൃദയത്തിൽ നിന്നുയരുന്ന ദീനവിലാപങ്ങൾക്ക് അല്ലാഹു തീർച്ചയായും മറുപടി നൽകുന്നതാണ്.

റസൂൽ തിരുമേനി(സ)യെ അനുധാവനം ചെയ്താൽ ദിവ്യജ്ഞാനം ലഭിച്ചവരിൽ ഉൾപ്പെടുമെന്ന ഖുർആനിക തത്വമാണ് മസീഹ് മൗഊദിൽ (അ) നിന്നും നാം മനസ്സിലാക്കിയത്. ശത്രുക്കൾ ഇതിന് വിപരീതമായി വിശ്വസിക്കാൻ നമ്മെ നിർബന്ധിക്കുന്നു. എന്നാൽ, ഞങ്ങൾ ഗളഛേദം ചെയ്യാൻ നിന്നുതരാം. പക്ഷേ, ഖുർആന് വിരുദ്ധമായ ആശയം സ്വീകരിക്കാൻ തയ്യാറല്ല. ഇസ്‌ലാമിക മൂലപ്രമാണമായ കലിമത്തു തൗഹീദിന് തങ്ങൾ നൽകുന്ന വ്യാഖ്യാനമാണ് ശരിയെന്നും അത് നാം വിശ്വസിക്കണമെന്നും ശത്രുക്കൾ നമ്മെ നിർബന്ധിക്കുകയും അല്ലെങ്കിൽ മരിക്കാൻ തയ്യാറാവുക എന്ന് അവർ ഭീഷണി മുഴക്കുകയും ചെയ്യുന്നു. ഞങ്ങൾക്ക് പറയാനുള്ളത് ഖിയാമത്ത് നാളിൽ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന കലിമ നമ്മിൽ ആരാണ് സത്യപക്ഷത്തെന്ന് സാക്ഷി പറയുന്നതായിരിക്കും എന്നാണ്. നിങ്ങൾ ഭരണകൂടത്തിന്റെ അധികാരശക്തിയുടെ അഹങ്കാരത്തിൽ എന്ത് വേണമെങ്കിലും ചെയ്തുകൊള്ളുക. ഞങ്ങളുടെ സത്യസാക്ഷ്യത്തിന് ഇഹത്തിലും പരത്തിലും ഈ പരിശുദ്ധ കലിമ നമ്മുടെ കൂടെയുണ്ട്. ഉമ്മത്തിൽ ഒരു വ്യക്തി മസീഹ് പദവിയിലെത്തിയാൽ അത് ഖത്തമുന്നബുവ്വത്തിന്റെ പദവി ഉയർത്തുകയാണ് ചെയ്യുന്നത്. ഖത്തമുന്നബുവ്വത്തിന്റെ മഹത്വം പ്രകാശിപ്പിക്കുന്ന ഈ ആശയത്തെ ഞങ്ങൾ ഉയർ ത്തിപ്പിടിക്കുക തന്നെ ചെയ്യും. ഒരു മുല്ലയേയോ ഒരു ഭരണകൂടത്തേയോ

ഒരു ബോംബിനേയോ വെടിയുണ്ട യേയോ ഭയന്നുകൊണ്ടും ധനം - ജീവനഷ്ടത്തിന്റെ ആശങ്ക കൊണ്ടോ ഞങ്ങൾ ഒരിക്കലും ഈ ആശയത്തിൽ നിന്ന് പിൻമാറുകയില്ല.

ഭരണകൂടത്തിന്റെ പ്രീതിക്ക് വേണ്ടി നിങ്ങൾ അഹ്മദികളുടെ ജീവനും ധനവും കൊള്ളയടിച്ചു കൊള്ളുക. പക്ഷേ, മാനവികതയുടെ പ്രവാചകനായ, യത്തീമുകളുടേയും വിധവകളുടേയും കണ്ണീരൊപ്പാൻ വന്ന പുണ്യറസൂലിന്റെ (സ) പേരിൽ ഇത് നിങ്ങൾ ചെയ്യരുത്. ശ്രദ്ധിച്ചുകേൾക്കുക, നിങ്ങളാണ് കലിമക്ക് അപമാനം വരുത്തിവെക്കുന്നത്. നിങ്ങളുടെ എല്ലാ ആക്രമണത്തിനുശേഷവും അഹ്മദികൾക്ക് അല്ലാഹു വിജയം നൽകിയിട്ടുണ്ട്. ഈ ആക്രമണങ്ങൾക്ക് ശേഷവും ധാരാളം ആളുകൾ അഹ്മദിയ്യത്തിലേക്ക് പ്രവേശിച്ചുകൊണ്ടിരിക്കുന്നു. ധാരാളം ജനങ്ങളുടെ ശ്രദ്ധ അഹ്മദിയത്തിലേക്ക് തിരിഞ്ഞിരിക്കുന്നു. ശത്രുക്കൾ ഭരണകൂടത്തിന്റെ ആശിർവാദത്തോടെ മാധ്യമങ്ങളുടെ എതിർപ്രചാരണം പൂർവ്വാധികം ശക്തിയോടെ നടത്തുന്നുണ്ടെങ്കിലും ജനങ്ങളുടെ ശ്രദ്ധ അഹ്മദിയ്യത്തിന് അനുകൂലമായിരിക്കുകയാണ്. അഹ്മദികൾക്കെതിരെ അങ്ങേയറ്റം വൃത്തികെട്ട ഭാഷ ഉപയോഗിക്കുന്നതിന്നാണ് മുല്ലാക്കൾ ശമ്പളം പറ്റുന്നത്. ഭരണകൂടമാകട്ടെ മുല്ലാക്കളുടെ ആജ്ഞാനുവർത്തികളായി അന്ധനീതി നടപ്പാക്കുകയാണ്. ജനങ്ങളുടെ ഭൂരിപക്ഷത്തിലും അധികാരശക്തിയിലും അഹങ്കരിക്കുന്നവരേ, അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു നൽകിയിരിക്കുന്ന ഈ സാവകാശത്തെ നിങ്ങൾ വിജയമായി തെറ്റിദ്ധരിക്കരുത്. അക്രമത്തിൽ അതിരുകടക്കുന്നവർക്കെതിരെ അല്ലാഹു തന്ത്രം പ്രയോഗിക്കുമ്പോൾ അത് മനുഷ്യഭാവനക്കതീതമായിരിക്കും.

അല്ലയോ അഹ്മദികളേ! ഈ ആക്രമണങ്ങൾ കണ്ട് നിങ്ങൾ പരിഭ്രമചിത്തരാകരുത്. ഇത് അല്ലാഹുവിന് വിട്ടുകൊടുക്കുക. അക്രമികൾ തീർച്ചയായും പിടിക്കപ്പെടും. നാം അല്ലാഹുവിനു മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുക മാത്രമാണ് ചെയ്യേണ്ടത്. ശഹീദായവർ ബൈയ്യത്തിന്റെ കരാർ പൂർത്തിയാക്കിയവരാണ്. ധ്രുവനക്ഷത്രങ്ങളെപോലെ അവർ നമുക്ക് വഴികാട്ടികളാവുന്നു. ഈ കൂട്ടക്കൊലക്ക് ശേഷം തങ്ങളുടെ വിശ്വാസത്തിൽ വർദ്ധവുണ്ടായിട്ടുണ്ടെന്നും ആത്മീയാവസ്ഥയിൽ പുരോഗതി പ്രാപിച്ചിട്ടുണ്ടെന്നുമുള്ള സുവിശേഷമറിയിച്ചുകൊണ്ട് നിരവധി കത്തുകൾ എനിക്ക് അഹ്മദികളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നു. ഓരോ അഹ്മദിയും ദൈവത്തിൽ ശരണം തേടി പ്രാർത്ഥനയിൽ മുഴുകുക. അപ്പോൾ മസീഹ് മൗഊദിനോട് ദൈവം ചെയ്ത വാഗ്ദാനമനുസരിച്ച് ശത്രുക്കളുടെ കുചെയ്തികളെല്ലാം അവരുടെ മുഖത്തേക്ക് തന്നെ വലിച്ചെറിയപ്പെടുന്നത് നമുക്ക് കാണാം. ഈ മൗലവിമാർക്ക് മറുപടി പറയുന്നതിന് പകരം ദുആയിലും ഇസ്തിഗ്ഫാറിലും മുഴുകലായിരിക്കും ഗുണം ചെയ്യുക എന്നാണ് മസീഹ് മൗഊദ് പറഞ്ഞത്. കാലത്തിന്റെ ഇമാം ഇച്ഛിക്കുന്ന വിധം ഒരു പരിവർത്തനം നാം സ്വയം വരുത്തുകയാണെങ്കിൽ ദ്രുതഗതിയിലുള്ള ഒരു മാറ്റം നമുക്ക് ദർശിക്കാവുന്നതാണ്. ജീവന് നഷ്ടം വരുത്തിവെച്ച് നമ്മെ ഭയപ്പെടുത്തി പിന്തിരിപ്പിക്കാനാണ് ശത്രുക്കൾ ശ്രമിക്കുന്നത്. പക്ഷേ, ഒരു മാതാവ് 9 വയസ്സുള്ള തന്റെ പിഞ്ചുമകനെ ഉടുത്തൊരുക്കി കൂട്ടക്കുരുതി നടന്ന ആ പള്ളിയിലേക്ക് പറഞ്ഞയച്ചുകൊണ്ട് 'നിന്റെ പിതാവ് മരിച്ചു വീണ, അതേ സ്ഥലത്ത് നിന്നു നീയും നമസ്കരിക്കുക എങ്കിൽ നിന്റെ പിതാവിന്റെ ജീവത്യാഗത്തിന്റെ വില നിനക്ക് മനസ്സിലാക്കാൻ കഴിയൂ.' എന്ന് പറഞ്ഞു. സ്വന്തം സന്താനത്തെ ഈ വിധം ഉത്സാഹഭരിതരാക്കുന്ന വീരമാതാക്കളും വീരസന്താനങ്ങളുമുള്ള ജമാഅത്ത് ഒരിക്കലും മരണത്തെ ഭയപ്പെടുകയില്ല. ഒരു ഭൗതികശക്തിക്കും അഹ്മദികളുടെ വളർച്ച തടയാനും സാധ്യമല്ല.

ആയിരത്തി നാന്നൂറ് വർഷങ്ങൾക്ക് മുമ്പേ തന്നെ ഈ സുവിശേഷം നമ്മെ റസൂൽ തിരുമേനി (സ) അറിയിച്ചിട്ടുണ്ട്. അതായത് സഹാബാക്കൾ ജീവനും ധനവും ത്യാഗം ചെയ്തതിന് സമാനമായി ആഖരീങ്ങൾക്കും അതിനുള്ള സൗ ഭാഗ്യം ലഭിക്കുമെന്നും തത്ഫലമായി വിജയാനുഗ്രഹങ്ങൾ ലഭിക്കുമെന്നുള്ളതുമാണ് ആ സദ്വാർത്ത. ശുഹദാക്കളുടെ ധീരസ്മരണകൾ നമ്മുടെ മനസ്സിൽ ഇരമ്പിക്കൊണ്ടിരിക്കട്ടെ. ദൈവസാമീപ്യത്തിന് വേണ്ടി നിങ്ങൾ കഠിനമായി പരിശ്രമിച്ചുകൊണ്ടിരിക്കുക. എന്നാൽ **'ഇന്നാ ഫത്ഹനാ ലക്ക ഫത്ഹൻ മുബീനാ'** എന്ന ദിവ്യശ്രുതി നമുക്ക് കേൾക്കാവുന്നതാണ്. അല്ലാഹുവിന്റെ അർശിനെ പ്രകമ്പനം കൊള്ളിക്കുമാറുള്ള ദുആകൾ നിർവ്വഹിക്കുവാനുള്ള തൗഫീക്ക് അല്ലാഹു എനിക്കും നിങ്ങൾക്കും പ്രദാനം ചെയ്യട്ടെ. ●

**വിവ: ഗുലാം അഹ്മദ്**
**ഇസ്മായിൽ, കൊടിയത്തൂർ**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
ഖലീഫത്തുൽ മസീഹ് IV

ചോദ്യോത്തരം

# ഭൗതികജീവിതവും ആത്മീയതയും

## 1993ൽ ലണ്ടനിൽ നടന്ന ചോദ്യോത്തരസദസ്സിൽ ഖലീഫത്തുൽ മസീഹ് നാലാമൻ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് നൽകിയ മറുപടി

***ചോദ്യം: ദിവസത്തിന്റെ സിംഹഭാഗവും ഭൗതികകാര്യങ്ങളുമായി കെട്ട് പിണഞ്ഞ് ജീവിക്കുമ്പോൾ നമുക്ക് ആദ്ധ്യാത്മികമായി എങ്ങനെയാണ് അഭിവൃദ്ധിപ്പെടാൻ കഴിയുക?***

ഹ: മിർസാ ത്വാഹിർ അഹ്മദ്: ചോദ്യത്തിന് അതിന്റെ തനതായ ഉത്തരമുണ്ട്. ഭൗതികതയുമായി ഇടപഴകുകയും എന്നാൽ അതിനോട് വേണ്ടുവോളം അകലം പ്രാപിക്കുകയും ചെയ്യുക എന്നതാണ് ആത്മീയമായി ഉയരാനുള്ള ഒരേ ഒരു വഴി. അപ്പോൾ ഭൗതികജീവിതത്താൽ നിങ്ങൾ സ്വാധീനിക്കപ്പെടുന്നില്ല. നേരേമറിച്ച് ഭൗതികജീവിതത്തെ നിങ്ങൾ സ്വാധീനിക്കുന്നു.

രണ്ട് തരത്തിലുള്ള ആളുകൾ ഉണ്ട്. ഒരു കൂട്ടർ അവരുടെ നന്മ കൊണ്ട് അവർക്ക് ചുറ്റുമുള്ള കാര്യങ്ങളെ രൂപപ്പെടുത്തിയെടുക്കുന്നു. അവരുടെ സ്വാധീനമേഖലയിൽ മറ്റുള്ളവർ അവരുടെ നന്മയുടെ സ്വാധീനം കൊണ്ട് മുമ്പത്തേക്കാൾ നന്നാവുകയും ചെയ്യുന്നു. മറ്റൊരു കൂട്ടരുണ്ട്. അവർ ദുഷിച്ച ചുറ്റുപാടിന്റെ സ്വാധീനത്താൽ സ്വാധീനിക്കപ്പെടുന്നവരാണ്. അവരുടെ മോശപ്പെട്ട സ്നേഹിതന്മാരുടെ സ്വാധീനത്തിന് അവർ വശംവദരാകുന്നു. ഇക്കൂട്ടർ പതുക്കെപ്പതുക്കെ നല്ല വഴിയിൽ നിന്നകന്ന് ചീത്ത വഴികളിലേക്ക് പോകുന്നു. അപ്പോൾ ഭൗതികതയെപ്പറ്റി നമ്മൾ സംസാരിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉള്ളത് രണ്ടാമതു പറഞ്ഞ കൂട്ടരാണ്.

ദൈനംദിനജീവിതത്തിൽ ഭൗതികലോകവുമായി ബന്ധപ്പെടുന്നവർ അതിന്നടിമപ്പെടുന്നു. എന്നാൽ ഭൂമിയിൽ ജീവിക്കുന്നവരെ സംബന്ധിച്ചിടത്തോളം ആ ബന്ധം നിലനിൽക്കുക തന്നെ വേണംതാനും.

ഭൂമിയിൽ ജീവിക്കുന്ന ഒരുവനെ സംബന്ധിച്ചിടത്തോളം ഇവിടെ ജീവിക്കുകയും അതേസമയം ഭൗതികതയുമായുള്ള ബന്ധം പരിപൂർണ്ണമായും വിച്ഛേദിക്കുകയും ചെയ്യുക എന്നത് അസാധ്യമാണ്. അല്ലാഹുവിന്റെ പ്രവാചകന്മാർ വിവാഹജീവിതം നയിക്കുമ്പോഴോ അവിവാഹിതരായി ഇരിക്കുമ്പോഴോ അവർക്ക് ഭൗതികലോകവുമായി ബന്ധം ഉണ്ടാകുന്നു. അവർ ഭക്ഷിക്കുകയും വിശക്കുകയും നടക്കുകയും സംസാരിക്കുകയും ചെയ്യുമ്പോഴും അവർ ഭൗതികലോകവുമായി ബന്ധപ്പെടുന്നു. ഭൂമിയിൽ ജീവിക്കുന്നവർക്ക് ചുറ്റുപാടുള്ള ലോകവുമായി ബന്ധം വിച്ഛേദിക്കുക എന്നത് അസാധ്യം തന്നെയാണ്. എന്നാൽ അതിന്നായി ഒരാൾ തിരഞ്ഞെടുക്കുന്ന വഴിയാണ് വ്യത്യസ്തത നിലനിർത്തുന്നത്.

മൗലാനാ റൂമി അദ്ദേഹത്തിന്റെ ഒരു കവിതയിൽ ഈ പ്രക്രിയ വഞ്ചിയും വെള്ളവും തമ്മിലുള്ള ബന്ധം പോലെയാണെന്ന് വർണ്ണിച്ചിരിക്കുന്നു. ഞാനദ്ദേഹത്തെ പദാനുപദം ഉദ്ധരിക്കുന്നില്ല. അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കം ലളിതമാണ്. വെള്ളത്തെ മാറ്റിനിർത്തിക്കൊണ്ട് നിങ്ങൾക്ക് ബോട്ടിനെ സങ്കൽപ്പിക്കാൻ കഴിയുകയില്ല. ഉപയോഗമില്ലാതെ കിടക്കുന്ന ഒന്നിനെ ബോട്ടായി സങ്കൽപ്പിക്കാൻ കഴിയുകയില്ല. വെള്ളവുമായി ബന്ധപ്പെടുമ്പോഴാണത് ബോട്ടാകുന്നത്. അപ്പോൾ ബോട്ടിന് ഒരു മറുഘടകം വേണം. അതാണ് വെള്ളം എന്നിരുന്നാലും അതു മുങ്ങിക്കഴിഞ്ഞാൽ അത് ബോട്ടല്ലാതായിത്തീരുന്നു.

ഇസ്ലാമിലെ മഹാനായ സൂഫിവര്യനായിരുന്ന മൗലാനാ റൂമിയുടെ അഭിപ്രായത്തിൽ ഭൂമിയിലെ ഭൗതിക ജീവിതത്തിന്റെ അവസ്ഥയിതാണ്. ഭൗതികലോകവുമായി ബന്ധപ്പെടാതിരിക്കാൻ നിങ്ങൾക്കാവില്ല. അല്ലെങ്കിൽ നിങ്ങൾ മനുഷ്യനാകുന്നില്ല. അതു

*( ശേഷം 27-ൽ)*

ഫസിൽ ജമാൽ, ഡോ. ഹസീനാ മസൂദ്

ലേഖനം

# പ്രാർത്ഥന – ആത്മീയ ജീവിതത്തിന്റെ ഹൃദയത്തുടിപ്പ്

**മനുഷ്യഭാഗധേയത്തെ രൂപപ്പെടുത്തുന്നതിലും അവന്റെ ആത്മീയജീവിതത്തെ മുന്നോട്ടു നയിക്കുന്നതിലും പ്രാർത്ഥനക്ക് വലിയ പങ്കുണ്ട്.**

## പ്രപഞ്ചസൃഷ്ടിപ്പിലെ ദൈവികതേജസ്സ്

വിസ്മയിപ്പിക്കുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങളിലേക്കും മനുഷ്യസൃഷ്ടിപ്പിലേക്കു തന്നെയും, പരിശുദ്ധ ഖുർആൻ നമ്മുടെ ശ്രദ്ധ ആവർ ത്തിച്ചു ക്ഷണിക്കുന്നുണ്ട്. പക്ഷികൾ, മൃഗങ്ങൾ, സൂര്യചന്ദ്രന്മാർ, നക്ഷത്രങ്ങൾ, പർവ്വതങ്ങൾ, മരുഭൂമികൾ, നദികൾ, സമുദ്രങ്ങൾ, കാറ്റും മഴയും ഇടിയും മിന്നലും – എല്ലാം പ്രപഞ്ചനാഥനാകുന്ന ദൈവം തമ്പുരാന്റെ ഗരിമയും ഗാംഭീര്യവും വിളംബരപ്പെടുത്തുന്നുവെന്ന് ഖുർആൻ സിദ്ധാന്തിക്കുന്നു. *“അദൃശ്യകാര്യങ്ങളുടെ താക്കോലുകൾ അവന്റെ പക്കലാണുള്ളത്. അവനല്ലാതെ മറ്റാരും അതറിയുകയില്ല. കരയിലും കടലിലും ഉള്ളതെല്ലാം അവനറിയുന്നു. അവൻ അറിഞ്ഞു കൊണ്ടല്ലാതെ ഒരില പോലും കൊഴിഞ്ഞു പോകുന്നില്ല. ഭൂമിയുടെ അന്ധകാരങ്ങളിലുള്ള ഒരു ധാന്യമണിയോ പച്ചയോ ഉണങ്ങിയതോ ആയ വസ്തുക്കളോ സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെയില്ല.”* (അൻആം 6:60)

പ്രപഞ്ച പ്രതിഭാസങ്ങളെപ്പറ്റി ആഴത്തിൽ ചിന്തിയ്ക്കാനും യുക്തിബോധം ഉപയോഗപ്പെടുത്താനും പാഠങ്ങൾ ഉൾക്കൊള്ളാനും ആ പരിശുദ്ധഗ്രന്ഥം നമ്മെ ഉത്ബോധിപ്പിക്കുന്നു. ഖുർആൻ ചൂണ്ടിക്കാട്ടുന്നു: *“ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാവും പകലും മാറി വരുന്നതിലും മനുഷ്യർക്കു പ്രയോജനകരമായ വസ്തുക്കളും കൊണ്ട് കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിലും മേഘങ്ങളിൽ നിന്ന് അല്ലാഹു വെള്ളമിറക്കി ഭൂമിയെ അതു നിർജ്ജീവമായി കിടന്നശേഷം സജീവമാക്കുകയും അതിൽ എല്ലാ തരം ജീവജാലങ്ങളെയും വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതിലും കാറ്റുകളുടെ ഗതിവിഗതികളിലും ആകാശഭൂമികൾക്കിടയിൽ അധീനമാക്കപ്പെട്ടിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് നിശ്ചയമായും പലവിധ ദൃഷ്ടാന്തങ്ങളുമുണ്ട്.”* (അൽ ബഖറ 2: 165).

പ്രപഞ്ചസൃഷ്ടിപ്പിലെ സമാനതകളില്ലാത്ത ദൈവിക പ്രഭാവത്തിലേക്ക് വിരൽചൂണ്ടി ആ പരിശുദ്ധ ഗ്രന്ഥം നിരീക്ഷിക്കുന്നു: *“പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമ്മത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല വിടവും കാണുന്നുണ്ടോ? ഇനിയും വീണ്ടും വീണ്ടും കണ്ണോടിച്ചു നോക്കുക. കണ്ണു പരാജയപ്പെട്ടു ക്ഷീണിച്ചുകൊണ്ട് നിന്നിലേക്കു തിരിച്ചുവരും.” (അൽ മുൽക് 67: 4,5). വിഖ്യാത അഹ് മദീ ശാസ്ത്രജ്ഞനും ഭൗതികശാസ്ത്രത്തിൽ നോബൽ സമ്മാന ജേതാവുമായിരുന്ന ഡോ. അബ്ദുസ്സലാം സാഹിബ് ഈ വചനത്തെ വിശേഷിപ്പിച്ചത് “എല്ലാ ഭൗതിക ശാസ്ത്രജ്ഞരുടേയും വിശ്വാസപ്രമാണം” എന്നാണ്.* "The deeper we seek, the more is our wonder excited, the more is the dazzlement for our gaze", അദ്ദേഹം കൂട്ടിച്ചേർത്തു.

## മനുഷ്യപ്രകൃതിയും പ്രവാചകന്മാരും

വിസ്മയം ജനിപ്പിക്കുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങളെ നോക്കി, പെട്ടെന്നു വിശദീകരിയ്ക്കാനാവാത്ത ഒരു ശക്തിപ്രഭാവത്തിന്റെ സാന്നിദ്ധ്യത്തെപ്പറ്റി, പുരാതന കാലം മുതൽക്കേ മനുഷ്യൻ അന്വേഷണം ആരംഭിച്ചിരുന്നു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ചൂണ്ടിക്കാട്ടിയതുപോലെ, *"സർവ്വസമർത്ഥമായ ഒരു സത്തയെക്കുറിച്ചുള്ള അന്വേഷണ ബുദ്ധി മനുഷ്യപ്രകൃതിയിൽ ലീനമായി കിടക്കുന്ന ബോധശക്തികളിൽ ഒന്നാകുന്നു. ആ പരമാർത്ഥ സത്തയിലേക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്ന ഒരു ആകർഷണശക്തി ഹൃദയാന്തരാളത്തിൽ നിക്ഷിപ്തമായിരിക്കുന്നുണ്ട്."* (ഇസ്ലാം മത തത്ത്വജ്ഞാനം പേ. 100)

ദൈവം തമ്പുരാനെ അന്വേഷിക്കാനും അറിയാനും സവിശേഷ സാമീപ്യത്തിലൂടെ ലഭ്യമാകുന്ന അനുഗ്രഹങ്ങൾ കരഗതമാക്കാനുമുള്ള മനുഷ്യാത്മാവിന്റെ നിവേദനങ്ങളിലാണ് പ്രവാചകത്വം ഉടലെടുക്കുന്നത്. പരമകാരുണികന്റെ വരദാനം എന്ന നിലയിൽ എല്ലാ സമൂഹങ്ങളിലും ദൈവത്തിലേക്കും നന്മയിലേക്കും ക്ഷണിക്കുന്ന പ്രവാചകന്മാർ എഴുന്നേൽപ്പിക്കപ്പെട്ട *"എല്ലാ സമുദായത്തിലേക്കും നാം ഓരോ ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. ദുശ്ശക്തികളെ വർ ജ്ജിക്കുക" എന്നായിരുന്നു അവരുടെ പ്രബോധനം* (അന്നഹ്ൽ 16:37) ഹ: നൂഹ് (അ), ഹ: ഇബ്രാഹിം (അ), ഹ: മൂസാ (അ), ഹ: ഈസാ (അ) തുടങ്ങിയ പ്രവാചകന്മാർ വിവിധ കാലഘട്ടങ്ങളിൽ ജനങ്ങളെ ദൈവത്തിലേക്കും സാത്വികതയുടെ മാർഗ്ഗത്തിലേക്കും ക്ഷണിക്കുകയുണ്ടായി.

എന്നാൽ, 'തിന്നുകയും സുഖിക്കുകയും തങ്ങളുടെ വ്യാമോഹങ്ങളും മിഥ്യാധാരണകളും തങ്ങളെ അലസരാക്കുകയും' ചെയ്ത തലമുറകൾ ദൈവികപ്രവാചകന്മാരെ നിഷേധിക്കാനും അഗ്നിയിൽ എറിയാനും കുരിശിൽ തറയ്ക്കാനും നാടുകടത്താനും ശ്രമിച്ചിരുന്നു എന്നതും ചരിത്രത്തിലെ ഒരു വലിയ യാഥാർത്ഥ്യം തന്നെ. *"അവരുടെ പരിഹാസത്തിനു പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെ അടുക്കൽ വരുന്നില്ല."* (ഹിജ്ർ 15: 12). ബന്ധുജനങ്ങളുടെ ബഹിഷ്ക്കരണമോ സമൂഹത്തിലെ ഒറ്റപ്പെടുത്തലോ ജയിലറകളിൽ അടയ്ക്കപ്പെടുമെന്ന അവ സ്ഥപോലുമോ, പക്ഷേ, ദൈവഭക്തരെ തളർത്തിയില്ല. ജീവിതത്തിന്റെ വേവും നോവും ഏറ്റുവാങ്ങി, ഏകാന്ത വിഹ്വലതകളും മൂർ ത്ത ദുഃഖങ്ങളും കെട്ടഴിച്ചവതരിപ്പിയ്ക്കാൻ, ഒരു മാർഗ്ഗദീപമായി പ്രാർത്ഥന എന്നും പ്രവാചകന്മാർക്കൊപ്പം ഉണ്ടായിരുന്നുവല്ലോ. തന്നിൽ നിന്നു മാറ്റി നിർത്തപ്പെട്ട മകൻ യൂസുഫിനെപ്പറ്റിയുള്ള ദുഃഖത്താൽ കണ്ണുനിറഞ്ഞ യഅ്ഖൂബ് നബി (അ) പറഞ്ഞത് ഓർക്കുക: *"എന്റെ മനോവ്യഥയും വ്യസനവും ഞാൻ ബോധിപ്പിക്കുന്നത് അല്ലാഹുവിനോടു മാത്രമാണ്... അവിശ്വാസികളായ ജനതയല്ലാതെ അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശപ്പെടുകയില്ല."* (യൂസുഫ് 12: 87, 88)

## ഇസ്ലാം, സഫലമായ ഒരു പ്രാർത്ഥന

വിവിധ സമൂഹങ്ങളിൽ, പല കാലഘട്ടങ്ങളിൽ, അവതീർണ്ണരായ പ്രവാചകന്മാർ തങ്ങൾക്കു ചുറ്റും ഉയർത്തിക്കാട്ടാൻ ആഗ്രഹിച്ചതും ഒരു പരിധി വരെ വിജയം വരിക്കുകയും ചെയ്ത ദിവ്യസന്ദേശ പ്രബോധനദൗത്യത്തിന്റെ ഏറ്റവും പ്രഭാപൂരിതവും സമ്പൂർ ണ്ണവുമായ രൂപമായിരുന്നു, പതിന്നാലു നൂറ്റാണ്ടുകൾക്കപ്പുറത്ത് മുഹമ്മദു നബി(സ) അറേബ്യൻ ഉപദ്വീപിൽ ഉയർത്തിയ ആത്മീയ വിപ്ളവം. വാസ്തവത്തിൽ, ഇസ്ലാമിന്റെ ആവിർഭാവം തന്നെയും മഹാനായ ഒരു പ്രവാചകൻ, സഹസ്രാബ്ദങ്ങൾക്കപ്പുറം ചെയ്ത ഒരു പ്രാർത്ഥനയുടെ പൂർത്തീകരണമായിരുന്നു. ഭൂമിയുടെ ഒരു കോണിൽ, സ്വന്തം ബന്ധുജനങ്ങളാലും സമൂഹത്താലും തിരസ്ക്കിക്കപ്പെട്ട ഹ:ഇബ്റാഹിം നബി(അ) ചെയ്ത ഒരു ദുആ, വിശുദ്ധ ഖുർആൻ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. *"ഞങ്ങളുടെ നാഥാ! അവർക്ക് നിന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചു കൊടുക്കുകയും ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നീ അവരിൽ നിന്നും എഴുന്നേല്പിക്കേണമേ! തീർച്ചയായും പ്രതാപശാലിയും അഗാധ ജ്ഞാനിയും നീ തന്നെയാകുന്നു."* (അൽബഖറ 2:130). ഖലീഫത്തുൽ മസീഹ് റാബിഅ് ഹ: മിർസാ ത്വാഹിർ അഹ്മദ് (റഹ്) ചൂണ്ടിക്കാട്ടിയതുപോലെ, ഹ: ഇബ്റാഹിം നബി(അ)യുടെ പ്രാർത്ഥനയ്ക്കുള്ള മറുപടിയും ഖുർആനിൽ ഉണ്ട്. *"അവനത്രേ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്കു വായിച്ചു കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്കു ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കു*

*കയും ചെയ്യുന്നു; ഇതിനുമുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും."* (അൽ ജുമുഅ (62):3)

ഇസ്‌ലാമിന്റെ ആവിർഭാവം, മനുഷ്യചരിത്രത്തിൽ പ്രാർത്ഥനയ്ക്കുള്ള അതുല്യമായ സ്ഥാനം തങ്കലിപികളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സഹസ്രാബ്ദങ്ങൾക്കപ്പുറത്തു നിന്നു നടത്തപ്പെട്ടൊരു പ്രാർത്ഥനയ്ക്ക് കാലചക്രത്തിന്റെ ഗതിവിഗതികളെ ഉല്ലംഘിയ്ക്കാൻ കഴിഞ്ഞു എന്നത് അത്ഭുതകരമായൊരു യാഥാർത്ഥ്യം തന്നെ.

## ഇസ്‌ലാമിക ജീവിത വീക്ഷണവും പ്രാർത്ഥനയും

പ്രാർത്ഥനയുടെ ആത്മവിശുദ്ധിയിൽ ജന്മം കൊണ്ട ഇസ്‌ലാം, മനുഷ്യസൃഷ്ടിപ്പിന്റെ മഹത്തായ ലക്ഷ്യം തന്നെ അല്ലാഹുവിനെ ആരാധിക്കുകയാണെന്ന് വ്യക്തമാക്കുന്നു. പരിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു; *''എന്നെ ആരാധിയ്ക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല"* (അദ്ദാരിയത്ത് 51:57). ആ പവിത്രഗ്രന്ഥം ഓർമ്മപ്പെടുത്തുന്നു: *''ഏ റസൂൽ, നീ അവരോടു പറയുക, നിങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നുവെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്തു വിലവെയ്ക്കാനാണ്?"* (അൽ ഫുർഖാൻ 25 : 78).

ഭൗതികജീവിതത്തിലെ തന്റെ അംശം വിസ്മരിയ്ക്കാനോ സന്ന്യാസം സ്വീകരിയ്ക്കാനോ പരിശുദ്ധ ഖുർആൻ നമ്മോട് ആവശ്യപ്പെടുന്നില്ല. മറിച്ച്, തന്റെ ഉത്തരവാദിത്തങ്ങൾ മുഴുവൻ ദൈവം തമ്പുരാന്റെ സ്മരണയിലും തൃപ്തിയിലും പൂർണ്ണമായും ഭംഗിയായും നിർവഹിക്കാൻ അതു നമ്മെ ഉപദേശിക്കുന്നു. *"ഞങ്ങളുടെ നാഥാ, ഐഹികജീവിതത്തിൽ ഞങ്ങൾക്കു നീ നന്മ നൽകേണമേ, പരലോകത്തും നീ ഞങ്ങൾക്കു നന്മ നൽകേണമേ, നരകശിക്ഷയിൽ നിന്നു നീ ഞങ്ങളെ കാത്തു രക്ഷിക്കേണമേ!''* (അൽബഖറ 2: 202) ഐഹികജീവിതം, വാസ്തവത്തിൽ, കളിയും വിനോദവും സമ്പത്തിലും സന്തതികളിലുമുള്ള മാത്സര്യവും മാത്രമാണെന്നും ആത്മസംതൃപ്തി, ആത്യന്തികമായി, ദൈവസ്മരണയിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ എന്നും ഖുർആൻ വ്യക്തമാക്കുന്നു. "വിശ്വസിച്ചവരുടെ ഹൃദയങ്ങൾ അല്ലാഹുവിന്റെ സ്മരണയിൽ നിർവൃതി കണ്ടെത്തുന്നു. അറിയുക, അല്ലാഹുവിന്റെ സ്മരണ മാത്രമേ മനസ്സിനു നിർവൃതി നൽകുകയുള്ളൂ." (അർ റഅ്ദ് 13: 29)

ഇസ്‌ലാമിക ജീവിതദർശനത്തിൽ, പ്രാർത്ഥന ആത്മീയ ജീവിതത്തിന്റെ ഹൃദയത്തുടിപ്പാകുന്നു. സത്യവിശ്വാസിയുടെ ജീവവായു തന്നെ! വാഗ്ദത്ത മസീഹ് ഹ: അഹ്മദ് (അ), വിശ്വാസിക്ക് പ്രാർത്ഥനയോടുള്ള ബന്ധത്തെ ഉപമിച്ചത് മത്സ്യവും വെള്ളവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തോടാണ്. പ്രാർത്ഥനയുടെ ഏറ്റവും വലിയ പ്രാധാന്യം അല്ലാഹു സത്യവിശ്വാസികളുടെ പ്രാർത്ഥനയ്ക്കായി ഉത്സുകതയോടെ കാത്തിരിക്കുന്നു എന്നുള്ളതാണ്. *" നിങ്ങളുടെ നാഥൻ പറയുന്നു, നിങ്ങൾ എന്നോടു പ്രാർ ത്ഥിക്കുക, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും."* (അൽ മുഅ്മിൻ 40: 16). ദുആ സ്വീകാര്യതയുടെ ആത്മീയപാതയ്ക്ക്, തന്റെ ജീവി തം കൊണ്ട്, നമ്മുടെ കാലത്തിനു സാക്ഷി പറഞ്ഞ ഹ. അഹ്മദ് (അ) ഇങ്ങനെ അരുളി:

*"അല്ലാഹുവിനോട് ദുആയ്ക്കപേക്ഷിയ്ക്കുന്നതിനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം നമസ്കാരമാണ്. പൂർണ്ണശ്രദ്ധയോടെ, അർത്ഥമറിഞ്ഞ്, അല്ലാഹുവിന്റെ സന്നിധിയിൽ അനുഷ്ഠിക്കുന്ന നമസ്ക്കാരം തരുന്ന ആനന്ദവും സംതൃപ്തിയും അവാച്യമാണ്. പ്രാർത്ഥനയിലൂടെ ലഭിക്കാവുന്ന ഏറ്റവും വലിയ നേട്ടം ദൈവസാമീപ്യമാണ്. പ്രാർത്ഥനയിലൂടെ ഒരു മനുഷ്യന് ദൈവസന്നിധിയിലേക്ക് അടുക്കുവാനും ദൈവം തമ്പുരാനെ തന്നിലേക്ക് ആകർഷിക്കാനും സാധിക്കും. സ്വാർത്ഥ-ഭൗതികചിന്തകൾ വെടിഞ്ഞ്, തികഞ്ഞ ആത്മീയ മനസ്സോടെ, ആത്മാർത്ഥമായി ദുആ ചെയ്യുന്ന ഒരു സത്യവിശ്വാസിയ്ക്ക് അല്ലാഹു സംരക്ഷകനും സർവ്വൈശ്വര്യങ്ങളുടേയും ദാതാവും ആയിത്തീരുന്നു."* (മൽഫൂസാത്ത്, വോ. 7, പേ. 59).

തീവ്രമായ പരീക്ഷണങ്ങൾക്കു നടുവിലും സത്യനിഷേധികളുടെ അക്രമങ്ങൾക്കിടയിലും അല്ലാഹുവിന്റെ ഭക്തദാസർക്ക് ആശ്വാസത്തിന്റെ നീരുറവയായി എത്തുന്നത് ദുആ തന്നെ. ദൈവിക സഹായം അവർ അവകാശമായി എടുക്കുന്നു. *"അറിയുക, തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങൾ, അവർക്ക് ഒരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ വ്യസനിക്കുകയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുന്നവരായി നിലകൊള്ളുകയും ചെയ്യുന്നവരാണ് (അവർ). അവർക്ക് ഇഹലോകത്തും പരലോകത്തും സന്തോഷവാർത്തകളുണ്ട്. അല്ലാഹുവിന്റെ വചനങ്ങൾക്ക് ഒരു മാറ്റവും ഇല്ല. അതു തന്നെയാണ് മഹത്തായ വിജയം."*(യൂനുസ് 10: 63-65).

## ഹ. മുഹ്‌യുദ്ദീൻ ശൈഖി (റ)ന്റെ അനുഭവസാക്ഷ്യം

ഹിജ്റ ആറാം നൂറ്റാണ്ടിലെ മുജദ്ദിദ്, ഹ. സയ്യിദ് അബ്ദുൽ ഖാദർ ജീലാനി (ഖ:സി), ആത്മീയ മാർഗ്ഗത്തിൽ ഏറെ ദൂരം സഞ്ചരിച്ച ഒരു മഹാത്മാവായിരുന്നു. പ്രാർത്ഥനയുടെ ഫലസിദ്ധിയ്ക്കുവേണ്ടിവരുന്ന ത്യാഗങ്ങളെക്കുറിച്ചും അതുമുഖേന ലഭിയ്ക്കുന്ന ആത്മീയാനുഗ്രഹങ്ങളെക്കുറിച്ചും, 'ഫുതൂഹുൽ ഗൈബ്' എന്ന പുസ്തകത്തിൽ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. വാഗ്ദത്ത മസീഹ് ഹ. അഹ്മദ് (അ), 'ബറക്കാത്തുദ്ദുആ' എന്ന ഗ്രന്ഥത്തിൽ എടുത്തുദ്ധരിച്ച മുഹ്‌യിദ്ദീൻ ശൈഖി (റ)ന്റെ വാക്കുകൾ, വായനക്കാരുടെ സവിശേഷപരിഗണനയ്ക്കാ യി സമർപ്പിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിയ്ക്കട്ടെ.

*"നിങ്ങൾ ദൈവസന്നിധിയിൽ സ്വീകരിയ്ക്കപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ആത്മാർത്ഥമായി, കരളുറപ്പോടെ വിശ്വസിക്കുക. ആത്മീയപാതയിൽ തടസ്സമായി നിൽക്കുന്ന വിഗ്രഹമൂർത്തികളെ തിരിച്ചറിയുക. നിങ്ങളുടെ ശാരീരികപ്രൗഢിയും അവയവങ്ങളും - നാവ്, കൈകാലുകൾ, കണ്ണുകൾ മുതലായവ - പരസൃഷ്ടികൾക്ക് പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ അവ നിങ്ങളുടെ പുരോഗതിയ്ക്കു വിഘ്നം സൃഷ്ടിച്ചേക്കാം. നിങ്ങളുടെ ഭാര്യാമക്കൾ, നിങ്ങൾ നേടാൻ വെമ്പുന്ന ഭൗതികലക്ഷ്യങ്ങൾ, സമ്പത്ത്, സ്ഥാനമാനങ്ങൾ, ലൗകിക പ്രതീക്ഷകളും ഉത്കണ്ഠകളും മിത്രങ്ങളിലുള്ള അമിതവിശ്വാസം, ശത്രുഭയം - ഇവയെല്ലാം നിങ്ങളുടെ ആത്മീയപുരോഗതിയുടെ പാതയിൽ നിങ്ങൾക്കു തടസ്സങ്ങൾ സൃഷ്ടിച്ചേക്കാം. ശരീഅത്ത് അനുശാസിക്കുന്ന പരിധികൾക്കുള്ളിലും ദൈവഭക്തരുടെ മാർഗ്ഗത്തിലും ഭൗതികാനുഗ്രഹങ്ങൾ നിങ്ങൾ ആസ്വദിക്കുക; എന്നാൽ അവ നിങ്ങളുടെ ആത്യന്തിക വഴി മറക്കാൻ ഇടവരുത്തരുത്.*

*"ഇക്കാര്യത്തിൽ നിങ്ങൾ വിജയിച്ചാൽ, നിങ്ങളുടെ സ്ഥാനം ഉയർത്തപ്പെടും - ജനങ്ങളുടെ സങ്കൽപങ്ങൾക്കുമപ്പുറത്തേക്ക്... അല്ലാഹു നിങ്ങളെ, നബിമാർക്കും തിരുദൂതന്മാർക്കും നൽകിയ അനുഗ്രഹങ്ങൾക്ക് അവകാശിയാക്കും. എന്നേ വിസ്മൃതിയിലാണ്ടുപോയ ആത്മീയരഹസ്യങ്ങളും വൈജ്ഞാനികാനുഗ്രഹങ്ങളും നിങ്ങൾക്കായി തുറക്കപ്പെടും. ഇപ്രകാരമുള്ള അനുഗ്രഹങ്ങൾ വർഷിക്കപ്പെടുമ്പോൾ, ആർക്കും എത്തിച്ചേരാൻ കഴിയാത്ത ഒരു ആത്മീയ വിഹായസ്സിലേക്ക് നിങ്ങൾ ഉയർത്തപ്പെടും.*

*"നിങ്ങളുടെ പ്രാർത്ഥനയും വിശ്വാസസ്ഥൈര്യവും ജനങ്ങൾക്ക് സങ്കടനിവൃത്തിയും അനുഗ്രഹവും കൊണ്ടുവരും. ക്ഷാമബാധിതർക്ക് മഴ വർഷിക്കപ്പെടും. ധാന്യങ്ങൾ വിളയും. നിങ്ങളുടെ പ്രാർത്ഥനയും ശ്രദ്ധയും കാരണമായി പാവപ്പെട്ടവരും പണക്കാരും, രാജാക്കന്മാർ വരെയും, ദുരിതങ്ങളിൽ നിന്നും കഷ്ടപ്പാടുകളിൽ നിന്നും രക്ഷനേടും. സന്മാർഗ്ഗദർശിനിയായി ദൈവികഹസ്തങ്ങൾ എപ്പോഴും നിങ്ങൾ ക്കൊപ്പമുണ്ടാകും. കാലാതിവർത്തിയായ ആ ദിവ്യതേജസ്സിന്റെ മഹത് ശബ്ദം, ഓരോ നിമിഷവും നിങ്ങളെ ആകർഷിക്കും. ഒടുവിൽ, നിങ്ങളുടെ നാവിൽ നിന്നും വരുന്ന ഓരോ വാക്കും അല്ലാഹുവിൽ നിന്നെന്ന പോലെ ഉണ്മയുള്ളതും അനുഗൃഹീതവുമായിത്തീരും. ദിവ്യജ്ഞാനം ലഭിച്ചിരുന്ന ഭക്തദാസരുടെ ആത്മീയ അവകാശിയായി നിങ്ങൾ ഉയർത്തപ്പെടും. സൃഷ്ടിശക്തിയുടെ ഒരു പങ്ക് നിങ്ങൾക്കായി നൽകപ്പെടും. അതായത്, നിങ്ങളുടെ ശ്രദ്ധയും പ്രാർത്ഥനയും ലൗകിക കാരണങ്ങൾക്കു മേൽ നിയന്ത്രണശക്തിയാർജ്ജിക്കും. ആ അവസ്ഥയിൽ, ജീവസുറ്റതിനെ നിർജ്ജീവമാക്കാനോ മറിച്ചോ നിങ്ങളുദ്ദേശിച്ചാൽ, അതു സാദ്ധ്യമാകും.*

*"അസാധാരണവും അത്ഭുതകരവുമായ കാര്യങ്ങൾ നിങ്ങളുടെ കരങ്ങളിലൂടെ നിർവഹിയ്ക്കപ്പെടും. വിശദീകരിയ്ക്കുവാൻ പ്രയാസമുള്ളതും അർത്ഥഗാംഭീര്യമുള്ളതുമായ ദൈവികവിഷയങ്ങളിൽ നിങ്ങൾക്കു ജ്ഞാനം നൽകപ്പെടും. അത്തരം ആത്മീയാനുഗ്രഹങ്ങൾക്ക് പാത്രീഭവിയ്ക്കാൻ യോഗ്യതയും അർഹതയും നിങ്ങൾ നേടിക്കഴിഞ്ഞു എന്ന വിലയിരുത്തലിന്മേൽ അല്ലാഹു നിങ്ങൾക്കു തരുന്ന മഹത്തായ അനുഗ്രഹങ്ങളാണിവ."* ●

## മനുഷ്യവംശത്തിന് കാരുണ്യം

അബൂഹുറൈയിൻ(റ) നിന്നും നിവേദനം: ഒരിക്കൽ റസൂൽ തിരുമേനി(സ)യോട് പറയപ്പെട്ടു. താങ്കൾ അവിശ്വാസികളെ ശപിക്കുക എന്ന്. അപ്പോൾ അവിടുന്ന് പ്രതിവചിച്ചു. 'ഞാൻ ശപിക്കുവാനല്ല വന്നത് ജനങ്ങൾക്കാകെ കാരുണ്യവുമായിട്ടാണ് വന്നത്.

***(മുസ്ലിം)***

ലേഖനം

സാറാ വസിം
യു.കെ.

# സന്താനങ്ങൾ : കണ്ണിന്റെ കുളിർമ

## തൊണ്ണൂറുകളിൽ ബ്രിട്ടനിൽ നടന്ന ഒരു കുറ്റകൃത്യത്തിന്റെ പശ്ചാത്തലത്തിൽ സന്താനപരിപാലനത്തെക്കുറിച്ച് ഒരു വിലയിരുത്തൽ

*'ഞങ്ങളുടെ നാഥാ, ഞങ്ങളുടെ ഇണകളിൽ നിന്നും ഞങ്ങളുടെ സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ പ്രദാനം ചെയ്യേണമേ. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ മാതൃകയാക്കേണമേ'* (വി: ഖുർആൻ 25:75).

ഈയ്യിടെ ബ്രിട്ടനിൽ ഒരു കുറ്റകൃത്യം നടന്നത് എല്ലാ മാതാപിതാക്കന്മാരേയും ഞെട്ടിച്ചുകളയുകയുണ്ടായി. പത്തു വയസ്സുള്ള രണ്ടു കുട്ടികൾ രണ്ടു വയസ്സുള്ള ഒരു കുഞ്ഞിനെ ക്രൂരമായി മർദ്ദിക്കുകയും അവസാനം കൊല്ലുകയും ചെയ്തു. ജെയിംസ് ബൽഗർ എന്ന ഈ കുരുന്നിന്റെ കൊലപാതകം വമ്പിച്ച അമ്പരപ്പാണ് ബ്രിട്ടീഷ് സമൂഹത്തിൽ സൃഷ്ടിച്ചത്. കൊലപാതകം നടത്തിയ രണ്ട് കുട്ടികളിലും ഈ ക്രൂരകൃത്യത്തിലേക്ക് നയിച്ച പല ഘടകങ്ങളുമുണ്ട്. സാമ്പത്തിക പ്രശ്നം തകർത്ത കുടുംബാന്തരീക്ഷം, മാതാപിതാക്കന്മാരുടെ നിയന്ത്രണമില്ലായ്മ എന്നിവയൊക്കെയാണ് ആ ഘടകങ്ങളെന്ന് വിലയിരുത്തപ്പെടുന്നു. യോർക്കിലെ ബിഷപ്പ് ഡോ. ജോൺ ഹാപ്ഗുഡ് എഴുതുന്നു:

“നിഷ്ക്കളങ്കത കളിയാടേണ്ട കുട്ടികളുടെ ഈ പ്രായത്തിൽ തിന്മയുടെ വിളയാട്ടം വളരെ പ്രധാനമായ ഒന്നാണ്. തിന്മ ചെയ്യാനുള്ള ആസക്തി മുതിർന്നവരുടെ ചുറ്റുപാടിൽ നിന്നാണ് കുട്ടികൾക്ക് ലഭിക്കുന്നത്. പല കുട്ടികളും വളരുന്നത് ഇത്തരം സാഹചര്യത്തിലാണ്” (The Times Nov. 25, 1993)

മുസ്‌ലിംകളായ നാം വിശ്വസിക്കുന്നത്, കുട്ടികൾ ജനിക്കുന്നത് നിഷ്ക്കളങ്കരായിട്ടാണെന്നാണ്. പക്ഷേ, കുട്ടികൾക്ക് എങ്ങനെ ഇത്തരം ക്രൂരകൃത്യങ്ങൾ ചെയ്യാൻ കഴിയുന്നു എന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. അതിന് മുമ്പ് ഈ കേസിന്റെ ചില വശങ്ങൾ കൂടി നാം പരിഗണിക്കേണ്ടിയിരിക്കുന്നു. പത്രറിപ്പോർട്ടുകൾ പ്രകാരം കുറ്റവാളികളായ പ്രസ്തുത കുട്ടികൾ കൊച്ചു ജെയിംസ് ബൽഗറെ അസ്വസ്ഥമായ അവസ്ഥയിൽ കൂട്ടിക്കൊണ്ടുപോകുന്നത് കണ്ടവരുണ്ട്. അവരാരും തന്നെ ഫലപ്രദമായി അത് തടഞ്ഞില്ല. അവരെ തടഞ്ഞിരുന്നുവെങ്കിൽ ഈ കുറ്റകൃത്യം നടക്കില്ലായിരുന്നു. ഈ ആളുകൾക്കും ഒരർത്ഥത്തിൽ ഈ കുറ്റകൃത്യത്തിൽ പങ്കാളിത്തമുണ്ട്.

എന്നെ സംബന്ധിച്ചേടത്തോളം കുറ്റവാളികളായ ഈ കൊച്ചു കൊലയാളികളും ഒരു തരത്തിൽ ഇരകളാണ്. അവർക്ക് ഈ കുറ്റകൃത്യങ്ങളിൽ പങ്കില്ലെന്നല്ല ഞാൻ അർത്ഥമാക്കുന്നത്. അവർക്ക് നല്ല രീതിയിലുള്ള മാതൃപിതൃ പരിചരണം ലഭിച്ചില്ല എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്.

ഈ കുറ്റകൃത്യം നടത്തിയ രണ്ടുപേരിൽ റോബർട്ട് തോപ്സൺ എന്ന കുട്ടിയാണ് നേതാവ്. ഏഴ് കുട്ടികളുള്ള ഒരു കുടുംബത്തിലെ അഞ്ചാമനാണ് റോബർട്ട്. അവന് ഒരു വയസ്സായപ്പോൾ പിതാവ് മാതാവിനെ ഉപേക്ഷിച്ചു. പിന്നീട് യാതൊരു ബന്ധവുമുണ്ടായില്ല. റോബർട്ടിന്റെ രണ്ട് അനുജന്മാർ മറ്റൊരാളിൽ പിറന്നതാണ്. മാതാവ് കുടുംബം പുലർത്താൻ വളരെ ബുദ്ധിമുട്ടി. അങ്ങനെ കടുത്ത മദ്യപാനിയായിത്തീർന്നു. അവരുടെ കുടുംബത്തിനകത്ത് മുതിർന്ന കുട്ടികൾ ഇളയവരെ പരസ്പരം ഭീഷണിപ്പെടുത്തി നിലക്ക് നിർത്തുന്ന ഒരു രീതി വളർന്നുവന്നു. റോബർട്ട് തന്റെ ഇളയവരായ രണ്ടുപേരെ ഇങ്ങനെ ഭീഷണിപ്പെടുത്തി പീഡിപ്പിച്ചായിരുന്നു കൈകാര്യം ചെയ്തിരുന്നത്. റോബർട്ടിന്റെ മാതാവ് അവന്റെ

ഇത്തരം സ്വഭാവദൂഷ്യം തീരെ ഗൗനിച്ചില്ല. ഈ കുട്ടി രാത്രി വൈകിയാണ് പലപ്പോഴും വീട്ടിലെത്താറുള്ളതെന്ന് അയൽവാസികൾ പറഞ്ഞു. റോബർട്ടിന്റെ മാതാവിനോട് ഇതേപ്പറ്റി പരാതി പറഞ്ഞിട്ടും അവരത് ശ്രദ്ധിച്ചില്ല. സ്കൂളിലും അവൻ ഒരു ശല്യക്കാരനായിരുന്നു.

സഹ കുറ്റവാളിയായിരുന്ന ജോൺ വെണ്ടി റബിളിന്റെ മാതാപിതാക്കന്മാരും വേർപിരിഞ്ഞു കഴിയുന്നവരായിരുന്നു. സ്കൂളിൽ കുഴപ്പക്കാരനും അച്ചടക്കമില്ലാത്തവനുമായിരുന്ന ജോൺ, അവൻ റോബർട്ടിന്റെ സ്കൂളിലേക്ക് മാറിച്ചേർന്നു. അവിടെ വെച്ച് അവർ രണ്ടുപേരും പരിചയപ്പെടുകയും ഉറ്റ ചങ്ങാതിമാരായിത്തീരുകയും ചെയ്തു.

ഈ കുട്ടികളെ കുറ്റകൃത്യത്തിലേക്ക് നയിച്ച പല വസ്തുതകളെപ്പറ്റിയും മാധ്യമങ്ങൾ വിശകലനം ചെയ്യുകയുണ്ടായി. പക്ഷേ, ചില കാര്യങ്ങൾ മാധ്യമങ്ങൾ വേണ്ടവിധം ചർച്ച ചെയ്തിട്ടില്ല എന്ന് എനിക്ക് അഭിപ്രായമുണ്ട്. അതായത് കുട്ടികൾക്ക് മാതാപിതാക്കന്മാരുടെ പരിചരണവും അതോടൊപ്പം കുട്ടികളിൽ സ്വയം ഉണ്ടായിത്തീരേണ്ട വ്യക്തിത്വത്തെ സംബന്ധിച്ചുമായിരുന്നു അത്. ഇവിടെയാണ് ദുരന്തത്തിന്റെ യഥാർത്ഥ കാരണം സ്ഥിതിചെയ്യുന്നതെന്ന് ഞാൻ കരുതുന്നു.

മനഃശാസ്ത്രത്തെ സംബന്ധിച്ച എല്ലാ ചിന്താധാരകളും അഭിപ്രായപ്പെടുന്നത്, കുട്ടികളിൽ സ്വഭാവരൂപീകരണം അഥവാ അഹംബോധം വളരെ ചെറുപ്പത്തിൽ തന്നെ സംഭവിക്കുന്നു എന്നാണ്. ചിലർ പറയുന്നത് ജനനത്തിന് മുമ്പ് തന്നെ അത് സംഭവിച്ചിരിക്കുമെന്നാണ്. ഈ അഹംബോധ രൂപീകരണത്തെ സംബന്ധിച്ച് ശിശുക്കൾ സ്വയം ബോധവാന്മാരായിക്കൊള്ളണമെന്നില്ല. ചില മനഃശാസ്ത്രജ്ഞന്മാരുടെ അഭിപ്രായപ്രകാരം ഭാഷ സംസാരിക്കാൻ ആരംഭിക്കുന്നത് മുതലാണ് അഹംബോധം ശിശുക്കളിൽ സംജാതമാകുന്നതെന്നാണ്. സ്റ്റേർണ്ട് എന്ന മനഃശാസ്ത്രജ്ഞന്റെ അഭിപ്രായപ്രകാരം ശിശു ഭാഷ പഠിക്കുന്നതിന് വളരെ മുമ്പ് തന്നെ ഈ ആത്മനിഷ്ഠാപരമായ അഹംബോധം കുട്ടികളിൽ ഉണ്ടാവുന്നു എന്നാണ്. ഒരു ശിശുവിനെ സംബന്ധിച്ച് പണ്ട് ഉണ്ടായിരുന്ന പല സങ്കല്പങ്ങളും ഇന്ന് മാറിക്കൊണ്ടിരിക്കുന്നു. അതായത് വളരെ ശൈശവഘട്ടത്തിൽ തന്നെ ശിശു പല സ്വഭാവങ്ങളും ആർജിക്കുകയും ബോധപൂർവ്വം പല പ്രവൃത്തികളും ചെയ്യുകയും ചെയ്യുന്നു എന്നാണ് ആധുനിക മനഃശാസ്ത്രം പറയുന്നത്. ദുഃഖം, ദേഷ്യം, സന്തോഷം എന്നീ വികാരങ്ങളെല്ലാം മുതിർന്നവർക്ക് അനുഭവപ്പെടുന്ന അളവിൽ തന്നെയാണ് ശിശുക്കൾക്കും അനുഭവപ്പെടുന്നത്.

ചുരുക്കത്തിൽ, മനുഷ്യശിശു നന്നെ ചെറുപ്പത്തിൽ തന്നെ അവന്റെ ലോകം തിരിച്ചറിയുകയും അതിന്റെ സ്വാധീനത്തിൽ അവൻ പ്രവർത്തിച്ചുതുടങ്ങുകയും ചെയ്യുന്നു. ചെറുപ്പത്തിൽ തന്നെ അവനുമായി ഇടപഴകുന്ന സാഹചര്യമാണ് അവനിൽ സ്വയം തിരിച്ചറിവും വ്യക്തിത്വവും ധാർമ്മിക മൂല്യങ്ങളും രൂപീകരിക്കപ്പെടാൻ സഹായിക്കുന്നത്. ശിശുവിന്റെ ലോകം രൂപപ്പെട്ടുവരുന്ന ഈ ഘട്ടത്തിൽ അവനോട് ഏറ്റവും അടുത്ത് നിന്ന് പെരുമാറുന്ന വ്യക്തികൾ അവന്റെ മാതാപിതാക്കന്മാരാണ്. അതുകൊണ്ട് മാതാപിതാക്കന്മാർക്ക് ഒരു ശിശുവിന്റെ വ്യക്തിത്വ പെരുമാറ്റ രൂപീകരണത്തിലുള്ള സ്ഥാനം വമ്പിച്ചതാണ്. ഫ്രോയ്ഡിന്റെ വ്യക്തിത്വരൂപീകരണത്തിന്റെ മനഃശാസ്ത്ര സിദ്ധാന്തമനുസരിച്ച് മാതാപിതാക്കന്മാരുടെ ധാർമ്മിക മൂല്യങ്ങളാണ് ശിശുവിന്റെ വ്യക്തിത്വം രൂപീകരണത്തെ സ്വാധീനിക്കുന്നത്.

നമ്മുടെ ഓരോരുത്തരുടേയും വ്യക്തിത്വ രൂപീകരണത്തിൽ മാതാപിതാക്കന്മാരുടെ പങ്ക് ഏറ്റവും നിർണ്ണായകമാണ്. അതാണ് ഒരു വ്യക്തിയെ നന്മയിലേക്കും നാശത്തിലേക്കും നയിക്കുന്നതിൽ വലിയ സ്വാധീനമുണ്ടാക്കുന്നത്. മേൽ പ്രസ്താവിച്ച ജയിംസ് ബൾഗർ എന്ന കൊച്ചുകുട്ടിയുടെ കൊലപാതകത്തിലേക്ക് നയിച്ച കുറ്റകൃത്യം ആ പാതകം ചെയ്ത കുട്ടികളിൽ രൂപപ്പെടുത്തിയതിൽ മാതാപിതാക്കളുടെ പങ്ക് വളരെ നിർണ്ണായകമാണ്. കുട്ടികളെ വളർത്തുന്നതിൽ മാതാപിതാക്കന്മാർക്ക് ഇസ്‌ലാമിൽ നിന്നും ലഭിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് നമുക്ക് പരിശോധിക്കാം.

ഖുർആൻ പറയുന്നു:

***"വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നാളേക്കുവേണ്ടി താനൊരുക്കിവെച്ചിട്ടുള്ളത് എന്തെല്ലാമാണെന്ന് ഓരോ ആത്മാവും ചിന്തിച്ചുനോക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവൃത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാകുന്നു."*** (59:19).

ഇവിടെ ഖുർആൻ മാതാപിതാക്കന്മാരോട് പറയുന്നത്, അവർ തങ്ങളുടെ സന്താനങ്ങളോടുള്ള ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടാൽ അശക്തരായ ഒരു തലമുറയെ സൃഷ്ടിക്കുകയായി

രിക്കും അതിന്റെ ഫലം എന്നാണ്. ഇതിനെ സംബ ന്ധിച്ച് മാതാപിതാക്കൾ ചോദ്യം ചെയ്യപ്പെടുമെന്നാണ് ഖുർആൻ ഇവിടെ വ്യക്തമാക്കുന്നത്.

***“നിങ്ങൾ അറിഞ്ഞു കൊള്ളുക, തീർച്ചയായും നിങ്ങളുടെ സമ്പത്തും സന്തതികളും പരീക്ഷണോ പാധികൾ മാത്രമാണ്. അല്ലാഹുവിന്റെ പക്കൽ തന്നെയാണ് മഹത്തായ പ്രതിഫലമുള്ളത്”*** (8:29).

ഈ വചനങ്ങൾ എന്താണ് നമ്മോട് പറയുന്നത് അതായത്, നമ്മുടെ ആത്മശുദ്ധീകരണത്തിനുള്ള ഒരു പരീക്ഷണോപാധിയാണ് സന്താനങ്ങൾ എന്നാണ്. അവരിലൂടെ മനുഷ്യസമുദായത്തിനും മതത്തിന്നും വേണ്ടി നാം ത്യാഗങ്ങൾ അർപ്പിക്കുന്നു. കുട്ടികളെ സമൂഹത്തേയും ജനങ്ങളേയും സേവിക്കുന്നവരായി വളർത്തിയെടുക്കുക എന്നത് മഹത്തായ ഒരു കൃത്യവും വെല്ലുവിളിയുമാണ്. ഇതിൽ നാം വിജയി ക്കുകയാണെങ്കിൽ നമുക്ക് ദൈവപ്രീതി കരസ്ഥമാ ക്കാൻ സാധിക്കും. ഖുർആൻ പറയുന്നു:

***“ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല്ലരുത്. അവർക്കും നിങ്ങൾക്കും നാമാ ണ് ആഹാരം നൽകുന്നത്. തീർച്ചയായും അവരെ കൊല്ലുന്നത് ഗുരുതരമായ പാപമാകുന്നു”*** (17:32)

സാമ്പത്തിക ഭാരം ഭയന്നുകൊണ്ട് കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം നൽകുന്നതിലോ അവരെ വളർത്തുന്നതിലോ അലംഭാവം കാട്ടുന്നവരെ ഇവിടെ ഖുർആൻ അപലപിക്കുകയും അത്തരം പ്രവർത്തന ങ്ങൾ കുട്ടികളെ കൊല്ലുന്നതിന് തുല്യമാണെന്നും ഉണർത്തുകയുമാണ് ചെയ്യുന്നത്. ഈ വചനം പെൺ ശിശുഹത്യയെക്കുറിച്ചല്ല പറയുന്നത്. ആളുകൾ തങ്ങ ളുടെ കുഞ്ഞുങ്ങൾക്ക് ആവശ്യമായ ഭക്ഷണമോ വസ്ത്രമോ നൽ കാതെ കൊല്ലാറുണ്ട്. ചിലർ ശരിയായ വിദ്യാഭ്യാസം നൽകാതെ അവരെ ധൈഷണികമായും ധാർമ്മികമായും വധിക്കുന്നു. അതുകൊണ്ട് ശാരീരി കമായും ധാർമ്മികമായും ആരോഗ്യത്തോടും കൂടി മാന്യവും വിജയകരവുമായ ജീവിതം നയിക്കാൻ അവരെ സുസജ്ജമാക്കേണ്ടത് മാതാപിതാക്കന്മാരുടെ കർത്തവ്യമാണ്.

ഈ വചനങ്ങളിൽ നിന്നും വ്യക്തമാവുന്നത്, സന്താനങ്ങളുണ്ടാവുക എന്നത് ദൈവത്തിന്റെ അപാ രമായ ഒരനുഗ്രഹമാണെന്നാണ്. അവരെ നല്ല നില യിൽ വളർത്തി ദൈവത്തിന്റെ പ്രീതി സമ്പാദിക്കാൻ നമുക്ക് അത് വഴി സാധിക്കുന്നു. കുട്ടികളെ വളർത്തി വലുതാക്കുക എന്ന ഈ മഹൽകൃത്യത്തിന് നമുക്ക് അല്ലാഹുവിന്റെ സഹായം ലഭ്യമാകുന്നതാണ്. എങ്ങ നെയാണ് നാം നമ്മുടെ കുഞ്ഞുങ്ങളെ ആത്മാഭിമാന മുള്ളവരും അടിസ്ഥാന ധാർമ്മികമൂല്യങ്ങളിൽ വിശ്വ സിക്കുന്നവരുമായി വളർത്തിയെടുക്കുന്നത്?

റസൂൽ തിരുമേനി(സ) പറഞ്ഞു;

***“സന്താനങ്ങളെ ഏറ്റവും നന്നായി വളർത്തു ന്നതിനേക്കാൾ വലിയ സമ്മാനം ഒരു പിതാവും തന്റെ സന്താനങ്ങൾക്ക് നൽകുന്നില്ല.”***

ഒരു കുരുന്ന് തന്റെ ചുറ്റുപാടുകളിൽ നിന്നും വിശിഷ്യാ മാതാപിതാക്കളിൽ നിന്നും എങ്ങനെയാണ് കാര്യങ്ങൾ പഠിക്കുന്നത് എന്ന് മനഃശാസ്ത്രജ്ഞന്മാർ തെളിയിച്ചിട്ടുണ്ട്. മാതാപിതാക്കന്മാരുടെ ഭാഗത്ത് നിന്നുള്ള ഏതൊരു ചെറുചലനത്തെപ്പറ്റിയും കുട്ടികൾ ജാഗരൂകരാണ്. പിതാക്കന്മാർ ഒരു കാര്യം പറയുകയും അതിന് വിപരീതമായി പ്രവർത്തിക്കുകയും ചെയ്യു മ്പോൾ ഈ കാപട്യത്തെക്കുറിച്ച് കുട്ടി മനസ്സിലാക്കു ന്നു. അതുകൊണ്ട് കുട്ടികൾക്ക് മുമ്പിൽ മാതൃകാജീ വിതം നയിക്കേണ്ടതിനെ സംബന്ധിച്ച് മാതാപിതാക്ക ന്മാർ ബോധവാന്മാരായിരിക്കണം. ഈ ഖുർആൻ വച നം നമ്മുടെ ഓർമ്മയിൽ എപ്പോഴുമുണ്ടായിരിക്കണം.

***‘ഞങ്ങളെ സത്യവിശ്വാസികൾക്ക് ഒരു മാതൃ കയാക്കേണമേ’*** (25:75)

നമ്മുടെ കുട്ടികൾക്ക് ഏതൊരു മാതൃകയാണ് നാം നൽകേണ്ടത്?

***‘വല്ലവരും അല്ലാഹുവിനേയും ഈ ദൈവദൂ തനേയും അനുസരിക്കുന്നതായാൽ അവർ അല്ലാ ഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാ ക്കൾ, രക്തസാക്ഷികൾ, സദ്വൃത്തന്മാർ എന്നിവ രുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ’*** (4:70)

സത്യസന്ധത എന്നതാണ് കുട്ടികൾക്ക് നാം പഠി പ്പിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു ഗുണം. സത്യം പാലിക്കണമെന്ന ബോധം കുട്ടികൾക്കുണ്ടെ ങ്കിൽ ജീവിതയാഥാർത്ഥ്യങ്ങൾ നേരായ രീതിയിൽ ധൈര്യപൂർവ്വം നേരിടാൻ അവർക്ക് കഴിയുന്നു. മാതാ പിതാക്കന്മാർ ഇക്കാര്യത്തിൽ സൂക്ഷ്മമായ സ്വഭാവ മാതൃക കാഴ്ചവെക്കേണ്ടതുണ്ട്. വാക്കും പ്രവൃത്തി യും തമ്മിൽ വൈരുദ്ധ്യമുണ്ടെങ്കിൽ അത് കുട്ടികളിൽ നിഷേധാത്മകമായ പ്രതികരണമായിരിക്കും സൃഷ്ടി ക്കുക.

പ്രാർത്ഥനയിലൂടെ ആത്മവിശ്വാസം വളർത്തിയെ ടുക്കാൻ മാതാപിതാക്കന്മാർ കുട്ടികളെ പരിശീലിപ്പി

*(ശേഷം 23-ൽ)*

എം. മുബാറക്ക് അഹ്മദ് കരുനാഗപ്പള്ളി

ലേഖനം

# ദൃശ്യാദൃശ്യ യാഥാർത്ഥ്യങ്ങൾ

## പ്രപഞ്ച വിസ്മയങ്ങളിലേക്കും ഭൗതികപ്രതിഭാസങ്ങളിലേക്കും ഖുർആൻ സൂക്തങ്ങളുടെ അടിസ്ഥാനത്തിൽ ഒരെത്തിനോട്ടം

വിശുദ്ധ ഖുർആൻ ആരംഭിക്കുന്നത് ***'സർവ്വസ്തുതിയും സർവ്വപ്രപഞ്ചങ്ങളുടെയും സ്രഷ്ടാവായ അല്ലാഹുവിനാണ്'*** എന്നു പ്രസ്താവിച്ചുകൊണ്ടാണ് (1:2). പ്രപഞ്ചം എന്നതിന്റെ ബഹുവചനമായ പ്രപഞ്ചങ്ങൾ എന്ന പദം ഇവിടെ ശ്രദ്ധേയമാണ്. അതായത് ദൈവത്തെയും ദൈവം സൃഷ്ടിച്ച സർവ്വ വസ്തുക്കളെയും അറിയുവാൻ ഉപകരിക്കുന്നതെല്ലാം ഈ പദത്തിന്റെ വ്യാഖ്യാനത്തിൽ വരും. സത്യവിശ്വാസികളുടെയും സൽകർമ്മികളുടെയും ലക്ഷണമായി അടുത്ത അദ്ധ്യായത്തിൽ ആദ്യം തന്നെ പറയുന്നു. ***'അവർ അദൃശ്യ (യാഥാർത്ഥ്യ)ങ്ങളിൽ വിശ്വസിക്കുന്നവരാണെന്ന്'*** (2:4)

വിശുദ്ധ ഖുർആൻ പല ഭാഗത്തും ഏഴു പ്രപഞ്ചങ്ങളെ പടിപടിയായി സൃഷ്ടിച്ചിരിക്കുന്ന കാര്യം പ്രസ്താവിക്കുന്നുണ്ട്!

ഏഴ് എന്നത് എണ്ണമറ്റത് എന്ന അർത്ഥത്തിൽ അറബിഭാഷയിൽ പ്രയോഗിക്കാറുണ്ട്. തട്ടുതട്ടായി, പരസ്പരം ബന്ധിപ്പിച്ച നിലയിൽ തമ്മിൽ ഇണക്കികൊണ്ട് എന്നും അർത്ഥം പറയാറുണ്ട്. അതായത് പ്രപഞ്ചങ്ങളുടെ സൃഷ്ടിപ്പിൽ ഏതെങ്കിലും ഒരു പോരായ്മയോ അധികപ്പറ്റോ ഇല്ലാതെ പരസ്പരം യോജിക്കുന്ന നിലയിൽ സൃഷ്ടിച്ചിരിക്കുന്നതായി അനുഭവപ്പെടും എന്നു സാരം.

### അക്ഷയഭക്ഷ്യം

ഏഴിന്റെ പ്രയോഗത്തിന്റെ പ്രത്യേകത മനസ്സിലാക്കുവാൻ ഖുർആനിലെ മറ്റൊരു സൂക്തം ചൂണ്ടിക്കാണിക്കുകയാണ്. *'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പണം ചെലവഴിക്കുന്നവരുടെ ഉപമ (ഭൂമിയിൽ നടുന്ന) ഒരു ധാന്യമണിയുടേതു പോലെയാകുന്നു. അത് ഏഴു കതിരുകളെ ഉല്പാദിപ്പിച്ച്, ഓരോ കതിരിലും നൂറുമണികൾ വീതം ഉണ്ടായിരിക്കുകയും ചെയ്യും. അല്ലാഹു ഉദ്ദേശിക്കുന്നവർക്കു അവൻ (ഇതിനെക്കാൾ) ഇരട്ടിയായി നല്കുന്നതാണ് അല്ലാഹു ഔദാര്യവാനും സർവ്വജ്ഞനുമാകുന്നു* (2:262).

ഒരു വിത്തിൽ നിന്നും ഏഴുനൂറ് ഇരട്ടിയും ആവശ്യമായി വന്നാൽ അതിന്റെയും ഇരട്ടി ഗുണിതങ്ങൾ അഥവാ കണക്കറ്റ അളവിൽ എന്നു സാരം.

കൃഷി ശാസ്ത്രജ്ഞന്മാർ ജനിതകശാസ്ത്രത്തിന്റെ സഹായത്തോടെ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉണ്ടാക്കുന്നതിൽ പല പരീക്ഷണങ്ങളും നടത്തികൊണ്ടിരിക്കുന്ന കാലമാണല്ലോ ഇത്. ഈ ജൈവസാങ്കേതിക വിദ്യ പുതിയ മാനങ്ങൾ തേടുകയാണ്. ഇന്നത്തേതിനേക്കാൾ സമൃദ്ധമായ ഫലമെടുപ്പ് സാധ്യമാവുന്ന വിത്തിനങ്ങളിലേക്കും കാർഷിക രംഗത്തെ ജനിതക സാങ്കേതികവിദ്യയിലേക്കുമാണ് ഈ വചനം വിരൽ ചൂണ്ടുന്നത്. പരിസ്ഥിതിക്ക് ക്ഷതമേൽപ്പിക്കാത്ത സുസ്ഥിര, കാർഷിക വികസനം ആധുനികശാസ്ത്രത്തിന് സാധ്യമാക്കാവുന്നതാണ്.

ഒരു ധാന്യമണിയിൽ നിന്നും എഴുന്നൂറോ, ഏഴായിരമോ, എഴുപതിനായിരമോ അതിലധികമോ നെല്ലോ ഗോതമ്പോ ലഭിച്ചാൽ പിന്നെ ഭക്ഷ്യക്ഷാമം എന്നൊന്ന് ഉണ്ടാവുമോ? അതുകൊണ്ടാണ് സ്രഷ്ടാവ് പറയുന്നത് 'നാം ആണ് നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്. നാം ആണ് നിങ്ങൾക്ക് ഭക്ഷണം നൽകുന്നത്. 'ഖുർആൻ സൂചിപ്പിച്ചിരിക്കുന്ന ഈ വിദ്യകൾ നടപ്പിൽ വന്നാൽ ഒരു നാളിൽ അതു സംഭവിക്കുക തന്നെ ചെയ്യും. ഭക്ഷ്യദൗർലഭ്യം എന്ന കാരണത്താൽ ജനസംഖ്യാനിയന്ത്രണം ആവശ്യമാണെന്ന് മുറവിളി കൂട്ടുന്നവർ മറിച്ചൊന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മഹാകവി കുഞ്ചൻ

നമ്പ്യാർ പാടിയത് പോലെ

'ശാസ്ത്രം കൊണ്ടും ദുർഗ്രാഹം, കിന
ഗാത്രം പൂണ്ട ദിനേശനവർക്കൊരു
പാത്രം ദാനം ചെയ്ക വിശേഷം
മാത്രം കേട്ടു മഹീസുരവരരെ!'

(പ.ച.തു.)

## ടെലി ട്രാൻസ്പോർട്ടിങ്ങ്

ചരക്കുകൾ വാഹനത്തിൽ കയറ്റി ഒരു സ്ഥലത്തു നിന്നും മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്ന രീതിയെയാണല്ലോ ട്രാൻസ്പോർട്ടിങ്ങ് എന്നു വിളിക്കുന്നത്. ഇതിനു പകരം ടെലിട്രാൻ സ്പോർട്ടിങ്ങ് സമ്പ്രദായം നടപ്പിൽ വരുത്തുന്ന ഉപായങ്ങൾ കണ്ടുപിടിക്കുവാനുള്ള ശ്രമത്തിലാണ് ശാസ്ത്രജ്ഞന്മാർ. ചെറുതോ വലുതോ ആയ അളവിലുള്ള ഏതു സാധനങ്ങളെയും എത്ര ദൂരത്തേയ്ക്കും അയക്കുകയോ വരുത്തുകയോ ചെയ്യുന്നതിന് സാധനങ്ങളെ അതിന്റെ സൂക്ഷ്മകണങ്ങളാക്കി മാറ്റുകയും ആ സാധനങ്ങൾ ലഭിക്കേണ്ട സ്ഥലത്ത് പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്ന വിദ്യയാണ് ടെലി ട്രാൻസ്പോർട്ടിങ്ങ്.

വിശുദ്ധ ഖുർആനിലെ 'നംല്' എന്ന അദ്ധ്യായത്തിലെ 39 മുതൽ 41 വരെയുള്ള സൂക്തങ്ങൾ ശ്രദ്ധിക്കുക.

*'സുലൈമാൻ (നബി) ചോദിച്ചു:' 'പ്രധാനികളെ അവർ (ബിൽക്കീസ് രാജ്ഞി) എന്റെ അടുക്കൽ കീഴടങ്ങികൊണ്ടുവരുന്നതിനു മുൻപ് നിങ്ങളിൽ ആരാണ് അവളുടെ സിംഹാസനം എനിക്ക് കൊണ്ടുതരിക (27:39) 'മലമ്പ്രദേശവാസികളിൽ നിന്നുള്ള ശക്തനായ ഒരാൾ പറഞ്ഞു. താങ്കൾ ഈ സ്ഥാനത്തുനിന്നും പോകുന്നതിന് മുമ്പേ അതു ഞാൻ താങ്കൾക്കു കൊണ്ടുവന്നുതരാം. ഞാൻ ശക്തനും വിശ്വസ്തനുമാണ്' (27:40).* അതിനു സമയം എടുക്കുമല്ലോ. ഈ സമയതടസ്സം മറികടക്കുന്ന രീതിയിൽ സിംഹാസനത്തിന്റെ വിസ്ഥാപനം സാധ്യമാക്കിത്തരാമെന്ന തത്വത്തിലേക്കാണ് അടുത്ത വചനം വിരൽചൂണ്ടുന്നത്. *(അപ്പോൾ) ഗ്രന്ഥങ്ങളിൽ നിന്നുള്ള ഈ അറിവ് കരസ്ഥമാക്കിയ ഒരാൾ പറഞ്ഞു. താങ്കൾ കണ്ണടച്ചു തുറക്കുന്നതിനു മുമ്പേ (ഇഷ്ടപ്പെടുന്ന നേരത്തിനുള്ളിൽ) ഞാൻ അതു താങ്കൾക്കു കൊണ്ടുവന്നുതരാം. അങ്ങനെ സുലൈമാൻ അതു തന്റെ മുൻപിൽ വച്ചിരിക്കുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇത് എന്റെ നാഥന്റെ അനുഗ്രഹത്തിൽ നിന്നുള്ളതാണ്"…. (27:41).* ഇതുതന്നെയല്ലേ ടെലിട്രാൻസ്പോർട്ടിങ്ങ്?

ഗ്രന്ഥങ്ങളിൽ നിന്ന് അറിവ് കരസ്ഥമാക്കിയ ആൾ എന്നതിൽ നിന്ന് ഈ വിദ്യ സ്വായത്തമാക്കിയ ആൾ എന്നു വ്യക്തം. സുലൈമാൻ നബി(അ) ജീവിച്ചിരുന്ന കാലത്തു പല ശാസ്ത്ര സാങ്കേതികവിദ്യകളും നടപ്പിലുണ്ടായിരുന്നു. ഒന്നുകിൽ അക്കാലത്തെ മനുഷ്യർ നടപ്പിൽ വരുത്തിയിരുന്ന വിദ്യകളായിരുന്നിരിക്കും ഇവകൾ. അല്ലെങ്കിൽ ഈ ദൃശ്യകാര്യങ്ങളും ഇതിലുപരിയായ പല കാര്യങ്ങളും പ്രയോഗത്തിൽ വരുത്താൻ മനുഷ്യന് കഴിയുമെന്ന് ഖുർആൻ ചൂണ്ടികാണിച്ചുതരികയില്ല.

എന്നെങ്കിലും ഒരു നാളിൽ ടെലിട്രാൻസ്പോർട്ടിങ്ങ് നടപ്പിൽ ആയാൽ അന്ന് വിശ്വാസികൾക്കു അഭിമാനിക്കാം. ഇതുവരെ പുലർന്നു കഴിഞ്ഞിട്ടുള്ള ക്ലോണിങ്ങ് ഉൾപ്പെടെയുള്ള പല സംഗതികളും 1400 വർഷങ്ങൾക്കു മുമ്പേ ഖുർആനിൽ ഇതിന്റെയെല്ലാം തത്വസാരങ്ങൾ സംക്ഷേപിതമായിട്ടുണ്ട്. എന്ന് സൂക്ഷ്മദൃക്കുകൾക്ക് മനസ്സിലാക്കാം.

കാലത്തിന്റെ ആവശ്യത്തിന് അനുസരിച്ച് ഇനിയും പല മേഖലകളിലും മനുഷ്യൻ അത്ഭുതകരമായ പല നേട്ടങ്ങളും കൈവരിക്കും എന്നാണ് ഖുർആൻ സൂക്തം മനസ്സിലാക്കിതരുന്നത്. അതിൽ ഒന്നാണ് ഇപ്പോൾ പ്രചാരത്തിലുള്ള മൊബൈൽ ഫോൺ. നാലു ലോഹവരകളുള്ള സിംകാർഡിലൂടെ എന്തെല്ലാം കാര്യങ്ങളാണ് സാധിക്കാൻ കഴിയുന്നത്. അതുകൊണ്ടുള്ള ദോഷങ്ങളും ദുരുപയോഗങ്ങളും നടപ്പിൽ വന്നു തുടങ്ങി. ഇനി രോഗങ്ങളാണ് വരാനുള്ളത്. കുറച്ചു നാളുകൂടി കാത്തിരുന്നാൽ അസുഖങ്ങളും വന്നുതുടങ്ങും. ദോഷങ്ങളെല്ലാം മനുഷ്യൻ സ്വയം വരുത്തുന്ന വിനകളാണല്ലൊ.

## പ്രപഞ്ചത്തിലൂടെ

'സർവ്വലോക പരിപാലകൻ എന്നാൽ എന്ത് എന്ന ഫിർഔന്റെ ചോദ്യത്തിനുത്തരമായി (26:24-25) അല്ലാഹു പറഞ്ഞിരിക്കുന്നത് പ്രപഞ്ചഭൂമികളുടെയും അവയ്ക്കിടയിലുള്ള വസ്തുക്കളുടെയും പരിപാലകനാണ് എന്നാണ്.

ഏറ്റവും ആധുനിക സജ്ജീകരണങ്ങളുള്ള ദൂരദർശിനികളുടെ സഹായത്താൽ ഇന്ന് പ്രപഞ്ചത്തിന്റെ വിദൂരമേഖലകളിലുള്ള അതായതു 4650 കോടി പ്രകാശവർഷം അകലെ വരെയുള്ള (ഒരു പ്രകാശവർഷം എന്നത് 9.5 ലക്ഷം കോടി കിലോ മീറ്റർ) നക്ഷത്രങ്ങൾ, നെബുലകൾ, വാതകമേഘങ്ങൾ, ക്വാസാറുകൾ തുടങ്ങി ഗാലക്സികളെതന്നെ സൃഷ്ടിക്കാൻ മാത്രം വലു

പ്പമേറിയ വസ്തുവകകൾ ഉൾപ്പെടെ ഒട്ടേറെ പദാർത്ഥങ്ങളെ ശാസ്ത്രം കാണുകയും അറിയുകയും ചെയ്തു. ഒടുവിൽ ജ്യോതിശാസ്ത്രജ്ഞന്മാർക്കു ഒരു കാര്യം ബോധ്യമായി. കോടാനുകോടി ഭീമൻ നക്ഷത്രങ്ങളും മറ്റു ദൃശ്യപദാർത്ഥങ്ങളുമായി നില്ക്കുന്ന കോടാനുകോടി ഗാലക്സികളിലും മറ്റുമായി നാം കാണുകയും അറിയുകയും ചെയ്തത് നമ്മുടെ ഈ ഒരു ഒറ്റപ്രപഞ്ചത്തിന്റെ ആകെ പിണ്ഡത്തിന്റെ വെറും 4 ശതമാനം മാത്രമാണെന്ന സത്യം. (സാധാരണ ബാരിയോണിക് പദാർത്ഥം) ബാക്കി 22 ശതമാനം തമോദ്രവ്യവും 74 ശതമാനം തമോ ഊർജ്ജവും ആണെന്ന്. അതായത് പ്രപഞ്ചത്തിന്റെ സിംഹഭാഗവും എന്താണെന്ന് നമുക്കു അറിയാൻ കഴിയാത്തവിധം തമസ്കരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യനിർമ്മിതമോ പ്രകൃതിദത്തമോ ആയ ഒരു പദാർത്ഥത്തോടും ഇന്നേവരെ പ്രതികരിക്കാത്തതിനാൽ അവിടെ എന്താണുള്ളത് എന്ന് മനുഷ്യന് അറിയാൻ കഴിയാത്ത അദൃശ്യയാഥാർത്ഥ്യമായി നിലനില്ക്കുന്നു.

കാണാദ്രവ്യം (Missing matter) തമോ ഊർജ്ജം (Dark energy) എന്നീ കെട്ടുകഥകളെ ആശ്രയിച്ച് ശാസ്ത്രം ആശ്വസിക്കുകയാണെന്ന് അഭിപ്രായപ്പെടുന്ന ശാസ്ത്രജ്ഞന്മാരും ഉണ്ട്. ഇതിനെപ്പറ്റി കണികാഭൗതികത്തിൽ നിരവധി പ്രമേയങ്ങൾ ചർച്ച ചെയ്യപ്പട്ടിട്ടുണ്ടെങ്കിലും സ്വീകാര്യമായ ഒരഭിപ്രായം ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഇതുവരെ ഉണ്ടായിട്ടില്ല. അതായത് നാം കാണുകയും അറിയുകയും ചെയ്യുന്ന പ്രപഞ്ചഭാഗങ്ങളെക്കാൾ എത്രയെത്ര മടങ്ങു വലുതാണ്. നമുക്കറിയാനും കാണാനും കഴിയാത്ത പ്രപഞ്ചഭാഗങ്ങൾ എന്നു വ്യക്തമായിരിക്കുന്നു.

## ദൃശ്യപ്രപഞ്ചത്തിലേക്ക് ഒരെത്തിനോട്ടം

അല്ലാഹു ഒരു അണുവിനെ തുറന്നുവിട്ടുകൊണ്ട് ഒരു മഹാപ്രപഞ്ചം സൃഷ്ടിച്ചു (വി.ഖു. 21:31). അങ്ങനെ എണ്ണമറ്റ പ്രപഞ്ചങ്ങൾ വേറെയും. ഒരു പ്രപഞ്ചത്തിലുണ്ടായിരുന്ന സർവ്വ വസ്തുക്കളെയും കടലാസുചുരുട്ടുംപോലെ ചുരുട്ടി ചുരുക്കി ഒരു വൈചിത്ര്യബിന്ദുവിൽ അതീവ സാന്ദ്രമായ ഒരു സിങ്കുലാരിറ്റിയിൽ - (രത്ഖൻ) എത്തിക്കുകയും പിന്നീട് അതിനെ പിളർത്തി (ഫത്ഖൻ) പ്രപഞ്ചസൃഷ്ടി ആവർത്തിക്കുകയും ചെയ്തു. ആരംഭിക്കുകയല്ല, ആവർത്തിക്കുകയാണുണ്ടായത് എന്നു പ്രത്യേകം ശ്രദ്ധിക്കുക. പ്രപഞ്ചസൃഷ്ടിയുടെ ആരംഭം പിറകെ വിശദീകരിക്കുന്നുണ്ട്. ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇപ്രകാരം ഓരോ പ്രാവശ്യവും പ്രപഞ്ചം ജന്മമെടുക്കുമ്പോഴും അത് അതിനു തൊട്ടുമുൻപുണ്ടായിരുന്ന പ്രപഞ്ചത്തിന്റെ തനിപ്പകർപ്പ് ആയിരിക്കുകയില്ല എന്ന വസ്തുതയാണ് ഖുർആൻ മനസ്സിലാക്കിത്തരുന്നത്. ഒരേ പ്രപഞ്ചത്തിന്റെ തന്നെ തനിപകർപ്പുകൾ ഉണ്ടാവുകയും ഇല്ലാതാവുകയും ഉണ്ടാവുകയും ചെയ്തുകൊണ്ടിരുന്നാൽ അത് എത്രയോ ആയിരം കോടി വർഷങ്ങൾക്കുശേഷം ആയിരുന്നാൽ പോലും വിരസമായ ഒരേർപ്പാട് ആയിരിക്കുമല്ലൊ.

ശാസ്ത്രജ്ഞന്മാരുടെ ഭാഷയിൽ പറഞ്ഞാൽ എൻട്രോപി (Entropy) എന്ന ഭൗതികശാസ്ത്രതത്വമാണ് മാറ്റത്തിനു കാരണം. തുടക്കം, വികാസം, ചുരുങ്ങൽ എന്നീ വഴികളിലൂടെ പ്രപഞ്ചം പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ അതിന് ഒരിക്കലും വീണ്ടെടുക്കുവാൻ കഴിയാത്ത കുറെ ദ്രവ്യം ഊർജ്ജരൂപേണ നഷ്ടപ്പെട്ടുപോകും. അതിനാൽ ഓരോ തവണ പ്രപഞ്ചം പൊട്ടിവിടരുമ്പോഴും അതിനു മുൻപുണ്ടായിരുന്നതിൽ നിന്നും കുറവും വ്യത്യാസവും സംഭവിക്കുന്നു. ഭൂമി ഓരോ തവണ സൂര്യനെ ചുറ്റി വരുമ്പോഴും ഒരു സാധാരണ വൈദ്യുതി ഹീറ്റർ പ്രവർത്തിക്കുന്നതിനാവശ്യമാത്ര അളവിൽ ഊർജ്ജം ഭൂമിയ്ക്കും നഷ്ടപ്പെടാറുണ്ട്! ഇങ്ങനെ എല്ലാ മേഖലകളിലും സംഭവിക്കുന്ന വ്യത്യാസങ്ങൾ പ്രപഞ്ചങ്ങളിലെ എല്ലാ ഭൂമികളിലുമുള്ള എല്ലാ ജീവജാലങ്ങൾക്കും മാറ്റങ്ങൾ ഉണ്ടാക്കും. ●

## ഓർക്കുക, അവസാന മടക്കം അല്ലാഹുവിലേക്ക്

"ഒരു ലക്ഷ്യവും കൂടാതെയാണ് നാം നിങ്ങളെ സൃഷ്ടിച്ചതെന്നും നിങ്ങൾ നമ്മുടെ അടുക്കലേക്ക് മടക്കിക്കൊണ്ടുവരപ്പെടുകയില്ലെന്നും നിങ്ങൾ കരുതുന്നുവോ? എന്നാൽ, യഥാർത്ഥ രാജാവായ അല്ലാഹു പരമോന്നതനാകുന്നു. അവനല്ലാതെ മറ്റൊരു ആരാധ്യനില്ല. ആദരണീയമായ സിംഹാസനത്തിന്റെ നാഥനുമാണവൻ."

***(വി. ഖുർആൻ 23:115-116)***

ലേഖനം

ജലാലുദ്ദീൻ കൽപേനി

# 'ത്വാരിഖി'ന്റെ കുതിരക്കുളമ്പടി ശബ്ദം വീണ്ടും !!!

## യൂറോപ്പിൽ ഇസ്‌ലാമിന്റെ ഉദയം അഹ്മദിയ്യാ ജമാഅത്തിലൂടെയാണ് സാധ്യമാകുക.

**1970** മെയ് 25. ലണ്ടനിൽ നിന്നും സ്പെയിനിലേക്ക് പറന്നുയർന്ന വിമാനം. വിമാനത്തിലിരുന്നുകൊണ്ട് മാഡ്രിഡിന്റെ പരിസരപ്രദേശങ്ങളിലൂടെ വിഹഗ വീക്ഷണം നടത്തിക്കൊണ്ടിരിക്കെ ഒരു വേള അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) മുഖംതിരിച്ചുകൊണ്ട് ചുറ്റുമുള്ളവരെ നോക്കി ചോദിച്ചു. "എനിക്കിവിടെ ത്വരിഖിന്റെ കുതിരക്കുളമ്പടി ശബ്ദം കേൾക്കുന്നു. നിങ്ങൾക്കോ?" കൂടെയുള്ളവർ എന്ത് മറുപടിയാണ് ഹുസൂറിന് നൽകിയതെന്നറിയില്ല. പക്ഷേ, 2010 ഏപ്രിൽ ആദ്യവാരത്തിൽ ക്രൈസ്തവരുടെ ഈറ്റില്ലമായ സ്പെയിനിലും രണ്ടാം വാരത്തിൽ പോപ്പിന്റെ ആസ്ഥാനമായ ഇറ്റലിയിലും റോമിലും വിജയകരമായ പര്യടനത്തിൽ നിന്നുയർന്ന് കേട്ട ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹ. മിർസാ മസ്റൂർ അഹ്മദി(അയ്യദഹു...)ന്റെ വാക്കുകൾ ലോകത്തിന്റെ വിവിധ കോണുകളിലിരുന്ന് ശ്രവിച്ച ജനകോടികൾ ഏറ്റുപറയും, "അതെ ഹുസൂർ; ഞങ്ങൾ കേൾക്കുന്നു ത്വാരിഖിന്റെ ആ കുതിരക്കുളമ്പടി ശബ്ദം!!"

ഖലീഫത്തുൽ മസീഹ് സാലിസി(റഹ്)ന്റെ പാദസ്പർശംകൊണ്ടനുഗൃഹീതമായ സ്പെയിനിൽ നീണ്ട 500 വർഷങ്ങൾക്കുശേഷം ഇസ്‌ലാമിക മിഷണറി പ്രവർത്തനത്തിന് തുടക്കമായി. അഹ്മദിയ്യത്തിന് ശോഭനമായ ഭാവി ആ മണ്ണിലുണ്ടാകുമെന്നതിന് ഹുസൂറിന് ഒരു സംശയവുമില്ല.

സ്പെയിനിൽ ക്രിസ്തീയ സ്വേച്ഛാധിത്യ ഭരണത്തിൽ മതസ്വാതന്ത്ര്യമുണ്ടായിരുന്നില്ല. എങ്കിലും ഇസ്‌ലാമിന്റെ വിനഷ്ടമായ പ്രതാപൈശ്വര്യങ്ങൾ വീണ്ടെടുക്കാനുള്ള യത്നത്തിൽ ഖലീഫത്തുൽ മസീഹ് സാനി മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) മലിക്ക് മുഹമ്മദ് ശരീഫ് സാഹിബിനെ 1936-ൽ മിഷണറിയായി സ്പെയിനിലേക്കയച്ചെങ്കിലും യുദ്ധം മൂർച്ഛിച്ചതിനാൽ അദ്ദേഹത്തിന് തിരിച്ചു വരേണ്ടി വന്നു. പത്ത് വർഷം കഴിഞ്ഞ് 1946 ജൂൺ 10-നു മൗലവി കറം ഇലാഹി സഫർ സാഹിബിനെ ഹുസൂർ സ്പെയിനിലേക്കയക്കുകയായിരുന്നു. മൗലവി സാഹിബുമായി ഒരിക്കൽ മുലാഖാത്തിന് അവസരം ലഭിച്ചപ്പോൾ ഈ ലേഖകൻ അദ്ദേഹത്തിന്റെ സ്പെയിനിലെ അന്നത്തെ അവസ്ഥയെക്കുറിച്ചറിയാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഖലീഫത്തുൽ മസീഹ് സാനി(റ) കുറച്ച് പണവും ദീർഘമേറിയ ദുആയോടും കൂടിയായിരുന്നു തന്നെ സ്പെയിനിലേക്ക് യാത്രയാക്കിയത്. അന്ന് ജമാഅത്തിന് ഇന്നത്തെപ്പോലെ ആളും അർത്ഥവുമുണ്ടായിരുന്നില്ല. സ്പെയിനിലേക്ക് ശമ്പളം അയച്ചുകൊടുക്കാൻ ആവുമായിരുന്നില്ല. സുജൂദുകൾ ദീർഘ ദുആകൾ കൊണ്ട് സജീവമാക്കി. ജീവിക്കാൻ എന്തെങ്കിലും മാർഗ്ഗം വേണം. അതൊരിക്കലും തന്റെ പ്രവർത്തനത്തെ ബാധിക്കുന്നതുമാകരുത്. അത്തർ വാങ്ങി ചെറിയ കുപ്പികളിലാക്കി തെരുവീഥികളിലെ അത്തർ വിൽപ്പനക്കാരനായി. അതിൽ നിന്ന് കിട്ടുന്ന തുച്ഛമായ പണം ജമാഅത്തിന്റെ പ്രചാരണങ്ങൾക്കായി ചെലവിട്ടു. തട്ടിമുട്ടി ജീവിതവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുന്നോട്ട് നീങ്ങി. സുഗന്ധവാഹിയായ അത്തർ മാത്രമല്ല, ഇത് അൽപനേരം കഴിഞ്ഞാൽ കാറ്റിൽ അലിഞ്ഞില്ലാതാവും, ഒരിക്കലും

അലിഞ്ഞുപോകാത്ത ശാശ്വതമായ സുഗന്ധവാഹിനി കൂടി തന്റെ പക്കലുണ്ടെന്ന് അദ്ദേഹം വളരെ ഹിക്മത്തോടു കൂടി ജനങ്ങളെ അറിയിച്ചു. മതസ്വാതന്ത്ര്യത്തിന് കൂച്ച് വിലക്ക് ഏർപ്പെടുത്തിയിരുന്ന ക്രൈസ്തവ ഭരണകൂടമായിരുന്നു അവിടെയുണ്ടായിരുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ ഓരോ കാൽ വെയ്പും വളരെ ഹിക്മത്തോടുകൂടിയായിരുന്നു. തന്റെ ഭാര്യയേയും മക്കളേയും പോലും ഹുസൂർ തന്നിലർപ്പിച്ച ഉത്തരവാദിത്ത പൂർത്തീകരണത്തിനിടയിൽ അദ്ദേഹം മറന്നുപോയി. കത്തിടപാടില്ല. ഒന്നിനും സ്വാതന്ത്ര്യമില്ലാത്ത സാഹചര്യം. വർഷങ്ങൾ എത്രയാണ് കടന്നുപോയതെന്ന് പോലും ആ ഋഷിവര്യൻ മറന്നിട്ടുണ്ടാവണം.

1924-ൽ വെംബ്ലി കോൺഫ്രൻസിനായി ഹുസൂർ സാനി (റ) ലണ്ടനിൽപോയപ്പോൾ ആഗസ്റ്റ് 16 മുതൽ 20 വരെ ഇറ്റലി സന്ദർശിക്കുകയും അവിടുത്തെ പ്രധാനമന്ത്രി മുസ്സോളിനിയുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. 1946 ഏപ്രിൽ 14-ന് മൗലവി മുഹമ്മദ് ഇബ്രാഹീം ഖലീൽ സാഹിബിനേയും മൗലവി മുഹമ്മദ് ഉസ്മാൻ സാഹിബിനേയും ഇറ്റലിയിലേക്ക് മിഷണറിമാരായി അയക്കുകയുണ്ടായി. അവരുടെ പ്രവർത്തന ഫലമായി കുറെപേർ അഹ്മദികളായെങ്കിലും അവിടുത്തെ കത്തോലിക്കാ ഭരണകൂടം അവിടെ തങ്ങാൻ അനുവദിക്കുകയുണ്ടായില്ല. 1947-ൽ തന്നെ അവർക്ക് തിരിച്ചുവരേണ്ടി വന്നു.

കോർഡോബായിൽ നിന്നും 22 മൈലകലെയുള്ള പെഡ്രോബാദ് പട്ടണത്തിൽ 500 വർഷങ്ങൾക്കു ശേഷം ആദ്യത്തെ മുസ്ലിം പള്ളിക്ക് തറക്കല്ലിട്ടുകൊണ്ട് 1980 ഒക്ടോബർ 9-നു ഖലീഫ സാലിസ് മിർസാ നാസിർ അഹ്മദ് (റഹ്) പറഞ്ഞു. "സ്നേഹത്തോടും സൗഹാർദ്ദത്തോടും കൂടി ജീവിക്കാൻ ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. നിങ്ങൾക്ക് തരാനുള്ള എന്റെ ഏക സന്ദേശം ലൌ ഫോർ ആൾ ഹേറ്റ്റഡ് ഫോർ നൺ (Love for all hatred for none) എന്ന ഖുർആനിക മുദ്രാവാക്യമാണ്. ഈ മഹത്തായ മുദ്രാവാക്യം ലോകത്തിന് മുമ്പാകെ ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) ആദ്യമായി സമർപ്പിച്ചത് ഇവിടെവെച്ചായിരുന്നു. സാലിസ് (റഹ്)-ന്റെ വിയോഗാനന്തരം 1982 സെപ്തംബർ 10-ാനു പ്രസ്തുത ബിശാറത് പള്ളിയുടെ ഉത്ഘാടനകർമ്മം നിർവ്വഹിച്ചത് ഖലീഫത്തുൽ മസീഹ് റാബിഅ് ഹ: മിർസാ ത്വാഹിർ അഹ്മദ് (റഹ്) ആണ്.

ഇന്ന് ഖലീഫത്തുൽ മസീഹ് ഖാമിസ് ഹ. മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) ക്രൈസ്തവ പാശ്ചാത്യ ലോകത്തിന്റെ നെറുകയിലിരുന്നുകൊണ്ട് ഇസ്ലാമിന്റെ പ്രതാപം വീണ്ടെടുക്കാൻ അഹ്മദികളെ ആഹ്വാനം ചെയ്യുമ്പോൾ ശതവർഷങ്ങൾക്കപ്പുറം സ്പെയിനിന്റെ സുവർണ്ണകാലഘട്ടത്തിന് കാരണഭൂതനായ ത്വാരിഖ് ബിൻ സിയാദിന്റെ കുതിരക്കുളമ്പടി ശബ്ദമാണ് ലോകം ശ്രവിച്ചത്. ഇസ്ലാമിന്റെ പതാകയുമായി യൂറോപ്പിന്റെ നവോത്ഥാനത്തിന് കാരണമാം വിധം അനായാസം സ്പെയിൻ പിടിച്ചടക്കി വിജയശ്രീലാളിതനായ ത്വാരിഖ് - അതെ, മുആവിയ ഖലീഫ സയീദിബിൻ അബ്ദുൽ മലിക്കിന്റെ ഗവർണ്ണരായിരുന്ന മൂസാ ഇബ്നു നുസൈറിന്റെ സൈന്യത്തലവനായ ത്വാരിഖിന്റെ ശബ്ദം!! 7000ത്തോളം വരുന്ന ഭടന്മാരെ, ദുർഭരണത്തിന്റെ എല്ലാവിധ പീഡനങ്ങളിൽ കിടന്ന് നരകിച്ചിരുന്ന സ്പെയിൻ ജനത സഹർഷം സ്പെയിനിലേക്ക് സ്വാഗതം ചെയ്യുകയാണുണ്ടായത്.

8-ാം നൂറ്റാണ്ടു മുതൽ 15-ാം നൂറ്റാണ്ട് വരെ സ്പെയിനിലും സിസിലിയിലും മുസ്ലിം ഭരണത്തിന്റെ സുഖശീതളിമയിൽ അവിടുത്തെ ജനത ഏറെ സ്വതന്ത്രരും ആഹ്ലാദചിത്തരുമായിരുന്നു. ഈ കാലഘട്ടത്തിൽ സംസ്കാരത്തിന്റേയും വിജ്ഞാനത്തിന്റേയും കലകളുടേയും ആസ്ഥാനമായി സ്പെയിൻ അറിയപ്പെട്ടു. അതുവരെ അധികാരവടംവലികളും സാമൂഹികമായ ഉച്ചനീചത്വങ്ങളും കൊണ്ട് സ്പെയിൻ ദുർബലമായിരുന്നു. അതുകൊണ്ട് അവിടുത്തെ സാധാരണക്കാരായ ജനത ഏറെ പീഡനങ്ങൾക്കിരയായിരുന്നു. യഹൂദികൾ ഉൾപ്പെടെയുള്ള ജനങ്ങൾ ഒറ്റക്കെട്ടായി മുസ്ലിം പ്രവേശനത്തേയും ഭരണത്തേയും സ്വാഗതം ചെയ്തു. ഒരു ശതാബ്ദക്കാലം മുസ്ലിംകൾ പശ്ചിമ ആൽപ്സ് സംസ്ഥാനങ്ങളിൽ വസിച്ച് സംസ്കാരത്തിന്റെ വിത്ത് പാകി. 10-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ലെംബാർഡിയിലെ ഹോഗോരാജാവിന്റെ ആവശ്യപ്രകാരം സ്വിറ്റ്സർലണ്ടിലെ ഇംഗാഡീർ വരെ മുസ്ലിംകൾ മുന്നേറി. റോമാസാമ്രാജ്യം സ്പെയിനിനെപ്പോലെ മുസ്ലിംകൾക്കു അധീനപ്പെടുമെന്ന ഘട്ടത്തിലെത്തി. ദക്ഷിണ ഇറ്റാലിയൻ നഗരമായ അപോലിയും മറ്റൊരു സംസ്ഥാനമായ കലാബ്രിയയും മുസ്ലിംകൾക്ക് കീഴിലായി. ഇതൊക്കെയും കാര്യമായ എതിർപ്പൊന്നുമില്ലാതെ എന്ന് മാത്രമല്ല, സാധാരണക്കാരായ ജനതയുടെ പരിപൂർണ്ണ പിന്തുണയോടുകൂടിയായിരുന്നു.

ക്രി. വ. 915 വരെ ദക്ഷിണ ഇറ്റലിയുടേയും പശ്ചിമ മധ്യധരണ്യാഴി ദ്വീപുകളുടേയും അവകാശികൾ മുസ

ലിംകളായി മാറി. അവിടങ്ങളിലെല്ലാം നൂതനമായ ഒരു സംസ്കാരം മുസ്ലിംകൾ കാഴ്ചവെച്ചു. 10 ശതാബ്ദങ്ങളോളം സാംസ്കാരികരംഗത്ത് മുസ്ലിംകൾ അടിത്തറ പാകി. കോർഡോബായിലെ സർവകലാശാലയും അൽഹക്കം രണ്ടാമൻ സ്ഥാപിച്ച പ്രസിദ്ധമായ ലൈബ്രറിയും ലോകത്തെങ്ങുമുള്ള ജിജ്ഞാസുക്കളെ ആകർ ഷിച്ചു. അലക്സാൻഡ്രിയയിലെ ലൈബ്രറിയിലുണ്ടായിരുന്ന ഗ്രന്ഥശേഖരത്തിന്റെ 20 ഇരട്ടിയിലധികമായിരുന്നു മുസ്ലിംകൾ സ്ഥാപിച്ച ലൈബ്രറിയിലുണ്ടായിരുന്നത്. ഏതാണ്ട് 4 ലക്ഷം ഗ്രന്ഥങ്ങൾ. മുസ്ലിംകളുടെ സാംസ്കാരിക പുരോഗതിയെ പ്രശംസിച്ചുകൊണ്ട് ക്രി.വ. 999-ൽ സെൽവസ്റ്റർ 2-ാമൻ എന്ന പേരിൽ റോമിലെ മാർപ്പാപ്പയായി സ്ഥാനാരോഹണം ചെയ്ത മി. ഗർബർട്ട് ഒറീലെ ഇങ്ങനെ പറഞ്ഞു: "ഈ ലൈബ്രറിയുടെ പാറാവുകാരനാവാൻ പോലും വിദ്യാഭ്യാസ യോഗ്യതയുള്ള ഒരാളും റോമിൽ ഇല്ലെന്ന് സമ്മതിക്കുന്നു. ജനങ്ങളെ പഠിപ്പിക്കാൻ നമുക്ക് എന്തർഹത...." ഇതേ കാലത്ത് തന്നെയാണ് സ്പെയിനിലെ വൈദ്യശാസ്ത്രജ്ഞനായ അബുൽ ഖാസിം ശസ്ത്രക്രിയാരീതികൾ വിവരിക്കുന്ന തന്റെ വിശ്രുത കൃതി പുറത്തിറക്കിയത്. അറബിഭാഷക്ക് മുമ്പിൽ ലാറ്റിനും മറ്റ് പ്രാദേശിക ഭാഷകളും നിർജ്ജീവങ്ങളായി. യൂറോപ്പ് മുഴുവൻ സംസ്കാരത്തിന്റേയും വിജ്ഞാനത്തിന്റേയും പ്രകാശം വ്യാപിച്ചത് മുസ്ലിം സ്പെയിനിൽ നിന്നാണ്. ഒരു ഭാഗത്ത് മുസ്ലിംകൾ ഇതര രംഗങ്ങളിലെന്നപോലെ ശാസ്ത്രരംഗത്തും മുന്നേറിക്കൊണ്ടിരുന്നപ്പോൾ യൂറോപ്യൻ ശക്തികൾ അന്ധകാരയുഗത്തിൽ തപ്പിത്തടയുകയായിരുന്നു. അബ്ബാസിയ ഖലീഫ ഹാറുൺ അൽ റശീദ് ഫ്രഞ്ച് ചക്രവർത്തി ചാൾസ് മാർട്ടലിന് സമ്മാനിച്ച ജലഘടികാരം പൈശാചിക പ്രക്രിയയാണെന്ന് വിശ്വസിക്കത്തക്കവിധം അജ്ഞരും അന്ധവിശ്വാസികളുമായിരുന്നു അവരെന്ന് കേൾക്കുമ്പോൾ മുസ്ലിംകളും പാശ്ചാത്യ ക്രൈസ്തവരും തമ്മിലുണ്ടായിരുന്ന അന്തരം എത്രമേൽ വലുതായിരുന്നു എന്നൂഹിക്കാവുന്നതേയുള്ളൂ.

എന്നാൽ കാലം മാറി. മുസ്ലിംകൾ പിന്നാക്കം പോയപ്പോൾ അവർ ലോകത്തിന്റെ മുമ്പിൽ കാഴ്ചവെച്ച മഹത്തായ ബൗദ്ധിക സംസ്കാരങ്ങൾ പാശ്ചാത്യ ക്രൈസ്തവലോകത്തിന്റെ സ്വന്തമായി മാറി. ഖേദകരമെന്നു പറയട്ടെ, എല്ലാ കാര്യങ്ങൾക്കും ഇന്ന് മുസ്ലിം കൾ പാശ്ചാത്യലോകത്തെ ഉറ്റുനോക്കുന്നു. അവരുടെ ഒരു നോട്ടത്തിനു വേണ്ടി, സ്പർശനത്തിന് വേണ്ടി, എന്തിനേറെ തങ്ങളുടെ നിലനിൽപിന് വേണ്ടിപ്പോലും!! സ്പെയിനിലുടനീളം ഹുസൂറിന്റെ പര്യടനത്തിൽ പരിശുദ്ധ കലിമ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാ' എന്ന് ഉല്ലേഖനം ചെയ്യപ്പെട്ട ഫലകങ്ങൾ ഗോപുരങ്ങളിലും തെരുവീഥികളിലും പള്ളികളിലും (ആ പള്ളികൾ ഇന്ന് ക്രൈസ്തവരുടെ കയ്യിലെ മറ്റ് സ്ഥാപനങ്ങളായി മാറി) ഹുസൂർ കാണാനിടയായ കാര്യം വളരെ വേദനയോടെ വിവരിക്കുന്നു. ഭൗതികതയിൽ തിമർത്താടുകയും ദീനിന്റെ അടിസ്ഥാനതത്വങ്ങളെ മറക്കുകയും ചെയ്ത മുസ്ലിം സമൂഹത്തിന്റെ കദനകഥകൾ ഇന്ന്ആ നാട്ടിൽ നിന്ന് കേൾക്കേണ്ട ഗതികേടാണ് ലോകത്തിനുള്ളത്. മുസ്ലിംകൾ പരസ്പരം പോരടിക്കാൻ തുടങ്ങിയപ്പോൾ, ഭൗതികതയിൽ സുഖം കാണാൻ തുടങ്ങിയപ്പോൾ എല്ലാം മാറി മറഞ്ഞു. മുസ്ലിംകളുടെ നാശവും നിന്ദ്യതയും ലോകം കാണുകയുണ്ടായി.

"സ്പെയിനിലെ വലിയ തെരുവീഥികളും പട്ടണങ്ങളും വിളിച്ച് പറയുന്നത് ഒരു കാലത്ത് ഈ ഓരോ മണൽതരിയും ഇസ്ലാമിന്റെ മഹത്വം പ്രഘോഷിച്ചിരുന്നു എന്നാണ്. ധനമോഹവും പരസ്പര രാഷ്ട്രീയ കളിയും വഞ്ചനയും കളിതമാശകളും സുഖാഢംബരജീവിതവും അതിനെ കഥാവശേഷമാക്കുകയുണ്ടായി. അങ്ങനെ ഒരു മുസ്ലിം രാജ്യം മുസ്ലിംകളിൽ നിന്ന് നഷ്ടപ്പെട്ടു. നഷ്ടപ്പെട്ടുപോയ ആ മഹത്വവും രാഷ്ട്രവും വീണ്ടെടുക്കേണ്ടത് അഹ്മദികളാണ്. ഇൻശാ അല്ല. അതിനായി തിരുനബി(സ)യുടെ യഥാർത്ഥദാസരായി നാം മാറണം. ഇസ്ലാമികാധ്യാപനങ്ങളുടെ പ്രവർത്തനരൂപങ്ങളായി നാം മാറണം. അത് സ്നേഹവും സാഹോദര്യവും സൗഹൃദവുമല്ലാതെ മറ്റൊന്നുമല്ല. അത് ദൈവത്തോടുള്ള കടപ്പാടുകളും സൃഷ്ടികളോടുള്ള കടപ്പാടുകളും നിറവേറ്റുകയാലല്ലാതെ മറ്റൊന്നുമല്ല..."

തുടർന്ന് ഹുസൂർ പറയുന്നു. "ഓരോ അഹ്മദിയും തന്റെ ജീവിത ലക്ഷ്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നത് ജിന്നിനേയും ഇൻസിനേയും തന്നെ ആരാധിക്കാൻ മാത്രമാണ് സൃഷ്ടിച്ചിരിക്കുന്നത് എന്നാണ്. ഈ ലക്ഷ്യം കരസ്ഥമാക്കാനായി നമ്മുടെ ആരാധനാനിലവാരം ഉയർത്തണം. അപ്പോൾ നമ്മിൽ പരിശുദ്ധ മാറ്റം ദൃശ്യമാകാൻ തുടങ്ങും. ആത്മീയജീവിതത്തിനുള്ള ഒരുക്കങ്ങൾ നടത്താൻ ഇത് മുഖേന സാധിക്കുന്നു. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കണം എന്നതാണ് നിങ്ങളെ സൃഷ്ടിച്ചുകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾ അവന്റെതായിത്തീരുക. നിങ്ങളുടെ അടിസ്ഥാന

ലക്ഷ്യം ദുൻയാവാകരുത്. ഞാൻ ഈ കാര്യം ആവർത്തിച്ച് പറയാനുള്ള കാരണം മനുഷ്യൻ വന്നിരിക്കുന്നത് ഈ ഒരു കാര്യത്തിനെന്നാണ് ഞാൻ കരുതുന്നത്. ഈ ഒരു ലക്ഷ്യത്തിൽ നിന്നാണ് അവൻ അകന്നിരിക്കുന്നതും. നിങ്ങൾ ചെയ്യുന്ന ഓരോ പ്രവൃത്തിയിലും അല്ലാഹു പ്രീതിപ്പെടുമോ എന്നാണ് നിങ്ങൾ ചിന്തിക്കേണ്ടത്...."

നബി(സ) ആശങ്കപ്പെട്ട ഒരു കാര്യം ഹുസൂർ എടുത്തുദ്ധരിക്കുന്നു. "നിങ്ങൾ (മുസ്‌ലിംകൾ) ദാരിദ്ര്യത്തിലും പട്ടിണിയിലും കുടുങ്ങിപ്പോകുമോ എന്നെനിക്ക് ഭയമില്ല. എന്റെ ഉമ്മത്തിന് ഭൗതിക സുഖസൗകര്യങ്ങൾ ലഭിക്കുമോ എന്ന് ആശങ്കയൊന്നും എനിക്കില്ല. ഇതെല്ലാം ഒരു കാലത്ത് നിങ്ങൾക്ക് ലഭിക്കും. എന്നാൽ ഈ ഭൗതികസമ്പത്ത് ലഭിച്ചുകഴിഞ്ഞാൽ ഭൗതികസുഖസൗകര്യങ്ങളിൽ മുഴുകി മറ്റു സമുദായങ്ങളെപ്പോലെ നിങ്ങ ളും നശിപ്പിക്കപ്പെടുമോ എന്ന് മാത്രമെ ഞാൻ ഭയക്കുന്നുള്ളൂ." എന്നാൽ ഇത് അക്ഷരാർത്ഥത്തിൽ തന്നെ മുസ്‌ലിം സമൂഹം ഏറ്റുവാങ്ങിയിരിക്കുന്നു. ഭൗതികസുഖസൗകര്യങ്ങളിൽ തിമർത്താടി അല്ലാഹുവിനെ വിസ്മരിച്ചിരിക്കയാണ് അവരിന്ന്. ഏറ്റവും വലിയ സമ്പന്നർ ഇന്നവരാണ്. എന്നാൽ മുസ്‌ലിം ഭരണകർത്താക്കളുടെ സ്ഥിതിയെന്താണിന്ന്? ഇസ്‌ലാമിൽ നിന്നുള്ള അവരുടെ അകൽച്ച അവർക്ക് മാത്രമല്ല ദോഷം ചെയ്യുന്നത്, മറിച്ച് അറബികളിൽ നിന്നാണ്, വിശിഷ്യാ സൗദി അറേബ്യയിൽ നിന്നാണ് ഇസ്‌ലാമിനെക്കുറിച്ച് പഠിക്കേണ്ടതെന്ന് ധരിച്ചുവെച്ചിരിക്കുന്നവരേയും വെട്ടിലാക്കുന്നു.

അഹ്മദികൾ ഈ സന്നിഗ്ദ്ധഘട്ടത്തിൽ എപ്പോഴും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയും ഇസ്തിഗ്ഫാർ ചെയ്യുകയും സ്വലാത്ത് ചൊല്ലികൊണ്ടിരിക്കുകയും ചെയ്യേണ്ടതാണെന്ന് ഹുസൂർ ഉണർത്തുന്നു. "നമ്മിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കാനും ഇസ്‌ലാമിന്റെ സന്ദേശപ്രചാരണത്തിനും അതിന്റെ വിജയത്തിനും വേണ്ടി പ്രവർത്തിക്കുക. അല്ലാഹുവിന്റെ കൃപാവരം സ്വരുക്കൂട്ടുന്നവരായി മാറുക... നിങ്ങൾ ഉത്തമ മാതൃക പ്രദർശിപ്പിക്കുന്നവരും പ്രാർത്ഥനാനിരതരുമാണെങ്കിൽ അതിവേഗം അഹ്മദിയ്യത്തിന്റെ വിജയം കാണാൻ സാധിക്കുന്നതാണ്...."

ഇറ്റലിയിലെ സാൻപിട്രോയിൽ വെച്ച് ഏപ്രിൽ 16-ന് നടത്തിയ ഖുത്ബ വളരെയേറെ ശ്രദ്ധേയമാണ്. ക്രൈസ്തവ പോപ്പിന്റെ ആസ്ഥാനത്ത് പോലും അഹ്മദിയ്യത്തിന്റെ സൗരഭ്യം മണത്തു തുടങ്ങിയിരിക്കുന്നു. അതിന് നമ്മിൽ നിന്നാവശ്യപ്പെടുന്നത് തഖ്‌വയിലധിഷ്ഠിതമായ ജീവിതവും ഇബാദത്തുമാണ്. മറ്റുള്ളവർ ഭിന്നിച്ചപോലെ ഭിന്നിപ്പിന്റെ ചിന്ത പോലും അഹ്മദികളിൽ നാമ്പെടുത്തുകൂടാ. കാലത്തിന്റെ ഇമാമിന്റെ ശബ്ദം ശ്രവിക്കുക. അതനുസരിച്ച് ജീവിക്കുക. സ്ഥലവാസികളിൽ ഇസ്‌ലാമിനോടുള്ള എതിർപ്പ് കഠിനതരമാണെങ്കിലും അഹ്മദികൾ യഥാർത്ഥ ഇസ്‌ലാമിന്റെ സൗന്ദര്യത്തിന്റെ ധ്വജവാഹകരാണെന്ന് അവർക്ക് മനസ്സിലാക്കികൊടുക്കാൻ അഹ്മദികൾക്ക് കഴിഞ്ഞു... മൂസവീ മസീഹിന്റെ ഖിലാഫത്തിന്റെ കേന്ദ്രമായ ഈ രാജ്യത്ത് മുഹമ്മദീ മസീഹിനെ പിൻപറ്റുന്നവരുടെ ആധിക്യമുണ്ടാകേണ്ടിയിരിക്കുന്നു എന്നും അതിന് അഹ്മദികളിൽ അർപ്പിതമായിരിക്കുന്ന ജോലി ഭാരിച്ചതാണെന്നും അതിനായി ബൈഅത്തിന്റെ നിബന്ധനകൾ അനുസരിക്കുന്നവരും അഹ്മദിയ്യാ ഖിലാഫത്തിനോട് വിശ്വസ്തതയും കൂറും പുലർത്തുന്നവരുമായിരിക്കുക എന്ന് ഹുസൂർ ആഹ്വാനം ചെയ്യുന്നു. പടിഞ്ഞാറ് നിന്ന് സൂര്യൻ ഉദിക്കുമെന്ന തിരുനബി(സ)യുടെ തിരുവചനം യാഥാർത്ഥ്യമാവുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ കാൽപാദങ്ങളിൽ മുസ്‌ലിം ലോകം മാത്രമല്ല ലോക ജനത മുഴുവൻ തന്നെയും അഭയാഭ്യർത്ഥന നടത്തുകയും കാൽക്കീഴിൽ അണിനിരക്കുകയും ചെയ്യുന്ന കാഴ്ച കാണുന്ന ആ മഹത്തായ ദിനത്തിന് ഇനി അധികനാളില്ല എന്ന് വ്യക്തം. അതിന്റെ മണിയടിനാദമാണ്, കുതിരക്കുളമ്പടി ശബ്ദ മാണ് പാശ്ചാത്യ ക്രൈസ്തവരാജ്യത്ത് നിന്നും ഉയർ ന്നുകേട്ടു കൊണ്ടിരിക്കുന്നത്. അതിനായി പതിനായിരം 'ത്വാരിഖു'മാർ നമ്മിൽ നിന്നുയർന്നു വരട്ടെ. ●

---

*(16-ൽ നിന്ന് തുടർച്ച)*

ക്കണം. വിപൽഘട്ടങ്ങളിൽ എല്ലാ നഷ്ടപ്പെടുമ്പോൾ പ്രാർത്ഥനയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ അത് സഹായകമാവും. ഒരിക്കൽ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) വളരെയേറെ സമയവും അദ്ധ്വാനവും ചെലവഴിച്ച് പ്രസിദ്ധീകരിക്കാൻ വേണ്ടി എഴുതിയ ഒരു കൈയെഴുത്ത് പ്രതി കൊച്ചുമകനായ മഹ്മൂദ് അഹ്മദ് (രണ്ടാം ഖലീഫ) കളിക്കിടയിൽ തീവെച്ചു നശിപ്പിച്ചുകളഞ്ഞു. വാഗ്ദത്ത മസീഹ് (അ) മകനോട് കോപമോ അനിഷ്ടമോ പ്രകടിപ്പിച്ചില്ല. പകരം, *'അത് സാരമില്ല, ദൈവം അതിനേക്കാൾ നല്ല ഒരു പുസ്തകം എഴുതുവാൻ എന്നെ സഹായിക്കും'* എന്നാണ് പ്രതികരിച്ചത്. മിക്ക കുട്ടികളിൽ നിന്നും വന്നുപോകുന്ന ഇത്തരം പിഴവു

*(ശേഷം 35-ൽ)*

എ.എം. മുഹമ്മദ് സലിം

ലേഖനം

# മതവൈവിധ്യങ്ങൾ എന്തുകൊണ്ട്? മതങ്ങൾക്ക് എങ്ങനെ ഐക്യപ്പെടാം?

## മതമൈത്രിക്ക് വാഗ്ദത്ത മസീഹ് മുന്നോട്ട് വെച്ച കരാർ പദ്ധതി ഭാരതത്തിൽ പരീക്ഷിച്ചു നോക്കേണ്ടതാണ്.

### മോക്ഷവും മതങ്ങളും

ഇസ്‌ലാം മതത്തിന്റേയും ഇസ്‌ലാം മതത്തിന് മുമ്പ് ആവിർഭവിച്ച മതങ്ങളുടേയും മോക്ഷത്തെ സംബന്ധിച്ച അവകാശവാദത്തിൽ വ്യത്യാസങ്ങളുണ്ട്. വാസ്തവത്തിൽ അന്യമതവിശ്വാസികളെ പേരെടുത്ത് പറഞ്ഞ് അഭിസംബോധന ചെയ്തുകൊണ്ട് അവർക്ക് ആത്മീയ സാന്ത്വനം നൽകുന്ന വിശുദ്ധ ഖുർആന്റെ വിശാലമായ സാർവ്വജനീന മതദർശനം മറ്റൊരു മതത്തിലും കാണാത്തതാണ്. മധ്യകാല മനഃസ്ഥിതിക്കാരായ സങ്കുചിത മുസ്‌ലിം പൗരോഹിത്യം തിരിച്ചറിയാത്തതോ തുറന്നുകാട്ടാത്തതോ ആയ അന്യാദൃശമായ ഇസ്‌ലാമിന്റെ ഈ വശത്തെ സംബന്ധിച്ച് അഹ്മദിയ്യാ ഖലീഫയുടെ വിവരണം ശ്രദ്ധിക്കുക. മോക്ഷം ഒരു മതത്തിന്റേയും കുത്തകയാക്കാൻ സാധ്യമല്ല (Salvation cannot be monopolised by any single religion) എന്ന ഉപശീർഷകത്തിൽ Islam's response to contemporary issues എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതുന്നു.

*"നിർഭാഗ്യകരമെന്ന് പറയട്ടെ തങ്ങളുടെ വിശ്വാസവുമായി യോജിച്ചു പോകാത്തവർക്കെതിരെ നില്ക്കുക എന്നത് ലോകത്തിലെ മിക്ക മതപുരോഹിതന്മാരുടെയും സമീപനമായി കാണപ്പെടുന്നു. മധ്യകാലഘട്ടത്തിലെ മിക്ക മുസ്‌ലിം പണ്ഡിതന്മാരും ഇസ്‌ലാമിനെ പോലും അവതരിപ്പിച്ചത് ഇസ്‌ലാം മതത്തിന്റെ ആവിർഭാവത്തിനുശേഷം ഇസ്‌ലാം മതത്തിന് പുറത്തു ജീവിച്ചു മരിച്ച ആദം സന്തതികൾക്കെല്ലാം മോക്ഷം നിഷേധിക്കപ്പെടും എന്ന അർത്ഥത്തിൽ ഇസ്‌ലാം മാത്രമാണ് മോക്ഷത്തിന്റെ ഒരേയൊരു കവാടം എന്ന നിലക്കാണ്. ക്രിസ്തുമതവും ഇതിൽ നിന്നും വിഭിന്നമായ ഒരു വീക്ഷണമല്ല അവതരിപ്പിക്കുന്നത്. എന്റെ അറിവിൽ പെട്ടിടത്തോളം മറ്റു മതങ്ങളും ഇതേ വീക്ഷണം തന്നെയാണ് അവതരിപ്പിക്കുന്നത്.*

*എന്റെ ശ്രോതാക്കൾ ഞാൻ പറയുന്നത് വിശ്വസിച്ചാലും. അന്യമതവിദ്വേഷപരവും സങ്കുചിതവുമായ ഈ വീക്ഷണം ഇസ്‌ലാമിനു നേരെ ആരോപിക്കുന്നതിന് യാതൊരു നീതീകരണവുമില്ല. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആന് പറയാനുള്ളത് തികച്ചും വ്യത്യസ്തമായ മറ്റൊരു കഥയാണ്.*

*വിശുദ്ധ ഖുർആൻ പ്രകാരം മോക്ഷം എന്നത് ലോകത്തിലെ യാതൊരു മതത്തിനും കുത്തകയാക്കാൻ സാധ്യമല്ല. പുതിയ സത്യങ്ങൾ വെളിപ്പെടുകയും പ്രകാശത്തിന്റെ പുതിയ കാലഘട്ടങ്ങൾ ഉദയം ചെയ്യുകയും ചെയ്താൽ പോലും ആദ്യാവസാനം വരെ തങ്ങളുടെ സ്വന്തം തെറ്റിനാലല്ലാതെ, അറിവില്ലായ്മയുടെ ഒരു ജീവിതം നയിക്കുന്ന ഒരു കൂട്ടർ, അവരാകട്ടെ തെറ്റായ ആശയങ്ങളുടെ പിൻമുറക്കാരായിരുന്നാൽ പോലും സത്യസന്ധമായ ഒരു ജീവിതം അവർ പൊതുവേ നയിക്കാൻ ശ്രമിക്കുന്നുവെങ്കിൽ അവർക്ക് ദൈവത്തിൽ നിന്നുള്ള മോക്ഷം നിഷേധിക്കപ്പെടുകയില്ല.*

ഇതേ പശ്ചാത്തലത്തിൽ തന്നെ ഖുർആൻ മറ്റൊരു വചനത്തിന് പ്രഖ്യാപിക്കുന്നു.

*"വിശ്വസിച്ചവരും (മുഹമ്മദിൽ) യഹൂദികളും, സാബിഉകളും ക്രിസ്ത്യാനികളും ആർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽപ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നുവോ, തീർച്ചയായും അവർക്ക് യാതൊരു ഭയവുംഉണ്ടാവുകയില്ല. അവർ വ്യസനിക്കുന്നവരുമല്ല* (5:70) *ഇവിടെ ഗ്രന്ഥാ*

നുസാരികൾ എന്ന പ്രയോഗത്തിൽ അതിൽ യഹൂദികളും ക്രിസ്ത്യാനികളും അടങ്ങിയിരിക്കുന്നുവെങ്കിലും അതിനേക്കാൾ വിശാലമായ അർത്ഥം കൂടി അതിൽ ഉള്ളടങ്ങിയിട്ടുണ്ടെന്ന് ഞാനുണർത്തട്ടെ. 'നാമൊരു താക്കീത് കാരനേ യും അയക്കാത്ത ഒരു സമൂഹവും ലോകത്തില്ല' എന്ന ഖുർആനിക വചനവും അതുപോലെ മറ്റ് വചനങ്ങളുടേയും അവകാശവാദമനുസരിച്ച്, ബൈബിൾ പഴയനിയമത്തിന്റേയും പുതിയനിയമത്തിന്റേയും (തൗറാത്തും ഇൻഞ്ചീലും) ആളുകൾ മാത്രമല്ല ഗ്രന്ഥം നൽകപ്പെട്ട ജനങ്ങൾ. മറ്റു ജനതകൾക്കും അവരുടെ ക്ഷേമത്തിനുവേണ്ടി ഗ്രന്ഥങ്ങൾ നൽകപ്പെട്ടിട്ടുണ്ട് എന്ന കാര്യം വളരെ സുനിശ്ചിതമാണെന്നതിൽ യാതൊരു സംശയവുമില്ല. ദൈവികവെളിപാടിന്റെ അടിസ്ഥാനത്തിൽ സ്ഥാപിച്ചതെന്ന് അവകാശപ്പെടുന്ന എല്ലാ മതങ്ങളും ഗ്രന്ഥാനുസാരികളായ ജനങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

മാത്രമല്ല, വിശുദ്ധ ഖുർആൻ ഇവിടെ ഉപയോഗിച്ച **'സാബി'** എന്ന പദം ഈ വിഷയം കൂടുതൽ വ്യക്തമാക്കുകയും സംശയം ദൂരീകരിക്കുകയും ചെയ്യുന്ന **'സാബി'** എന്ന പദം സ്വന്തമായി വെളിപാടുഗ്രന്ഥങ്ങളുള്ള സെമിറ്റിക്കല്ലാത്ത എല്ലാ അറബിയേതര മതങ്ങളേയും വിശേഷിപ്പിക്കാൻ അറബികൾ ഉപയോഗിക്കുന്ന പദമാണ്. അപ്രകാരം വെളിപാടുകളുടെ അടിസ്ഥാനത്തിലുള്ളഎല്ലാ മതാനുയായികൾക്കും ദൈവത്തിൽ നിന്ന് യാതൊന്നും ഭയപ്പെടേണ്ടതില്ലെന്നും അവർക്ക് മോക്ഷം നിഷേധിക്കപ്പെടുന്നതല്ലെന്നും ഉറപ്പ് നൽകപ്പെട്ടിരിക്കുന്നു, അവരാകട്ടെ പുതിയ മതത്തിന്റെ വെളിച്ചം തിരിച്ചറിയുന്നതിൽ യഥാർത്ഥത്തിൽ പരാജയപ്പെടുന്നില്ല. അവർ തങ്ങളുടെ പൂർവ്വികമതത്തിന്റെ മൂല്യങ്ങളെ സത്യസന്ധമായും നിർവ്യാജമായും മുറുകെപിടിക്കുകയും ചെയ്യുന്നു.

വിശ്വാസികളിൽ നിന്നുള്ള ആളുകളെ പറ്റി വിശുദ്ധ ഖുർആൻ പരാമർശിക്കുമ്പോൾ ജൂതന്മാർക്കും ക്രി സ്ത്യാനികൾക്കും സാബികൾക്കും ഇപ്രകാരം വാ ഗ്ദാനം നൽകുന്നു.: **'നിശ്ചയമായും അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പ്രതിഫലമുണ്ട്. അവർക്ക് യാ തൊരു ഭയവുമുണ്ടാകുന്നതല്ല. അവർ ദുഃഖിക്കുന്നതുമല്ല.'** (2:63)

***'തൗറാത്തും ഇഞ്ചീലും അവരുടെ നാഥനിൽ നിന്ന് ഇറക്കപ്പെട്ടതിലും അവർ മുറപ്രകാരം പ്രയോഗത്തിൽ വരുന്നില്ലായിരുന്നുവെങ്കിൽ അവർ തങ്ങളുടെ മേൽഭാഗത്തുനിന്നും അവരുടെ കാലുകളുടെ കീഴെ നിന്നും ഭക്ഷിക്കുമായിരുന്നു. മിതത്വം സ്വീകരിക്കുന്ന ഒരു കൂട്ടർ അവരിലുണ്ട്. എന്നാൽ അവരിൽപ്പെട്ട അധികം പേരും എത്രയും ചീത്തയായിട്ടുള്ളതാണ്.*** (5:67)

ഇസ്‌ലാം മതത്തിലല്ലാത്തവരെ അടച്ചാക്ഷേപിക്കുന്നതിൽ നിന്നും മുസ്‌ലിംകളെ ഖുർആൻ തടയുന്നു. ഖുർആൻ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു.

***'അവരെല്ലാവരും ഒരുപോലെയല്ല (തങ്ങളുടെ കരാറിൽ) ഉറച്ചുനില്ക്കുന്ന ഒരു വിഭാഗം ആളുകൾ ഗ്രന്ഥാനുസാരികളിൽ ഉണ്ട്. അവർ രാത്രിസമയങ്ങളിൽ അല്ലാഹുവിന്റെ വചനങ്ങൾ ഓതുകയും (അവന്റെ മുന്നിൽ) സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽക്കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധകാര്യങ്ങൾ വിലക്കുകയും സൽകർമ്മങ്ങളിൽ അഹമഹമികയാ മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ സദ്‌വൃത്തരിൽപെട്ടവരുമാകുന്നു. അവർ ഏതു നല്ല കാര്യം പ്രവർത്തിച്ചാലും അവരോടു അതിനെ സംബന്ധിച്ച അവഗണന കാണിക്കപ്പെടുകയില്ല. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെക്കുറിച്ച് നല്ലവണ്ണം അറിവുള്ളവനാണ്.*** (3:114-116)

ഈയടുത്തകാലത്തെ രാഷ്ട്രീയശാത്രവം നിമിത്തം ജൂതന്മാർക്കും മുസ്‌ലിംകൾക്കുമിടയിൽ വമ്പിച്ച തോ തിൽ തെറ്റിദ്ധാരണകൾ രൂപംകൊണ്ടിരിക്കുന്നു. അതായത് ഇസ്‌ലാം മതവിശ്വാസപ്രകാരം എല്ലാ ജൂതന്മാരും നരകാവകാശികളാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു എന്നതാണ് ആ തെറ്റിദ്ധാരണ. ഞാൻ ഇപ്പോൾ നിങ്ങളുടെ മുമ്പിൽ ഓതിയ ഖുർആനിലെ വചനങ്ങളിൽ നിന്നും താഴെ കൊടുത്ത ഖുർആനിക വചനങ്ങളിൽ നിന്നും ഇത് പൂർണമായും തെറ്റാണെന്ന് തെളിയുന്നു. *'സത്യമനുസരിച്ച് വഴികാട്ടുകയും അതുമുഖേന നീതിപാലിക്കുകയും ചെയ്യുന്ന ഒരു സമുദായം മൂസായുടെ ജനങ്ങളിലുണ്ട്. (7:160) എന്ന വചനം ഇവിടെ സാക്ഷിയാണ്.*

(Islam's Response to Contemporary Issues - By Hadrath Mirza Thahir Ahmed - P 24-27)

## സർവ്വവ്യാപകമായ ദൈവകൃപ

'മൈത്രി സന്ദേശം' എന്ന പുസ്തകത്തിൽ വിവിധ മതസമൂഹങ്ങളെ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഐക്യത്തിലേക്ക് ക്ഷണിക്കുന്നുണ്ട്. വിശുദ്ധ ഖുർആനിലെ പ്രഥമാദ്ധ്യായമായ സൂറ:

ഫാത്തിഹായിലെ **'അൽഹംദുലില്ലാഹി റബ്ബിൽ ആല മീൻ'** എന്ന വചനത്തിലേക്ക് ആ മഹാത്മാവ് ശ്രദ്ധ ക്ഷണിക്കുകയാണ്. ***'സർവ്വ സ്തോത്രവും അഖില ലോകങ്ങളുടേയും സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിന്നത്രേ'*** എന്നതാണ് ആ വചനം. ഇവിടെ 'ലോകങ്ങൾ' എന്നാൽ വിവിധ കാലങ്ങളിലെ വ്യത്യ സ്ത ജനവിഭാഗങ്ങളിൽപെട്ടവർ എന്ന അർത്ഥവും ഉൾപ്പെട്ടിരിക്കുന്നു. ദൈവം ഒരു ജനവർഗ്ഗത്തോടു മാത്രം സംസാരിക്കുകയും മറ്റുള്ളവരെ ഒഴിവാക്കു കയും ചെയ്യുക എന്നത് ദൈവമഹത്വത്തിന് ചേർന്നതാ ണോ എന്ന യുക്തിപൂർണ്ണമായ ചോദ്യമാണ് വാഗ് ദത്ത മസീഹ് ഉയർത്തുന്നത്: അപ്രകാരം ബൈബിൾ സുവിശേഷം പറയുന്നതുപോലെ യേശു ദൈവം തന്നെയാണെങ്കിൽ താൻ ഇസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്ക് മാത്ര മാണ് വന്നത് എന്ന സങ്കുചിതമായ വാക്ക് പറയുക എന്നതും യുക്തിവിരുദ്ധവും ദൈവമഹത്വത്തിന്നെതി രുമാണ്. സൂര്യനും, ചന്ദ്രനും, വായുവും വെള്ളവും, ഫലമൂലാദികളും എല്ലാ ജനതകൾക്കും നൽകുന്ന ദൈവം ആത്മീയ പോഷണത്തിനും എല്ലാ ജനത കൾക്കും സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. ആര്യാ വർത്തത്തിൻ മാത്രമേ വിശുദ്ധ ഭൂമിയുള്ളുവെന്നും അവിടെ മാത്രമേ ദൈവിക വെളിപാടുകൾ സംജാത മാവുമെന്നുമുള്ള ആര്യസമാജികളുടെ സങ്കുചിതവാദം ദൈവത്തിന്റെ മാനവരാശിയോടുള്ള നിഷ്ക്കളങ്കമായ ഔദാര്യത്തിനും കാരുണ്യത്തിനും വിരുദ്ധമാണെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. ഇപ്രകാരം മനുഷ്യന്റെ ധാർമ്മികയുക്തിയെ തട്ടിയുണർത്തിക്കൊണ്ടാണ് അദ്ദേഹം മതൈക്യത്തിന് വേണ്ടി ആഹ്വാനം ചെയ്യു ന്നത്.

## പരസ്പരാദരം

മതങ്ങൾ തമ്മിൽ ചിലപ്പോൾ അടിസ്ഥാന നില പാടുകളിൽ തന്നെ വ്യത്യാസമുണ്ട്. ഇസ്ലാം മതം അദൃശ്യനായ ഏകദൈവത്തെ ആരാധിക്കുമ്പോൾ മറ്റു മതസ്ഥർ ദൈവത്തിന്റെ അവതാരങ്ങളെ മൂർത്തി കളായി സങ്കല്പിച്ചുക്കൊണ്ട് അവരുടെ ബിംബങ്ങളെ ആരാധിക്കാറുണ്ട്. മുസ്ലിംകൾക്ക് ആശയപരമായി ഇതിൽ വിയോജിപ്പുണ്ടെങ്കിൽ കൂടി അവയെ ശകാരി ക്കുകയോ വിശ്വാസികളെ വേദനിപ്പിക്കുന്ന വാക്കു കളുപയോഗിച്ച് അവയെ ആക്ഷേപിക്കുകയോ ചെയ്യ രുതെന്നത് ഖുർആന്റെ വ്യക്തമായ ശാസനയാണ്.

***അല്ലാഹുവിന് പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരി ക്കരുത്*** (6:109)

## സംവാദം നടത്തുക

അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെന്ന് കരുതി പര സ്പരം ചർച്ചകളോ സംവാദങ്ങളോ പാടില്ല എന്നല്ല ഇതിന്നർത്ഥം. മതം എന്നാൽ തീപിടിക്കുന്ന വികാര മോ, കേവല വിശ്വാസമോ അല്ല. ധൈഷണിക ബദ്ധ മായ ഒരു സംവാദ ഭൂമിക എല്ലാ മതങ്ങൾക്കുമുണ്ട്. ഈ ഭൂമികയിൽ നിന്ന് കൊണ്ട് ഏറ്റവും മാന്യമായ രീതിയിൽ തത്വജ്ഞാനപരമായ മതസംവാദങ്ങളും ചർച്ചകളും നടത്തി സത്യങ്ങൾ ഗ്രഹിക്കണമെന്നാണ് ഖുർആന്റെ ഉപദേശം.

***'തത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോടുസംവാദം നടത്തുകയും ചെയ്യുക.'*** (16:126)

## സമാധാന ഉടമ്പടി

പരസ്പരം മതഗുരുക്കന്മാരെ നിന്ദിക്കുന്നതിന്റെ പേരിൽ പൊട്ടിപ്പുറപ്പെടുന്ന വർഗ്ഗീയ കലാപങ്ങളും രക്തച്ചൊരിച്ചിലും ഭാരതീയ സമൂഹത്തിന് സർവ്വസാ ധാരണമാണ്. ഈ സാഹചര്യത്തിൽ യഥാർത്ഥ മത മൂല്യങ്ങളിലൂന്നിനിന്നുകൊണ്ട് ഹദ്റത്ത് അഹ്മദ് (അ) ഹിന്ദു മുസ്ലിം നേതൃത്വത്തോട് മൈത്രീസന്ദേശം എന്ന പുസ്തകത്തിലൂടെ ഒരു ഐക്യകരാറിന് ആഹ്വാ നം ചെയ്യുകയുണ്ടായി. മതസൗഹാർദ്ദം വളർത്തുന്ന ഏറ്റവും യുക്തിപൂർണ്ണമായ ഒരു പ്രായോഗിക പദ്ധ തിയാണിത്. വിശുദ്ധ ഖുർആന്റെ പൂർണ്ണപിന്തുണ ഈ കരാറിനുണ്ട്. ഒരു സിവിൽ ഉഭയകക്ഷിക്കാർ പോലെ - നടപ്പാക്കാൻ ബാദ്ധ്യസ്ഥമായതും വീഴ്ച വരുത്തി യാൽ പിഴയിടാവുന്നതുമായ ഒരു കരാർ വ്യവസ്ഥയാ ണിത്. അതായത് മുസ്ലിംകൾ വേദത്തിന്റെ സത്യ ത്തിൽ വിശ്വസിക്കുകയും വേദത്തേയും അതി ന്റെ ഋഷിമാരേയും സ്നേഹാദരപൂർവ്വം വീക്ഷിക്കുകയും ചെയ്യുമെന്നുമുള്ള നിബന്ധനയിൽ ഒന്നാമതായി ഒപ്പു വെക്കണം പകരം ഹിന്ദു നേതൃത്വം ഹദ് റത്ത് മുഹ മ്മദ് മുസ്തഫാ (സ)തിരുമേനിയിൽ വിശ്വസിക്കുക യുംഅദ്ദേഹത്തെ ഒരു സത്യപ്രവാചകനായി കരുതു കയും ചെയ്യേണ്ടതാണ്. ഒരു വിശ്വാസിക്ക് ചേർന്ന വിധം അദ്ദേഹത്തെ എപ്പോഴും ബഹുമാനാദരവോടെ സ്മരിക്കേണ്ടതുമാണെന്ന് ഒപ്പുവെക്കുകയും വേണം. ഇത് ലംഘിച്ചാൽ 3 ലക്ഷം (1908ലെ നാണയമൂല്യം) രൂപ പിഴ വീഴ്ച വരുത്തുന്ന കക്ഷി മറ്റേകക്ഷിക്ക് കൊടുക്കേണ്ടതുമാണ്. ഇന്ത്യയിൽ ഇനിയും പരീ

ക്ഷിച്ചു നോക്കാത്ത ഈ കരാർ ഒരു സിവിൽ സൊസൈറ്റിയിൽ ഇരു മതനേതൃത്വത്തിനും മാന്യമായി നടപ്പാക്കാവുന്നതാണ്. മതപരമായ കലാപങ്ങൾക്കെതിരെ മതങ്ങളുടെ ധാർമ്മികശക്തിയെ തന്നെ ചുമതലപ്പെടുത്തുന്ന സിവിൽ കരാർ രൂപത്തിലുള്ള ഈ ഉടമ്പടി ഇനിയെങ്കിലും ഭാരതീയസമൂഹം പരീക്ഷിച്ചുനോക്കേണ്ടതാണ്. ഈ കരാർ വിജയം കാണുകയാണെങ്കിൽ പൗരാണിക മതങ്ങളുടെ ജന്മഗേഹമായ ഭാരതം സ്നേഹസൗഹൃദങ്ങളുടെ പുണ്യദേശമായി പുനർജനിക്കും.

## ഉപസംഹാരം

മനുഷ്യജീവിതമെന്ന മഹാപ്രഹേളികക്ക് മുമ്പിൽ നിസ്സാരനായ മനുഷ്യൻ പകച്ചു നില്ക്കുകയാണ്. അജ്ഞാതമായ അദൃശ്യലോകത്തേക്ക് നിർബന്ധപൂർവ്വം ആനയിക്കപ്പെടുന്ന മനുഷ്യന് ദൈവം കാരുണ്യപൂർവ്വം നൽകിയ മതങ്ങളാണ് ഈ പ്രഹേളികക്ക് ഉത്തരം നൽകുന്നത്. മനുഷ്യന് ആത്മീയ മോക്ഷവും ആത്മശാന്തിയും, സമൂഹത്തിന് ലോകശാന്തിയും മതങ്ങൾ വാഗ്ദാനം ചെയ്യുന്നു. ആ മതങ്ങളുടെ പൊരുൾ മനസ്സിലാക്കാതെ ലൗകിക താല്പര്യങ്ങളുടെ പേരിൽ മതങ്ങൾ തമ്മിൽ തല്ലുന്നത് ദൈവത്തോടുള്ള നന്ദികേടാണ്. മതങ്ങളുടെ പരിഷ്കർത്താവും സമന്വയകനുമായി ദൈവം ഇക്കാലത്തയച്ച വാഗ്ദത്ത മഹ്ദി ഹദ്റത്ത് അഹ്മദി (അ)ന്റെ വചനം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനമവസാനിപ്പിക്കാം.

*'അല്ലയോ മുസ്ലിംകളേ... നിങ്ങളുടെ മതഭേദം കാരണമായി ഹിന്ദുക്കൾ നിങ്ങളെ അന്യവർഗ്ഗമായി കരുതിപ്പോരുന്നു. ഇതേകാരണത്താൽതന്നെ നിങ്ങൾ അവരെയും ഒരു വ്യത്യസ്തവർഗ്ഗമായി വിചാരിച്ചുവരുന്നു. ഈ വിപരീത ഭാവത്തിനു ശരിയായ ഒരു നിവാരണം കാണാതെ നിങ്ങൾക്കും അവർക്കും മധ്യേ യഥാർത്ഥവും സുസ്ഥിരവുമായ ഒരു സൗഹാർദ്ദഭാവം ഉണ്ടാകുന്നതെങ്ങനെ? ഇരുകൂട്ടരും അന്യോന്യം കാപട്യത്തോടുകൂടിയ ഒരു താൽക്കാലികമൈത്രി ഉണ്ടാക്കിയെന്നുവരാം. എന്നാൽ യഥാർത്ഥമൈത്രി എന്നു പറയാവുന്ന മാനസൈക്യം ഉണ്ടായിത്തീരുന്നതു നിങ്ങൾ വേദത്തെയും ഋഷിമാരെയും ആത്മാർത്ഥമായി കൈകൊൾകയും അപ്രകാരം തന്നെ ഹിന്ദുക്കൾ തങ്ങളുടെ ഹൃസ്വമനസ്ഥിതി ഉപേക്ഷിച്ചു നമ്മുടെ നബിനായകർ മുഹമ്മദു മുസ്തഫാ (സ) തിരുമേനിയുടെ സത്യത്തെ സമ്മതിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്. ഇതാകുന്നു നിങ്ങൾക്കും ഹിന്ദുക്കൾക്കും ഇടയിൽ യഥാർത്ഥമായ ഐക്യവും സൗഹാർദ്ദവും ഉണ്ടായിത്തീരുന്നതിനുള്ള ഏകപദ്ധതിയെന്നും ഇതുതന്നെയാണ് ഹൃദയരോഗങ്ങളെ സുഖപ്പെടുത്തുന്നതിനുള്ള ഒരേ ഒരു ദ്രാവകമെന്നും ധരിക്കുവിൻ! വേർപിരിഞ്ഞുകിടക്കുന്ന ഈ രണ്ടു സമുദായങ്ങളും തമ്മിൽ സന്ധിക്കുവാനുള്ള സമയം വന്നു വെങ്കിൽ, ഏതൊന്നിനായിട്ടു ദൈവം ഞങ്ങളുടെ ഹൃദയങ്ങളെ തുറന്നുതന്നിരിക്കുന്നുവോ അതിനായിട്ടു അവൻ ഇവരുടെ ഹൃദയങ്ങളെയും തുറന്നുകൊടുക്കുന്നതാണ്. (മൈത്രീ സന്ദേശം പേ: 32:33)*

●

*(9-ൽ നിന്ന് തുടർച്ച)*

കൊണ്ട് ആ ബന്ധം പുലർത്തുക. പക്ഷെ അതിനുപരിയായി നിലകൊള്ളുക. ഒരുവന് ദൈവത്തിങ്കൽ നിന്നും ലഭിക്കുന്ന ആത്മീയജ്ഞാനം വഴി അവന് ചുറ്റുമുള്ള ലോകത്തിന്റെ യജമാനനായി അവൻ മാറണം. ചുറ്റുമുള്ള ഭൗതികലോകത്തെ തന്റെ യജമാനനാക്കാൻ ഒരുവൻ അനുവദിക്കരുത്. ഭൗതിക ലോകത്തിന്നുള്ളിൽ നിന്നുകൊണ്ട് ഭൗതികലോകവുമായി ബന്ധപ്പെട്ടുകൊണ്ട് ആവണം ആത്മീയമായി അഭിവൃദ്ധിപ്പെടേണ്ടത്. ചോദ്യകർത്താവ് ഉന്നയിച്ചതുപോലെ നേരെ മറിച്ചല്ല.

●

**Review of Relgions August 2003**

**തർജ്ജമ: കെ.എ. അബ്ദുൽകലാം, കൊച്ചി**

*(5-ൽ നിന്ന് തുടർച്ച)*

*യിൽ വന്നു നില്ക്കുമ്പോൾ സർവ്വശക്തനായ ദൈവം അവന്റെ സച്ചരിതരായ ദിവ്യാത്മാക്കൾക്ക് ഗ്രഹണശക്തിക്ക് പൂർണത കൈവരിക്കാനും ദൃഢജ്ഞാനം ആർജിക്കാനും അവരെ ദിവ്യഭാഷണങ്ങളിലൂടെയും ആത്മീയ ദർശനങ്ങളിലൂടെയും നേർമാർഗ്ഗത്തിലേക്ക് നയിക്കുന്നു. യുക്തിജ്ഞാനത്തിന് എത്തിച്ചേരാൻ സാധിക്കാത്ത മേഖലയിൽ ദിവ്യവെളിപാടുകളിലൂടെയും ആത്മീയദർശനത്തിലൂടേയും എത്തിച്ചേരാവുന്നതാണ്. ഇത് മുഖേന സത്യാമ്പേഷികൾ നിശ്ചയജ്ഞാനം പ്രാപിക്കുന്നു. ഇത് അല്ലാഹുവിന്റെ മാർഗ്ഗവും സമ്പ്രദായവുമാണ്. ഈ മാർഗ്ഗേണ സന്മാർഗ്ഗത്തിലേക്ക് നയിക്കാനാണ് പ്രവാചകന്മാർ പ്രത്യക്ഷപ്പെട്ടത്. ഈ മാർഗേണ ചരിക്കാതെ ഒരാൾക്കും തന്നെ യഥാർത്ഥരൂപത്തിലുള്ളതും, പരിപൂർണ്ണവുമായ ജ്ഞാനഗ്രഹണം സാധ്യമല്ല'* (സുർമെ ചശ്മെ ആര്യ-പേ. 39)

●

ലേഖനം

പി.എ. മുഹമ്മദ് സലീം
കൊടുങ്ങല്ലൂർ

മുബാഹലയുടെ ദൃഷ്ടാന്തം 'പ്രബോധന'ത്തിനുള്ള മറുപടി - 12

# ജമാഅത്തെ ഇസ്‌ലാമി നേരിടുന്ന സൈദ്ധാന്തിക പ്രതിസന്ധികൾ!!

**മൗദൂദിയെ ന്യായീകരിച്ചുകൊണ്ട് ജമാഅത്ത് സൈദ്ധാന്തികനായ ഏ.ആറും തള്ളിപ്പറഞ്ഞുകൊണ്ട് സംസ്ഥാന അമീർ ആരിഫലിയും ഇരുചേരികളിലായി നിൽക്കുന്നത് ജമാഅത്തെ ഇസ്‌ലാമിയുടെ ആശയപാപ്പരത്തേയും അവരകപ്പെട്ട പ്രതിസന്ധിയേയും സൂചിപ്പിക്കുന്നു.**

മതേതര, ദേശീയ - ജനാധിപത്യത്തെക്കുറിച്ചുള്ള മൗദൂദിയുടെ കാഴ്ചപ്പാട്, ഐ.പി.എച്ച്. പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ നിന്ന് നാം കണ്ടു കഴിഞ്ഞു. "പ്രസ്തുത വ്യവസ്ഥിതിയുമായി ഇസ്‌ലാം യോജിക്കുന്ന ഒറ്റ പോയിന്റുമില്ല" എന്നും, "ആ അവിശുദ്ധ വ്യവസ്ഥിതിയുമായി തുറന്ന സമരത്തിലാണെന്നും". പ്രത്യക്ഷസംഘട്ടനമാണെന്നും; സന്ധിയില്ലാത്ത യുദ്ധമാണെന്നും" മൗദൂദി എഴുതിയതിനെ ന്യായീകരിച്ചുകൊണ്ട് ഏ.ആർ. എഴുതുന്നത് കാണുക: "മൗദൂദിയും ഹസനുൽ ബന്നയും ഇരുപതാം നൂറ്റാണ്ടിൽ ............ ജനാധിപത്യത്തോടും മതേതരത്വത്തോടും, ദേശീയതയോടും മുസ്‌ലിം സ്വീകരിക്കേണ്ട കാഴ്ചപ്പാടുകളും വിശദീകരിച്ചു. അത് തെറ്റായിരുന്നു എന്ന് ഇന്ന് വരെ ഇസ് ലാമിനെ ആഴത്തിൽ പഠിച്ചവരാരും തെളിയിച്ചിട്ടില്ല. അടിസ്ഥാനപരമായി അതൊക്കെ ശരിയായിരുന്നുവെന്ന നിലപാടിൽ ജമാഅത്തെ ഇസ്‌ലാമി ഉറച്ചു നിൽക്കുന്നു." - ഏ.ആർ

പ്രബോധനം, പേജ് 13, 2010 ജൂൺ5

ആഴത്തിൽ പഠിച്ച ഏ.ആർ.ന്റെ ജമാഅത്തെ ഇസ്‌ലാമി മൗദൂദിയുടെ ജനാധിപത്യകാഴ്ചപ്പാടിനെ അംഗീകരിക്കുമ്പോൾ, ആരിഫലിയുടെ ജമാഅത്തെ ഇസ്‌ലാമി എന്തു പറയുന്നു എന്ന് നോക്കുക: "ഇൻഡ്യയിൽ ഏത് അർത്ഥത്തിലുള്ള മതേതരത്വമാണോ ഉള്ളത്, അത് അനുസരിച്ചുള്ള ഒരു ബഹുസ്വര സമൂഹം തന്നെയാണ് ഇസ്‌ലാമിക രാഷ്ട്രമാണെങ്കിൽ പോലും ഉണ്ടാവുക. അതുകൊണ്ട് ബഹുസ്വരതയുമായി ഏറ്റുമുട്ടുന്ന ഒരു പ്രശ്നമില്ല. എങ്ങനെ ക്ഷേമവും ഐശ്വര്യവും നിറഞ്ഞ ഒരു രാഷ്ട്രം കെട്ടിപ്പടുക്കാമെന്ന് ചിന്തിക്കുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി." - ടി. ആരിഫലി

(അമീർ, കേരള ജമാഅത്തെ ഇസ്‌ലാമി).

അഭിമുഖം: മാതൃഭൂമി ആഴ്ചപ്പതിപ്പ് 2010 ജൂൺ 13 പേജ് 14.

ഇനി, സദ്റുദ്ദീന്റെ ജമാഅത്തെ ഇസ്‌ലാമി എന്ത് പറയുന്നു എന്ന് നോക്കുക: "ഇൻഡ്യയിൽ നിലനിൽക്കുന്ന ജനാധിപത്യസംവിധാനം തകരുകയോ, തളരുകയോ ചെയ്യാതെ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി."

വീണ്ടും എഴുതുന്നു: "മതനിരപേക്ഷതയും സാമുദായിക സൗഹാർദ്ദവും ഉദ്ഘോഷിക്കുന്ന ഇൻഡ്യൻ മതേതരത്വം മഹത്തായ മൂല്യമാണെന്ന് ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്നു." - സദ്റുദ്ദീൻ വാഴക്കാട്. (പ്രബോധനം 15-5-2010 പേജ് - 16, 17.)

1941-ൽ സ്ഥാപിതമായ ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപക നേതാവായ മൗദൂദിയുടെ കാഴ്ചപ്പാടിൽ മതേതരത്വം ഇസ്‌ലാമുമായി യോജിക്കുന്ന ഒറ്റ പോയിന്റുമില്ലെന്ന് അടിവരയിട്ട് പറയുമ്പോൾ മൗദൂദിയുടെ ഈ കാഴ്ചപ്പാട് തെറ്റാണെന്ന് ഇസ്‌ലാമിനെ ആഴത്തിൽ

കേരള നേതാക്കളിൽ നിന്നുണ്ടായത് തികച്ചും അത്ഭുതമുളവാക്കുന്നുണ്ട്. എന്നാൽ ഇത് നേതാക്കൾ ഒരുമിച്ചിരുന്നെടുത്ത ആലോചനാപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ലെന്ന്, പ്രസ്ഥാനത്തിന്റെ തലമുതിർന്ന നേതാവായ ഏ.ആർ.ന്റെ പ്രസ്താവനയിൽ നിന്നും മനസ്സിലാക്കാം. അദ്ദേഹം എഴുതുന്നു: "അദ്ദേഹത്തിന്റെ കൃതികൾ ഇപ്പോഴും പ്രസിദ്ധീകരിക്കുന്നത് മൗലികമായി അദ്ദേഹത്തിന് തെറ്റ് പറ്റിയിട്ടില്ല എന്ന് കരുതുന്നത് കൊണ്ട് തന്നെയാണ്!" - ഏ.ആർ. (പ്രബോധനം **2010 ജൂൺ 5 പേജ് - 14)**

ഒന്നുകിൽ, ടി. ആരിഫലിയും സദ്റുദ്ദീനും മൗദൂദിയുടെ പ്രസ്തുത ബുക്ക് ഒരാവർത്തി പോലും വായിക്കാതെയാണ് പ്രതികരിച്ചിരിക്കുന്നത്. അല്ലെങ്കിൽ, മൗദൂദിയുടെ വീക്ഷണങ്ങളോട് തികച്ചും വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ടാവണം പ്രതികരിച്ചത്. ഇത് അവർ തന്നെയാണ് വ്യക്തമാക്കേണ്ടത്.

ഇനി ബുക്ക് വായിച്ച് പഠിച്ച് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് തന്നെയാണ് മേൽ പ്രസ്താവനകൾ ഇരുവരും നടത്തിയതെങ്കിൽ, അത്, ഏ.ആർ. പറഞ്ഞത് പോലെ "ആമിൻ ഉറക്കെ ചൊല്ലണമോ, തശഹുദിൽ വിരൽ ഇളക്കണമോ, നമസ്കാരത്തിൽ കൈ നെഞ്ചത്ത് വെക്കണമോ, നമസ്കാരം കഴിഞ്ഞാൽ ഉടനെ ഇമാം സ്ഥലം വിടണമോ എന്ന് തുടങ്ങിയ വിഷയങ്ങളെപ്പോലെ നിസ്സാരവൽക്കരിച്ച് തള്ളാവുന്നതല്ല. മൗലികമായി മൗദൂദിക്ക് തെറ്റുപറ്റിയെന്ന് തന്നെയാണ് അതിനർത്ഥം. സദ്റുദ്ദീൻ വാഴക്കാട് പ്രബോധനത്തിൽ 15-5-2010. പേജ് 16,17-ൽ ജനാധിപത്യത്തെക്കുറിച്ച് എഴുതിയതും - ആരിക്കുക വ്യത്യസ്തമായ അഭിപ്രായ പ്രകടനങ്ങൾ നടത്തി ജനങ്ങളുടെ ശ്രദ്ധ തിരിക്കാമെന്നത് ശരിയല്ലല്ലോ?

മൗദൂദി എഴുതുന്നു:

"നമ്മുടെ പക്ഷത്തിൽ, പ്രസ്തുത മൂന്നു തത്ത്വങ്ങളും അബദ്ധജടിലങ്ങളാണ്. അബദ്ധജടിലങ്ങളെന്ന് മാത്രമല്ല മനുഷ്യനിന്ന് അടിപ്പെട്ടുപോയിട്ടുള്ള സകല ദുരിതങ്ങളുടെയും വിനാശങ്ങളുടെയും നാരായവേര് ആ തത്ത്വങ്ങളാണെന്നു കൂടി നാം ദൃഢമായി വിശ്വസിക്കുന്നുണ്ട്. നമ്മുടെ വിരോധം വാസ്തവത്തിൽ അതേ തത്ത്വങ്ങളോടത്രേ. നാം നമ്മുടെ മുഴുശക്തിയുമുപയോഗിച്ച് അവയ്ക്കെതിരെ സമരം നടത്തിയേ തീരൂ. (പേജ് 11)

ഏ.ആർ. മൗദൂദിയുടെ കാഴ്ചപ്പാടിനെ അനുകൂലിക്കുമ്പോൾ, ടി. ആരിഫലിയും, സദ്റുദ്ദീനും മൗദൂദിയുടെ കാഴ്ചപ്പാടിന് തികച്ചും പ്രതികൂലമായി പ്രതികരിച്ചിരിക്കുന്നു! ഇത് വളരെ ലാഘവത്തോടെ പ്രതികരിച്ച് തള്ളാവുന്ന ഒരു വിഷയമാണോ?

'ജമാഅത്തെ ഇസ്‌ലാമി' എന്ന പ്രസ്ഥാനം 1941-ൽ സ്ഥാപിതമാകുമ്പോൾ, അതിന്റെ സ്ഥാപകനേതാവ് 'പ്രസ്ഥാനത്തിന്റെ സന്ദേശമായി' ഇൻഡ്യൻ ജനതയുടെ മുമ്പിൽ അവതരിപ്പിച്ചതാണിത്. ഒരു പ്രദർശനവസ്തു' മാത്രമായിട്ടല്ലല്ലോ ജമാഅത്തെ ഇസ്‌ലാമി ഐ.പി.എച്ച്.ലൂടെ ഇത് വിറ്റഴിക്കുന്നത്. ഓരോ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനും പഠിച്ച് ഉൾകൊണ്ട് കർമ്മജീവിതത്തിൽ പ്രയോഗവൽക്കരിക്കാനാണല്ലോ മൗദൂദി ഇത് സമർപ്പിച്ചത്. മൗദൂദി മരിച്ച് 3 പതിറ്റാണ്ടുകൾ പിന്നിട്ടപ്പോഴേക്കും, പ്രസ്ഥാനത്തിന്റെ അടിസ്ഥാന കാഴ്ചപ്പാടിന് വിരുദ്ധമായ പ്രസ്താവന പഠിച്ചവർ ഇത് വരെ തെളിയിച്ചിട്ടില്ലെന്നും മൗദൂദിയുടെ പ്രസ്തുത കാഴ്ചപ്പാട് ശരിയായിരുന്നു എന്ന നിലപാടിൽ ജമാഅത്തെ ഇസ്‌ലാമി ഉറച്ച് നിൽക്കുന്നുവെന്നും ഏ.ആർ. പറയുമ്പോൾ ടി. ആരിഫലിയും, സദ്റുദ്ദീൻ വാഴക്കാടും ഇസ്‌ലാമിനെക്കുറിച്ച് ആഴത്തിൽ പഠിച്ചിട്ടില്ലെന്നല്ലേ ഏ.ആർ. സമർത്ഥിക്കുന്നത്?

കേരള ജമാഅത്തെ ഇസ്‌ലാമി പണ്ഡിതന്മാർക്കിടയിൽ എന്തുകൊണ്ട് ഇങ്ങനെ മൗദൂദിയുടെ വളരെ അടിസ്ഥാനമായ പ്രസ്തുത കാഴ്ചപ്പാടിനെ സംബന്ധിച്ച് അഭിപ്രായഭിന്നതയുണ്ടായി? ഐ.പി.എച്ച്. പ്രസിദ്ധീകരിച്ച മൗദൂദിയുടെ "മതേതരത്വം, ദേശീയത്വം, ജനാധിപത്യം ഒരു താത്വിക വിശകലനം" എന്ന ഗ്രന്ഥം അമീറായ ടി. ആരിഫലിയും, സദ്റുദ്ദീൻ വാഴക്കാടും 'ആഴത്തിൽ' പഠിച്ചിട്ടില്ലെന്നല്ലേ അവരുടെ വാക്കുകളിൽ നിന്നും മനസ്സിലാകുന്നത്. ആ പുസ്തകം അവർ ആഴത്തിൽ പഠിച്ചിരുന്നുവെങ്കിൽ, മൗദൂദി പറഞ്ഞതിന് വിരുദ്ധമായി "ഇൻഡ്യൻ മതേതരത്വം അനുസരിച്ചുള്ള ഒരു ബഹുസ്വര സമൂഹം തന്നെയാണ് ഇസ്‌ലാമിക രാഷ്ട്രമാണെങ്കിൽ പോലും ഉണ്ടാവുകയെന്നും, അതുകൊണ്ട് ബഹുസ്വരതയുമായി ഏറ്റുമുട്ടുന്ന ഒരു പ്രശ്നമില്ലെന്നും ആരിഫലിയും - "ഇൻഡ്യൻ മതേതരത്വം മഹത്തായ മൂല്യമാണെന്ന്" സദ്റുദ്ദീൻ വാഴക്കാടും പറയുമായിരുന്നോ? പൊതുജനങ്ങളെ വിഡ്ഢികളാക്കാമെന്നാണോ ഉദ്ദേശിക്കുന്നത്? കേരള ശൂറായോഗം ചേരുമ്പോൾ, മൗദൂദിയുടെ പ്രസ്തുത ബുക്ക് അജണ്ടയായി വെച്ച് ആഴത്തിൽ പഠിച്ച്, അതിനെ സംബന്ധിച്ചുള്ള ആധികാരികമായ കാഴ്ചപ്പാട് പൊതുജനങ്ങളുടെ മുമ്പാകെ പ്രഖ്യാപി

ഫലി മാതൃഭൂമിയിൽ - 2010 ജൂൺ 13 പേജ് 14-ൽ എഴുതിയതും ഒ. ഏ. ആർ. വായിച്ചിട്ടില്ലെന്ന് തോന്നുന്നു. അല്ലെങ്കിൽ ഇങ്ങനെ പരസ്പരവിരുദ്ധമായി അടിസ്ഥാന വിഷയത്തെ സംബന്ധിച്ച് പ്രസ്താവനകളിറക്കുമായിരുന്നില്ല. അതല്ലെങ്കിൽ പ്രസ്ഥാനം രണ്ടായി പിളരാനുള്ള സൂചനയാവാം. മൗദൂദിയുടെ വീക്ഷണങ്ങളിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ മുന്നോട്ടു പോകുവാനുദ്ദേശിക്കുന്നവർ ഒരു ഭാഗത്തും - ഇനി മൗദൂദിയുടെ വീക്ഷണങ്ങളുമായി മുന്നോട്ടുപോയാൽ, ബഹുസ്വര സമൂഹവുമായി ലയിക്കാൻ കഴിയില്ലെന്നും, പുരോഗതിക്കത് വിഘാതമാവുമെന്നും ഭയന്ന് മനമില്ലാ മനസ്സോടെ അത് തിരസ്കരിക്കൽ നല്ലതെന്ന് മനസ്സിലാക്കുന്നവർ മറുഭാഗത്തും. പ്രബോധനത്തിലൂടെയും മാതൃഭൂമിയിലൂടെയും നിങ്ങൾ ഉതിർത്തുവിട്ട പ്രശ്നങ്ങൾക്ക് വായനക്കാർ നിർദ്ധാരണം ചെയ്തെടുത്ത ഉത്തരമായി ഇതിനെ മനസ്സിലാക്കാവുന്നതാണ്. മൗദൂദിയെ തള്ളിക്കളയാൻ തയ്യാറില്ലാത്ത ഏ.ആർ.നെ മാറ്റിനിർത്തി, ടി. ആരിഫലിയോടും, സദ്റുദ്ദീനോടും വിനീതമായി ചോദിക്കാനുള്ളത് എന്തെന്നാൽ 1941-ൽ മൗദുദി ജമാഅത്തെ ഇസ്ലാമി എന്ന പ്രസ്ഥാനം രൂപം കൊടുക്കുമ്പോൾ ഇൻഡ്യാ ഉപഭൂഖണ്ഡത്തിൽ മറ്റ് ഇസ്ലാമിക പ്രസ്ഥാനങ്ങൾ നിലവിലുണ്ടായിരുന്നു. ഇതിൽ നിന്നും വ്യത്യസ്തമായി മൗദൂദി, പുതിയൊരു പ്രസ്ഥാനരൂപീകരണത്തിന് നിദാനമായി സമർപ്പിച്ച വീക്ഷണങ്ങൾക്ക് വിരുദ്ധമായ വീക്ഷണങ്ങളാണ് നിങ്ങൾ സമർപ്പിച്ചിരിക്കുന്നത്. ഇതോടുകൂടി മറ്റ് ഇസ്ലാമിക സംഘടനകളുടെ ജനാധിപത്യ - മതേതരത്വ വീക്ഷണങ്ങളോട് നിങ്ങൾ താത്വികമായി യോജിച്ച് കഴിഞ്ഞിരിക്കുന്നു. "മൗദൂദിയുടെ കാഴ്ചപ്പാടുകൾ തെറ്റായിരുന്നു എന്ന് ഇന്ന് വരെ ഇസ്ലാമിനെ ആഴത്തിൽ പഠിച്ചവരാരും തെളിയിച്ചിട്ടില്ല."- ഏ. ആർ. (പ്രബോധനം 2010 ജൂൺ 5 പേജ് - 13)

മൗദൂദിയുടെ കാഴ്ചപ്പാടുകൾ തെറ്റായിരുന്നു എന്ന് തെളിയിക്കാൻ ആഴത്തിൽ പഠിക്കേണ്ട ഒരാവശ്യവും ഇല്ല. 'മൗദൂദിയൻ' ആശയങ്ങളെ തള്ളിക്കളയാൻ തയ്യാറല്ലാത്ത ഏ.ആർ.നും കൂട്ടർക്കും മറുപടി തരാൻ കഴിയുമെങ്കിൽ താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി തരിക.

(1) 'ജമാഅത്തെ ഇസ്ലാമിയുടെ സന്ദേശം' എന്ന പേരിൽ ആദ്യം പ്രസിദ്ധീകരിച്ച മതേതരത്വം, ദേശീയത്വം, ജനാധിപത്യം എന്ന മൗദൂദിയുടെ പ്രധാന ബുക്ക് ആരംഭിക്കുമ്പോൾ എന്ത് കൊണ്ട് അല്ലാഹുവിന്റെ നാമത്തിൽ ആരംഭിച്ചില്ല.?

"ബിസ്മില്ലാഹിർ റഹ്മാനിർ റഹീം'കൊണ്ട് ആരംഭിക്കാത്ത കർമ്മങ്ങളെല്ലാം അനുഗ്രഹരഹിതവും അപൂർണ്ണവും ആയിരിക്കു"മെന്ന നബിതിരുമേനി(സ)ന്റെ നിർദ്ദേശം പാലിക്കാതെ ആരംഭിച്ചതിനാൽ തന്നെ പ്രസ്തുത ഗ്രന്ഥം അനുഗ്രഹരഹിതവും, അപൂർണ്ണവുമാണെന്ന് വ്യക്തമല്ലേ?

(2) പ്രസ്തുത ഗ്രന്ഥത്തിലെ മൗദൂദിയുടെ കാഴ്ചപ്പാടുകൾ ശരിയാണെങ്കിൽ, അത് തെളിയിക്കുവാൻ വിശുദ്ധ ഖുർആനിലെ 6666 വചനങ്ങളിൽ നിന്നും പ്രമാണമായി ഒരു വചനം പോലും എന്തുകൊണ്ട് മൗദൂദിക്ക് കൊടുക്കാൻ കഴിയാതെ പോയി?

(3) വിശുദ്ധ ഖുർആൻ വിശദീകരിച്ച, നബിതിരുമേനി(സ)യുടെ ചര്യ വിശദീകരിക്കുന്ന ലക്ഷക്കണക്കിന് ഹദീസുകളിൽ നിന്നും ഒരു ഹദീസുപോലും തന്റെ വാദങ്ങൾക്ക് പിന്തുണയായി മൗദൂദിക്ക് നൽകാൻ എന്തുകൊണ്ട് കഴിഞ്ഞില്ല?

(4) തന്റെ വാദങ്ങൾക്ക് പ്രമാണമായി, നബിതിരുമേനി(സ)യുടെ ജീവിതം കണ്ട് പഠിച്ച സഹാബാക്കളുടേയോ, താബിഉകളുടേയോ, ഇസ്ലാമിക ചക്രവാളത്തിലെ കഴിഞ്ഞുകടന്ന മുജദ്ദിദുമാരുടേയോ, ഗവേഷകന്മാരുടേയോ ഉദ്ധരണികൾ എന്തുകൊണ്ട് നൽകാൻ കഴിഞ്ഞില്ല?

**മതേതര - ദേശീയ - ജനാധിപത്യം:**

* ഇസ്ലാമിനും ഈമാനിനും കടകവിരുദ്ധമാണെങ്കിൽ ഖുർആൻ - ഹദീസ് തെളിവ് നൽകുക.

* പ്രസ്തുത വ്യവസ്ഥിതിയുമായി 'ഇസ്ലാം' യോജിക്കുന്ന ഒറ്റ പോയിന്റുമില്ല എന്ന് അല്ലാഹുവും റസൂലും പറഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ തെളിവ് നൽകുക.

* ഇസ്ലാമിക ഭരണസ്ഥാപനാർത്ഥം സമരം ചെയ്യേണ്ടത് മുസ്ലിംകളുടെ ഒഴിച്ചുകൂടാനാവാത്ത മതകർത്തവ്യം' ആണെന്ന് അല്ലാഹുവും നബി(സ) തിരുമേനിയും പഠിപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ തെളിവ് നൽകുക.

ഇസ്ലാമിന്റെ ഏറ്റവും വലിയ പ്രത്യേകത തന്നെ അത് ലോകത്തിന് മുമ്പിൽ സമർപ്പിക്കുന്ന ഏതൊരു വിഷയവും വ്യക്തമായ പ്രമാണത്തിന്റെ പിൻബലത്തോടെയാണ് എന്നതാണ്. അങ്ങനെയിരിക്കെ, വളരെ അടിസ്ഥാനവിഷയം എന്ന രൂപേണ, മതകർത്തവ്യമായി മുസ്ലിം മനസ്സുകളിലേക്ക് കടത്തിവിടാൻ മൗദൂദി എഴുതിവെച്ച വാക്കു

കൾക്ക് ഖുർആനിന്റേയും ഹദീസിന്റെയും പിൻബലമുണ്ടായിരുന്നെങ്കിൽ ആ ആശയത്തിന് 'ഖുർആനികം', 'ഇസ്‌ലാമികം' എന്നൊക്കെ നമുക്ക് പറയാമായിരുന്നു; എന്നാൽ യാതൊരു തെളിവുമില്ലാതെ, മൗദൂദിയുടെ തലച്ചോറിൽ നിന്നും രൂപപ്പെട്ട വാക്കുകളെ, വായിൽ നിന്നും പേനയിൽ നിന്നും ഉതിർന്ന് വീണ വാക്കുകളെ സ്വാഭാവികമായും 'മൗദൂദിയൻ ആശയം', 'മൗദൂദിസം' എന്നൊക്കെയല്ലേ നമുക്ക് പറയാൻ കഴിയൂ? നബി(സ) തിരുമേനിയുടെ ജീവിതം ലോകത്തിന്റെ മുമ്പിൽ ഒരു തുറന്ന പുസ്തകം പോലെയുണ്ട്. നുബുവ്വത്തിന്റെ 23 വർഷകാലത്തെ പുണ്യ തിരുമേനിയുടെ ജീവിതത്തിലെ 13 വർഷകാലം (പകുതിയിലേറെ) മക്കയിലെ താഗൂത്തിന്റെ കീഴിലാണ് കഴിഞ്ഞത്. അഥവാ ഇസ്‌ലാമിക ഭരണത്തിൻ കീഴിലല്ല. ഇസ്‌ലാമിന്റെ ശത്രുക്കൾ അഥവാ താഗൂത്തീ ഭരണകൂടത്തിന്റെയാളുകൾ എന്തിന്റെ പേരിലായിരുന്നു നബി (സ) തിരുമേനിയേയും അനുചരന്മാരെയും 13 വർഷകാലം പീഡിപ്പിച്ചുകൊണ്ടിരുന്നത്? ഭരണം പിടിച്ചടക്കാൻ ശ്രമിച്ചതിന്റെ പേരിലായിരുന്നോ?

ചരിത്രം പറയട്ടെ -

നാട്ടുമൂപ്പന്മാർ അഥവാ നബി (സ) തിരുമേനിയുടെ ശത്രുമുഖ്യന്മാർ അബൂത്വാലിബിനെ സമീപിച്ച് കൊണ്ട് പറഞ്ഞു: "അങ്ങു ഞങ്ങളുടെ നേതാക്കളിൽ ഒരാളത്രെ. അങ്ങയെ ഓർത്താണ് ഞങ്ങൾ അങ്ങയുടെ സഹോദരപുത്രനെ ഇതേവരെ വെറുതെ വിട്ടിട്ടുള്ളത്. നമ്മെ പൊതുവായി ബാധിച്ചിട്ടുള്ള ഈ വിപത്തിനും കുഴപ്പത്തിനും അവസാനം കാണേണ്ട സമയം ആയിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ വിഗ്രഹ പ്രതിഷ്ഠകളെ കുറിച്ച് മുഹമ്മദ് ഇനിയൊന്നും എതിരായി പറഞ്ഞു പോകരുതെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്! ദൈവം ഒന്നാണെന്ന് വേണമെങ്കിൽ പറഞ്ഞുകൊള്ളട്ടെ. നമ്മുടെ വിഗ്രഹങ്ങളെക്കുറിച്ച് ഒന്നും തന്നെ എതിരു പറയാൻ അനുവദിക്കില്ല. ഇതിന് മുഹമ്മദ് സമ്മതിക്കുകയാണെങ്കിൽ നമ്മൾ തമ്മിലുള്ള എല്ലാ ശണ്ഠകളും തർക്കങ്ങളും ഇതോടെ അവസാനിക്കും" (ഹിശാം)

എന്നാൽ നബി(സ) തിരുമേനി ശത്രുക്കളുടെ അധികാരം ഉൾപ്പെടെയുള്ള എല്ലാ വാഗ്ദാനങ്ങളും തിരസ്കരിച്ചുകൊണ്ട് പറഞ്ഞ മറുപടി ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെട്ട് കിടക്കുന്നു. "അവർ എന്റെ ഒരു കയ്യിൽ സൂര്യനേയും മറുകയ്യിൽ ചന്ദ്രനേയും വച്ചുതന്നാൽ പോലും ഏകദൈവതത്വത്തെ പ്രഘോഷിക്കുന്നതിൽ നിന്ന് ഞാൻ പിന്മാറുകയില്ല." (ഹിശാം, സർഖാനി).

ഇസ്‌ലാമിക ഭരണം സ്ഥാപിക്കുകയെന്നതായിരുന്നില്ല നബി (സ) തിരുമേനിയുടെ ലക്ഷ്യമെന്ന് വ്യക്തമായിരിക്കുമല്ലോ. എന്ന് മാത്രമല്ല തന്റെ അനുയായികളുടെ മേലുള്ള ക്രൂരമായ പീഢനങ്ങളുടെ അതിര് ലംഘിച്ചപ്പോൾ നാട് വിട്ട് മതസ്വാതന്ത്ര്യം നൽകുന്ന നീതിമാനായ നജ്ജാശി രാജാവ് ഭരിക്കുന്ന അബ്സീനിയയിലേക്കു പാലായനം ചെയ്യാനാണ് തന്റെ അനുയായികളോട് പുണ്യതിരുമേനി നിർദ്ദേശിച്ചത്. മൗദൂദിയുടെ ഭാഷയിൽ, നജ്ജാശിയുടെ ഭരണം താഗൂത്തീഭരണമാണ്. ഇസ്‌ലാമിക ഭരണമല്ലാത്ത അബ്സീനിയയിലേക്ക് വിശ്വാസ സംരക്ഷണത്തിനായി അഭയം തേടാൻ തന്റെ അനുയായികളോട് കൽപിച്ചത് ഇസ്‌ലാമിന്റെ പാഠമല്ലാതെ മറ്റെന്താണ്? അഭയം നൽകിയ രാജ്യത്ത് കൂറോടെ ജീവിക്കുകയെന്നതല്ലേ നബി (സ) പഠിപ്പിച്ച പാഠം. അതനുസരിച്ച് ജീവിച്ച, സമാധാനസന്ദേശം പ്രചരിപ്പിച്ച മുസ്‌ലിംകളുടെ മാതൃക കണ്ടുകൊണ്ടല്ലേ നീതിമാനായ ആ രാജാവ് ഇസ്‌ലാം സ്വീകരിച്ചത്.

മൗദൂദിയുടെ വീക്ഷണത്തിൽ, ആ രാജ്യത്ത് ചെന്ന മുസ്‌ലിംകൾ സംഘടിച്ച്, അനിസ്‌ലാമിക ഭരണകൂടത്തിനെതിരെ സന്ധിയില്ലാ സമരം നടത്തി, സർവ്വശക്തിയുമുപയോഗിച്ച് പിഴുതു മാറ്റി പകരം ഇസ്‌ലാമിക ഭരണം സ്ഥാപിക്കണമായിരുന്നു. ഇത് നബിചര്യയല്ലെന്നത് വളരെ വ്യക്തമാണ്.

മക്കയിൽ നിന്നും മദീനയിലേക്ക് പാലായനം ചെയ്തതിനുശേഷം, സ്വാഭാവികമായി ഭൂരിപക്ഷ മുസ്‌ലിം സമൂഹത്തിൽ, വിശുദ്ധ ഖുർആനിക നിയമങ്ങൾ നടപ്പാക്കി. നബി(സ) തിരുമേനിയുടെ ജീവിതത്തിൽ തന്നെ, ഖുർആനിക നിയമങ്ങളുടെ പൂർത്തീകരണം അനിവാര്യമായിരുന്നു. ഒരു രാജ്യത്ത് മുഴുവൻ ആളുകളും, അല്ലെങ്കിൽ ഭൂരിപക്ഷ ആളുകളും യഥാർത്ഥ മുസ്‌ലിംകളാണെങ്കിൽ, അവിടെയുള്ള ഭൗതീക ഭരണരീതികൾ വിശുദ്ധ ഖുർആനും തിരുചര്യക്കുമനുസരിച്ചായിരിക്കുമെന്നത് മനസ്സിലാക്കാൻ മൗദൂദിയൻ വ്യാഖ്യാനമൊന്നും ആവശ്യമില്ല.

നിലവിലുള്ള ഭരണവ്യവസ്ഥയെ സർവ്വശക്തിയും കഴിവും ഉപയോഗിച്ച് പിഴുത് മാറ്റി പകരം ഇസ്‌ലാമിക ഭരണം സ്ഥാപിക്കാൻ സമരം ചെയ്യൽ മുസ്‌ലിംകളുടെ മതകർത്തവ്യമാണെന്ന മൗദൂദിയുടെ കണ്ടെത്തൽ (മആദല്ലാഹ്) നബി തിരുമേനിക്ക് മനസ്സിലായില്ലെന്നാ

*(ശേഷം 40-ൽ)*

ലേഖനം

അൽഖുർആൻ എക്സിബിഷൻ - 23

ഏ.ക്യു മഹ്ദി

# വാഗ്ദത്ത മസീഹിന്റെ ദൗത്യപ്രഖ്യാപനം

## ക്രിസ്തുമതത്തിന്റെ പ്രചണ്ഡമായ പ്രചാരണ കൊടുങ്കാറ്റ് വാഗ്ദത്ത മസീഹിന്റെ പ്രഭാവത്താൽ പെട്ടെന്ന് നിലച്ചു. ധൈഷണിക ഗോദയിൽ ഇസ്‌ലാം അപ്രതിരോധ്യമായ ജേതാവായി മാറി.

ഹിജ്റ 14-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ഇപ്രകാരം പ്രഖ്യാപിച്ചു.

'അല്ലാഹുവിനാൽ മാർഗദർശനം നൽകപ്പെടുകയും ജനങ്ങളെ സ്വർഗ്ഗീയാരാമത്തിലേയ്ക്ക് ക്ഷണിക്കുകയും മുസ്‌ലിംകളിൽ ആവിർഭവിക്കേണ്ടതായ ഏതൊരു മസീഹിനെക്കുറിച്ച് വാഗ്ദാനം നൽകപ്പെട്ടിരുന്നുവോ, ലോകം മുഴുവൻ ധർമ്മച്യുതിയിൽ അകപ്പെടുകയും ഇസ്‌ലാം അധഃപതിക്കുകയും ചെയ്യുന്ന കാലത്ത് ഏതൊരു മഹ്ദിയെക്കുറിച്ച് നബിതിരുമേനി(സ) സുവിശേഷമറിയിച്ചിരുന്നുവോ, അദ്ദേഹം ഞാനല്ലാതെ മറ്റാരുമല്ലെന്ന് സംശുദ്ധമായ വഹ്‌യ് (വെളിപാട്) മുഖേന അല്ലാഹു എനിക്കു വെളിപ്പെടുത്തിത്തന്നിരിക്കുന്നു.' (തദ്കിറത്തുശ്ശഹാദത്തൈൻ).

ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനായി അല്ലാഹു നൽകിയ വാഗ്ദാനം അവൻ നിറവേറ്റിയിരുന്നു.

അല്ലാഹുവിനത്രെ സർവ്വസ്തുതിയും. ഞാൻ നബി തിരുമേനി(സ) യുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ പർവ്വതതുല്യമായ പുണ്യകർമ്മങ്ങൾ ഞാൻ ചെ യ്തിരുന്നാലും ദൈവികഭാഷണത്തിൽ ഞാൻ അനുഗ്രഹിക്കപ്പെടുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ മുഹമ്മദീനുബുവത്ത് ഒഴികെ മറ്റെല്ലാ നുബുവത്തും അവസാനിച്ചുപോയിരിക്കുന്നു. ശരീഅത്തോടുകൂടിയ ഒരു പ്രവാചകൻ ഇനി വരികയില്ല. ശരീഅത്ത് ഇല്ലാത്ത നബി വരാവുന്നതാണ്. പക്ഷേ, ആ നബി ഒന്നാമതായി തിരുനബിയുടെ ഉമ്മത്തിയും അനുസാരിയുമായിരിക്കണം. ഞാൻ അങ്ങനെയുള്ള ഒരു അനുസാരിയും പ്രവാചകനുമാകുന്നു. എന്റെ പ്രവാചകത്വം നബിതിരുമേനി(സ)യുടെ പ്രവാചകത്വത്തിന്റെ പ്രതിബിംബം മാത്രമാണ് (തജല്ലിയാത്തെ ഇലഹിയ്യ)

അറബി, പേർഷ്യൻ ഭാഷകളിൽ നിപുണനും, അന്നത്തെ (അവിഭക്ത ഇൻഡ്യയുടെ) ഏറ്റവും വലിയ ഇടവകയായ ലാഹോറിലെ ബിഷപ്പുമായിരുന്ന ജോർജ്ജ്

ഒരു സംവാദം

A GREAT DEBATE



അറബി പേർഷ്യൻ ഭാഷകളിൽ നിപുണനും, വടക്കെ ഇന്ത്യയിലെ ഏറ്റവും വലിയ ഇടവകയായ ലാഹോറിലെ ബിഷപ്പുമായിരുന്ന ജോർജ്ജ് ആൽഫ്രഡ് ലെഫ്റോയ് ഇന്ത്യ മുഴുക്കെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിപ്പിക്കാമെന്ന പ്രത്യാശയോടെ വലിയ പുരോഹിത വ്യൂഹത്തോടെയാണ് ഇവിടെയെത്തിയത്. യേശു മാത്രമാണ് പാപരഹിതനെന്ന് തന്റെ പൊതുപ്രസംഗങ്ങളിൽ അദ്ദേഹം പ്രഖ്യാപിച്ചു.

ഹദ്റത്ത് അഹ്മദ് (അ) അതിനോട് പ്രതികരിച്ചു:

"ഖുർആൻ അനശ്വര ഗ്രന്ഥവും ഇസ്‌ലാം സജീവ മതവും മുഹമ്മദ് (സ) ജീവൽ പ്രവാചകനും ഇസ്‌ലാമിക വിശ്വാസപ്രമാണങ്ങളിലെ ദൈവം യഥാർത്ഥ ദൈവവും ആണെന്ന് തെളിയിക്കുന്നതിന്നായിട്ടാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്." അങ്ങനെ ഒരു സംവാദത്തിന് അങ്കം കുറിക്കപ്പെട്ടു. എങ്കിലും ഹദ്റത്ത് അഹ്മദുമായി ഒരു വിവാദത്തിലേർപ്പെടാൻ ബിഷപ്പ് തയ്യാറായില്ല. ഈ പിൻമാറ്റം വിവാദം സൃഷ്ടിച്ചു.

'ഇന്ത്യൻ ഡെയ്‌ലി ടെലിഗ്രാഫ്' എഴുതി... ക്രിസ്തുമതവും ഇസ്‌ലാമും ഇവയിലേതാണ് സജീവമെന്നും ഖുർആനോ ബൈബിളോ ഇവയിലേതാണ് ഏറ്റവും സുന്ദരവും സ്വാഭാവികവുമായ ഗ്രന്ഥമെന്നും തെളിയിക്കാൻ പ്രതിജ്ഞാബദ്ധനായി മുന്നോട്ടു വന്ന ബിഷപ്പു തന്നെ പ്രതിയോഗികളെ നിശബ്ദരാക്കാനും അവരുടെ ആക്ഷേപങ്ങൾക്ക് മറുപടി പറയാനും അവരെ ബോധ്യപ്പെടുത്തുവാനും കിട്ടിയ സന്ദർഭം ഒരു കാരണവശാലും പാഴാക്കരുതായിരുന്നു (ജൂൺ 19, 1900)

140

ആൽഫ്രഡ് ലെഫ്റോയ്, ഇൻഡ്യ മുഴുവൻ ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യിക്കാമെന്ന വ്യാമോഹത്തോടെ വലിയ ഒരു പുരോഹിതവ്യൂഹവുമൊത്താണ് ഇംഗ്ലണ്ടിൽ നിന്ന് ഇവിടെയെത്തിയത്. യേശു മാത്രമാണ് പാപപരിഹിതനെന്ന് തന്റെ പൊതു പ്രസംഗങ്ങളിൽ അദ്ദേഹം പ്രഖ്യാപിച്ചു.

ഹദ്റത്ത് അഹ്മദ് (അ) അതിനോടു ഇങ്ങനെ മാത്രം പ്രതികരിച്ചു.

'ഖുർആൻ അനശ്വരഗ്രന്ഥവും ഇസ്‌ലാം സജീവമതവും മുഹമ്മദ് നബി(സ) ജീവൽപ്രവാചകനും, ഇസ്‌ലാമിക വിശ്വാസപ്രമാണങ്ങളിലെ ദൈവം യഥാർത്ഥ ദൈവവും ആണെന്നും തെളിയിക്കുന്നതിനായിട്ടാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്'

വാഗ്ദത്ത മസീഹിന്റെ ഈ പ്രസ്താവനയിലൂടെ ഒരു സംവാദത്തിന് അങ്കം കുറിക്കപ്പെടുകയായിരുന്നു. എന്നാൽ ഹദ്റത്ത് അഹ്മദ് (അ)മായി ഒരു വിവാദത്തിലേർപ്പെടാൻ ബിഷപ്പിനു ധൈര്യമുണ്ടായില്ല എന്നതാണു പരമാർത്ഥം. അയാളുടെ ഈ പിൻമാറ്റം പൊതുവെ ശ്രദ്ധിക്കപ്പെടുകയും ഒരു പൊതുവിവാദസൃഷ്ടിക്ക് അതിടയാക്കുകയും ചെയ്തു.

പല പത്രമാധ്യമങ്ങളും ഈ വിഷയം പൊതുശ്രദ്ധയിൽ കൊണ്ടുവരികയും, തങ്ങളുടെ മുഖപ്രസംഗങ്ങളിലൂടെ എടുത്തുപറയുകയും ചെയ്തു. അന്നത്തെ വളരെ പ്രശസ്തപത്രമായ 'ഇൻഡ്യൻ ഡെയ്‌ലി ടെലിഗ്രാഫ്' ജൂൺ 19, 1900 -ലെ പതിപ്പിൽ ഇങ്ങനെ എഴുതിയിരുന്നു.

'ക്രിസ്തുമതവും ഇസ്‌ലാമും, ഇവയിലേതാണ് സജീവമെന്നും ഖുർആനോ ബൈബിളോ, ഇവയിലേതാണ് ഏറ്റവും സുന്ദരവും സ്വാഭാവികവുമായ ഗ്രന്ഥമെന്നും തെളിയിക്കാൻ പ്രതിജ്ഞാബദ്ധതയോടെ മുന്നോട്ടുവന്ന ബിഷപ്പുതന്നെ പ്രതിയോഗികളെ നിശബ്ദരാക്കാനും അവരുടെ ആക്ഷേപങ്ങൾക്ക് മറുപടി പറയാനും അവരെ ബോധ്യപ്പെടുത്തുവാനും കിട്ടിയ ഈ അസുലഭസന്ദർഭം ഒരു കാരണവശാലും പാഴാക്കരുതായിരുന്നു.'

അങ്ങനെ പ്രശസ്തരും പണ്ഡിതന്മാരുമായ ക്രിസ്തീയ പാതിരിമാരൊക്കെ ഹദ്റത്ത് അഹ്മദ് (അ) -നു മുമ്പിൽ തങ്ങളുടെ വാദഗതികൾ അവതരിപ്പിക്കാൻ ധൈര്യമില്ലാതെ പിൻവാങ്ങുകയായിരുന്നു. ●

# ഹദീസുകളുടെ ആധികാരികത

**ഹദ്റത്ത് അഹ്മദ് (അ)**

ഹദീസുകൾ രണ്ടുവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അതിലൊരു വിഭാഗം പ്രായോഗിക ചര്യകൾ കൊണ്ട് സുരക്ഷിതമാക്കപ്പെട്ടവയാണ്. അതായത് അത്തരം ഹദീസുകൾ ഉറച്ചതും ശക്തവുമായ ചില പ്രായോഗിക ചര്യകൾ കൊണ്ട് പ്രബലമാക്കപ്പെട്ടതും സുനിശ്ചിതത്വത്തിന്റെ പദവിയിലുള്ളവയുമായിരിക്കും. അത് മതപരമായ എല്ലാ ആവശ്യങ്ങളും ആരാധനകളും കരാറുകളും മറ്റു വ്യവഹാരങ്ങളും ആജ്ഞകളും സമഗ്രമായ രീതിയിൽ ഉൾക്കൊള്ളുന്നതാണ്. അത്തരം ഹദീസുകൾ സംശയരഹിതമായി പ്രബലങ്ങളും പൂർണ്ണമായും തെളിയിക്കപ്പെട്ടതുമാണ്. ഈ ഹദീസുകളുടെ പ്രബലത അതിന്റെ സമാഹരണത്തിന്റെ രീതിയിൽ നിന്നുമല്ല ലഭ്യമാകുന്നത്. അതിന്റെ ആന്തരശക്തിയിൽ നിന്നുമല്ല. നിവേദകരുടെ വിശ്വസ്തതയിൽ നിന്നോ ആശ്രിതത്വത്തിൽ നിന്നോ അല്ല. മറിച്ച് ആ ഹദീസിന്റെ പ്രായോഗിക മൂല്യത്തിന്റെ അനുഗ്രഹത്തിലാണ് നിലകൊള്ളുന്നത്. അത്തരം ഹദീസുകൾ ഒരു പരിധിവരെ സുനിശ്ചിതമായ രീതിയിൽ പ്രായോഗികക്ഷമതയുള്ളതിനാൽ ആ അളവിൽ ഞാനതിന്റെ പ്രബലതയെ സ്വീകരിക്കുന്നു. മറ്റു ചില വിഭാഗം ഹദീസുകളുണ്ട്. അവ പ്രായോഗികതയുമായി (ചര്യ) ബന്ധമില്ലാത്തതാണ്. അവയാകട്ടെ നിവേദകരുടെ സത്യസന്ധതയിലാണ് സ്വീകരിക്കപ്പെടുന്നത്. അവ എന്റെ പക്കൽ സംശയരാഹിത്യത്തിന്റെ നിലവാരത്തിലേക്ക് വരാത്തവയാണ്.

*(അൽഹഖ്, മുബാഹസ ലുധിയാന, റൂഹാനി ഖസായിൻ വോ. 4, പേ. 35)*

ഹമീദ് ചേന്ദമംഗലൂർ

ലേഖനം

# അവരുടെ മനുഷ്യാവകാശങ്ങൾക്ക് വിലയില്ലേ?

**ഇടതുപക്ഷ ചിന്തകനും ആക്ടിവിസ്റ്റുമായ ലേഖകൻ പാകിസ്താനിലെ അഹ്മദികളുടെ ദുരവസ്ഥ വിവരിക്കുകയും അതിന് നേരെ ഇവിടുത്തെ മുസ്ലിം സംഘടനകൾ പാലിക്കുന്ന നിസ്സംഗതയെ വിമർശിക്കുകയും ചെയ്യുന്നു.**

ഇക്കഴിഞ്ഞ മെയ് 28ന് പാകിസ്താനിലെ ലാഹോറിൽ അഹ്മദിയ്യാ മുസ്ലിങ്ങളുടെ രണ്ടു പള്ളികളിൽ പാക് താലിബാൻ നടത്തിയ ആക്രമണങ്ങളിൽ നൂറോളം പേർ കൊല്ലപ്പെട്ടു. അഹ്മദിയ്യാ വിഭാഗത്തിനു നേരെ പാകിസ്താനിൽ നടക്കുന്ന ആദ്യത്തെ ആക്രമണമല്ല ഇത്. 1953ൽ ഒരു വൻകലാപം തന്നെ അവർക്കെതിരെ നടന്നു. ജമാഅത്തെ ഇസ്ലാമി ഉൾപ്പെടെയുള്ള മുഖ്യധാരാ മുസ്ലിം സംഘടനകൾ ഒത്തുചേർന്നു നടത്തിയ ആ ലഹളയിൽ രണ്ടായിരത്തിലേറെ അഹ്മദി മുസ്ലീങ്ങൾ കൊല്ലപ്പെട്ടു എന്നാണ് കണക്ക്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പഞ്ചാബിലെ ഖാദിയാനിൽ മിർസാ ഗുലാം അഹ്മദാണ് പ്രവാചക പരമ്പര അവസാനിച്ചിട്ടില്ലെന്ന ആശയം അവതരിപ്പിച്ചുകൊണ്ട് പുതിയ മുസ്ലിം വിഭാഗത്തിനു രൂപം നൽകിയത്. മുഹമ്മദ് അന്ത്യപ്രവാചകനാണെന്നു വിശ്വസിക്കുന്ന മുഖ്യധാരാ മുസ്ലീംകൾ അന്നു തൊട്ടേ അഹ്മദിയ മുസ്ലീംകളെ ശത്രുക്കളായാണ് വീക്ഷിച്ചുപോന്നത്.പാകിസ്താൻ നിലവിൽ വന്നപ്പോൾ പഞ്ചാബിലെ അഹ്മദി മുസ്ലീംകളിലെ ഭൂരിപക്ഷം നവരാഷ്ട്രത്തിന്റെ ഭാഗമായിത്തീർന്നു. പാകിസ്താന്റെ പ്രഥമവിദേശകാര്യമന്ത്രി ചൗധരി സഫറുള്ളാഖാൻ അഹ്മദി മുസ്ലിമായിരുന്നു. അദ്ദേഹത്തെപ്പോലെ വേറെ ചില അഹ്മദികളും ആദ്യകാലത്ത് പാകിസ്താനിൽ ഉന്നതസ്ഥാനങ്ങളിലുണ്ടായിരുന്നു. അവരെയെല്ലാം നീക്കം ചെയ്യണമെന്നും അഹ്മദി മുസ്ലിംകളെ അമുസ്ലീംകളായി പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടായിരുന്നു 1953ൽ മുഖ്യധാരക്കാരുടെ പ്രക്ഷോഭം.

തങ്ങളുടെ ലക്ഷ്യം നേടാൻ പ്രക്ഷോഭകർക്ക് തത്കാലം സാധിച്ചില്ലെങ്കിലും അവർ അടങ്ങിയിരുന്നില്ല. മറ്റുള്ളവരുടെ മതവിശ്വാസ സ്വാതന്ത്ര്യം അംഗീകരിച്ചു കൊടുക്കാൻ തയ്യാറല്ലാതിരുന്ന അവർ അഹ്മദീ മുസ്ലീംകൾക്കെതിരെയുള്ള ആക്രമപ്രചാരണങ്ങൾ തുടർന്നു. മതഫാഷിസത്തിൽ അഭിരമിക്കുന്ന ജമാഅത്തെ ഇസ്ലാമിയുടെ ആചാര്യൻ മൗലാനാ മൗദൂദി അഹ്മദികൾ മുർത്തദ്ദുകൾ (മതപരിത്യാഗികൾ) ആണെന്നും ഇസ്ലാമിക നിയമവ്യവസ്ഥ പ്ര കാരം അവർ വധാർഹരാണെന്നും എടുത്തുകാട്ടി. രണ്ടു ദശാബ്ദത്തിലേറെക്കാലം തുടർന്ന ഈ യക്ഷിവേട്ട 1974ൽ ചെന്നെത്തിയത് ഭരണഘടനാ ഭേദഗതിയിലാണ്. മൗദൂദിയുടെ നേതൃത്വത്തിൽ കൊടുമ്പിരിക്കൊണ്ട പ്രചാരണയുദ്ധത്തിനു മുൻപിൽ മുട്ടുമടക്കി സുൽഫിക്കർ അലി ഭൂട്ടോയുടെ സർക്കാർ അഹ്മദികളെ ഇസ്ലാം മതത്തിൽനിന്നു പുറന്തള്ളാൻ പാകത്തിലുള്ള ഭേദഗതി ഭരണഘടനയിൽ കൊണ്ടുവന്നു. മുഹമ്മദ് നബി അന്ത്യപ്രവാചകനാണെന്നു വിശ്വസിക്കുന്നവരെ മാത്രമെ മുസ്ലിംകളായി പരിഗണിക്കു എന്നതായി

രുന്നു ഭേദഗതിയുടെ പൊരുൾ. അതനുസരിച്ച് അഹ്മദി മുസ്‌ലീംകളെ അമുസ്‌ലീംകളായി പ്രഖ്യാപിക്കുന്ന നിയമം പാർലമെന്റ് പാസ്സാക്കുകയും ചെയ്തു.

അതുകൊണ്ടും തൃപ്തരായിരുന്നില്ല മൗദൂദിസ്റ്റുകൾ ഉൾപ്പെടെയുള്ള മുഖ്യധാരക്കാർ. കൂടുതൽ കടുത്ത നിയമങ്ങൾ വഴി അഹ്മദികളെ സമ്പൂർണ്ണമായി അടിച്ചമർത്താനുള്ള നീക്കങ്ങൾ അവർ നടത്തി. മതമൗലികാവദികളെ വഴിവിട്ട് പ്രീണിപ്പിക്കുന്ന ജനറൽ സിയാവുൽ ഹഖ് പ്രസിഡന്റായപ്പോൾ പുതിയ നിയമങ്ങൾ പ്രാബല്യത്തിൽ വന്നു. 1984 ഏപ്രിലിൽ ഓർഡിനൻസ് മുഖേന ജനറൽഹഖ് അഹ്മദികളെ അക്ഷരാർത്ഥത്തിൽ ഗളച്ഛേദം നടത്തി. മുസ്‌ലീംകൾ എന്നവകാശപ്പെടാനോ തങ്ങളുടെ മതാശയങ്ങൾ പ്രചരിപ്പിക്കാനോ തങ്ങളുടെ മസ്ജിദുകളെ മസ്ജിദുകൾ എന്നു വിശേഷിപ്പിക്കാനോ ബാങ്ക് വിളിക്കാനോ ഖുർആൻ സൂക്തങ്ങൾ ഉദ്ധരിക്കാനോ ഉള്ള അവകാശം പോലും അഹ്മദികൾക്കു നിഷേധിക്കപ്പെട്ടു.

ഇന്നു പാകിസ്താനിൽ നാല്പതു ലക്ഷം അഹ്മദി മുസ്‌ലീംകളുണ്ട്. പക്ഷേ മുസ്‌ലിങ്ങൾക്കുവേണ്ടി പ്രത്യേകം സൃഷ്ടിക്കപ്പെട്ട രാഷ്ട്രത്തിൽ അവർ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. മറ്റു ന്യൂനപക്ഷങ്ങൾക്കു ലഭിക്കുന്ന പരിഗണന പോലും അവർക്ക് 'പവിത്രതയുടെ നാട്' എന്നർത്ഥമുള്ള പാകിസ്താനിൽ ലഭിക്കുന്നില്ല. ജമാഅത്തെ ഇസ്‌ലാമിക്കാരും ലശ്കറെ ത്വയിബ, ജെയ്ഷെ മുഹമ്മദ്, ലശ്കറെ ജംഗ്‌വി, സിപാഹെ സഹാബെ, പാക് താലിബാൻ തുടങ്ങിയ ഭീകരവേദസംഘങ്ങളും അവരെ വീക്ഷിക്കുന്നത് വധിക്കപ്പെടേണ്ടവർ എന്ന നിലയ്ക്കാണ്. മതവിശ്വാസികളുടെ പേരിൽ ഒരു ജാതിവിഭാഗത്തെ ഉന്മൂലനം ചെയ്യേണ്ടതുണ്ടെന്നു പ്രചരിപ്പിക്കുകയും അവർക്കു നേരെ ആക്രമണങ്ങൾ നടത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന സംഘടനകൾക്കെതിരിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ പാക് ഭരണകൂടം മുന്നോട്ടുവരുന്നില്ല എന്നത് സ്ഥിതി കൂടുതൽ വഷളാക്കുന്നു. ഇന്നു ലോകത്തിലെ ഏറ്റവും അരക്ഷിതരായ ജനവിഭാഗമാണ് പാകിസ്താനിലെ അഹ്മദിയ്യാ മുസ്‌ലീംകൾ. മനുഷ്യാവകാശങ്ങൾ ഇത്രത്തോളം നിഷേധിക്കപ്പെട്ട മറ്റൊരു ജനവിഭാഗത്തെ കണ്ടെത്തുക പ്രയാസം.

വിചിത്രമായ കാര്യം, അഹ്മദിയ്യാ മുസ്‌ലീംകൾക്കെതിരെ പതിറ്റാണ്ടുകളായി നടന്നുവരുന്ന മനുഷ്യാവകാശലംഘനങ്ങൾ അവയർഹിക്കുന്നവിധം തുറന്നുകാട്ടാൻ നമ്മുടെ നാട്ടിൽ പലരും മുന്നോട്ടു വരുന്നില്ല എന്നതാണ്. പലസ്തീൻ മേഖലയിലെയും ചെച്നിയയിലെയും സിംഗിയാങ്കിലെയും കാശ്മീരിലെയും ബോസ്നിയയിലെയും ഇറാഖിലെയും അഫ്ഗാനിസ്താനിലെയും ഗ്വാണ്ടനാമോയിലെയും മനുഷ്യാവകാശ ധ്വംസനങ്ങൾ തികച്ചും ന്യായമായി ഇവിടെ തുറന്നുകാട്ടപ്പെട്ടിട്ടുണ്ട്. അവയ്ക്കെതിരെ ഉച്ചത്തിൽ ശബ്ദിക്കാൻ നമ്മുടെ സംസ്ഥാനത്തും പുറത്തും പല കൂട്ടായ്മകളും മുന്നോട്ടു വന്നിട്ടുമുണ്ട്. തീർച്ചയായും അത് വേണ്ടത് തന്നെ. പക്ഷേ അത്ര തന്നെ ഗൗരവത്തിൽ വീക്ഷിക്കപ്പെടേണ്ടതാണ് പാകിസ്താനിൽ ദശാബ്ദങ്ങളായി അഹ്മദികൾ അനുഭവിക്കുന്ന ദുരിതങ്ങളും മനുഷ്യാവകാശലംഘനങ്ങളും. ഇന്നാട്ടിലെ മുസ്‌ലിം മുഖ്യധാരാ സംഘടനകൾ ഒന്നുപോലും അയൽരാഷ്ട്രത്തിൽ അഹ്മദികളുടെ മതസ്വാതന്ത്ര്യം കവർന്നതിനെതിരെയോ അവർക്കെതിരെ വർഷങ്ങളായി ഭരണകൂടതലത്തിലും സിവിൽ സമൂഹതലത്തിലും നടന്നുവരുന്ന നിന്ദ്യവും ക്രൂരവുമായ യക്ഷിവേട്ടയ്ക്കെതിരെയോ രണ്ടുവാക്ക് മിണ്ടാൻ ഇന്നേവരെ തയ്യാറായിട്ടില്ല. അവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതില്ല എന്നാണോ? തങ്ങൾ ഇഷ്ടപ്പെടാത്ത ജനവിഭാഗങ്ങളെ ആര് എങ്ങനെ പീഡിപ്പിച്ചാലും തങ്ങൾക്കു പരാതിയില്ലെന്ന് നിലപാടെടുക്കുന്നവർക്ക് നഷ്ടപ്പെടുന്നത് മനുഷ്യാവകാശങ്ങളെക്കുറിച്ച് സംസാരിക്കാനുള്ള അവകാശം തന്നെയാണ്. ●

*(ജനശക്തി, 2010 ജൂൺ 19-25)*

---

*(23-ൽ നിന്ന് തുടർച്ച)*

കളോട് എത്ര മാതാപിതാക്കന്മാർക്ക് ഇത്തരത്തിൽ പ്രതികരിക്കാനാവും?

കുട്ടികളെ പഠിപ്പിക്കേണ്ട മറ്റൊരു ഗുണം പാവങ്ങളോടും വിഷമങ്ങൾ അനുഭവിക്കുന്നവരോടും സഹതാപം പ്രകടിപ്പിക്കുക എന്നതാണ്. പാവങ്ങളെ സഹായിക്കാനുള്ള പരിശീലനം കുട്ടികൾക്ക് ചെറുപ്പത്തിൽ തന്നെ നൽകണം. മാതാപിതാക്കന്മാരുടെ അത്തരത്തിലുള്ള പ്രവർത്തനം തന്നെയാണ് കുട്ടികൾക്കുള്ള ഒരു മാതൃക.

എല്ലാറ്റിനുമുപരിയായി കുട്ടികളോട് അങ്ങേയറ്റം ദയാവായ്പ്പോടെ പെരുമാറണം. റസൂൽ തിരുമേനി (സ) പറയുകയുണ്ടായി:

'നിങ്ങൾ കുട്ടികളോട് ദയയുള്ളവരായിരിക്കണം'. ●

കുറിപ്പുകൾ

മുസാഫിർ

# ക്രൈസ്തവ ഇസ്‌ലാം സംവാദം: ചില വസ്തുതകൾ

ക്രിസ്ത്യൻ ഇസ്‌ലാം മതങ്ങളിൽ സുദീർഘമായി പ്രതിപാദിക്കപ്പെട്ട മതപുരുഷനാണ് യേശു അഥവാ ഈസാനബി(അ). ബഹുഭൂരിപക്ഷം ക്രിസ്ത്യാനികൾ ദൈവപുത്രനായും മുസ്‌ലിംകൾ പ്രവാചകനായും വിശ്വസിക്കുന്ന യേശു എക്കാലത്തും സംവാദങ്ങൾക്ക് കുറിമാനമായിട്ടുണ്ട്. ഇതിന് പുറമെ രണ്ട് മഹാമത ങ്ങളിലും പ്രതിപാദിക്കപ്പെട്ട യേശുവിനെ പറ്റി അക്കാദമീയവും ശാസ്ത്രീയവുമായ നിരവധി ചരിത്രസത്യങ്ങളും ഇതിനകം പുറത്ത് വന്നിട്ടുണ്ട്. ടൂറിനിലെ തിരുശ്ശീല എസ്സീൻ ഭ്രാതൃസംഘത്തിന്റേതെന്ന് കരുതുന്ന ജോർദ്ദാനിലെ കുമ്രാൻ താഴ്‌വരയിലെ ചാവുകടൽ ചുരുളുകൾ, ഈജിപ്തിലെ നാഗ്ഹമ്മാദി രേഖകൾ, കാശ്മീരിലെ കബർ മുതലായവ യേശുവിന്റെ അപ്രകാശിത ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന സമൂർത്ത പുരാരേഖകളായി കണക്കാക്കപ്പെടുന്നു. ക്രിസ്തുമതത്തിന്നും ഇസ്‌ലാം മതത്തിനും യേശുവിനെ സംബന്ധിച്ച് വിഭിന്ന വീക്ഷണങ്ങൾ ഉള്ളത്പോലെ ക്രിസ്തുമതത്തിലെ അവാന്തരവിഭാഗങ്ങളും യേശുവിന്റെ വ്യക്തിത്വത്തെ സംബന്ധിച്ചും ജീവിതത്തെ സംബന്ധിച്ചും വിഭിന്ന വീക്ഷണങ്ങൾ പുലർത്തുന്നു. നെസ്റ്റോറിയൻ, യൂണിറ്റേറിയൻ, മോർമൻസ് മുതലായ ക്രിസ്ത്യൻ വിഭാഗങ്ങൾ ഉദാഹരണം. അപ്രകാരം യേശുവിനെ സംബന്ധിച്ച് പ്രമാണങ്ങളെ അടിസ്ഥാനമാക്കി മുസ്‌ലിംകളിലും വ്യത്യസ്ത വീക്ഷണം പുലർത്തുന്ന കക്ഷികളുണ്ട്. അവരെല്ലാവരും തന്നെ പരസ്പരവിരുദ്ധമായ താന്താങ്ങളുടെ വാദമുഖങ്ങൾ അവതരിപ്പിച്ചുകൊണ്ട് ആശയസംവാദങ്ങളും ചർച്ചകളും ഖണ്ഡനമണ്ഡനങ്ങളും നടത്തിവരുന്നു. നൂറ്റാണ്ടുകളോളമായി നടന്നു വരുന്ന ഇത്തരം ആശയസംവാദങ്ങളിലൂടെയും ചർച്ചകളിലൂടെയുമാണ് എല്ലാ മതങ്ങളിലേയും മതസാഹിത്യങ്ങൾ വികസിച്ചുവന്നത്. ഭൗതികവും ആത്മീയവുമായ എല്ലാ സാഹിത്യങ്ങളും വികാസം കൊള്ളുന്ന രീതിയുമിതാണ്.

ലോകത്ത് ഇന്ന് നിരവധി മതങ്ങളുണ്ട്. മനുഷ്യന്റെ ആത്മീയമോചനത്തിന് തങ്ങളുടെ മതത്തിന്റെ വഴി മാത്രമേ കരണീയമായിട്ടുള്ളൂ എന്ന് ഓരോ മതസ്ഥരും കരുതുന്നു. വിവിധ മതങ്ങൾ അവരുടെ ഇത്തരം അവകാശവാദങ്ങളുമായി രംഗത്ത് വരുമ്പോഴാണ് സ്വാഭാവികമായും ആശയസംവാദങ്ങളും ചർച്ചകളും വാദപ്രതിവാദങ്ങളും നടക്കുന്നത്. തന്റെ മതം മാത്രമാണ് ശരിയെന്നും മറ്റുള്ളവ തെറ്റാണെന്നും അവർ പാപികളും നരകാവകാശികളാണെന്നുമുള്ള സങ്കുചിതവീക്ഷണം പുലർത്തുന്നവരാണ് ഇത്തരം സം വാദങ്ങളെ ഭയപ്പെടുന്നത്. സ്വന്തം മതത്തിന്റെ നന്മകൾ കേൾക്കുമ്പോൾ സന്തോഷിക്കുന്നത് പോലെ വിമർശനങ്ങളെ സഹിഷ്ണുതയോടെ സ്വാഗതം ചെയ്യാനും നാം ബാദ്ധ്യസ്ഥരാണ്. സ്വന്തം മതത്തെ തന്നെ യുക്തിസഹമാക്കി നിർത്താനും അന്ധവിശ്വാസങ്ങളിൽ നിന്ന് മുക്തമാക്കാനും ആശയവ്യക്തത കൈവരിക്കാനും ഇത്തരം ബാഹ്യവിമർശനങ്ങളും സംവാദങ്ങളും ഒരളവോളം സഹായകരവുമാണ്. ഒരു ബഹുമതസമൂഹത്തിൽ മതസംവാദങ്ങൾ തീർച്ചയായും ആരോഗ്യപ്രദവും വിജ്ഞാനപ്രദവുമാണ്. നമ്മുടെ രാജ്യത്തെ നിയമം അത്തരം സംവാദങ്ങൾക്ക് സോദ്ദേശ്യപൂർവ്വം സ്വാഗതം ചെയ്യുകയും നിയമപരിരക്ഷ നൽകുകയും ചെയ്യുന്നു.

## ക്രിസ്ത്യാനികളും ഇസ്‌ലാമും

മനുഷ്യൻ കിടിലം കൊണ്ടുപോകുന്ന മഹത്തായ ത്യാഗങ്ങൾ ദൈവത്തിനുവേണ്ടി സഹിച്ച അല്ലാഹുവിന്റെ ഉജ്വലതേജസ്വിയായ പ്രവാചകനാണ് യേശു ക്രിസ്തു. ക്രിസ്തുമതത്തിനെന്നപോലെ ഇസ്‌ലാം മത

ത്തിന്നും ആയിരത്തിനാന്നൂറ് വർഷം പഴക്കമുള്ള ഒരു ക്രിസ്തു വിജ്ഞാനീയം (christology) സ്വന്തമായുണ്ട്. യേശുവെന്നല്ല ഒരു മതപുരുഷന്റേയും ജീവചരിത്ര ത്തിനു മേൽ ഒരു മതത്തിനും കുത്തകാവകാശമില്ല എന്ന് നാമോർക്കണം. അവർ മാനവരാശിയുടെ പൊതു പൈതൃകവും ചരിത്രത്തിന്റെ ഭാഗവുമാണ്.

ഖുർആനിക വിവരണത്തിൽ യേശുവിന്റെ ദൈവ ശാസ്ത്ര വിവരണത്തോടൊപ്പം ചരിത്രാംശങ്ങളും ജീവിതയാഥാർത്ഥ്യത്തിന്റെ സൂചനകളും ധാരാളമുണ്ട്. യേശുവിന്റെ അപ്രകാശിത ജീവിതത്തിലേക്ക് ഖുർ ആന്റെ ചില ഗഹനമായ പരാമർശങ്ങൾ വെളിച്ചം വീശുന്നു. അത്യന്തം ആദരവോടെയും ബഹുമാന ത്തോടെയുമാണ് യേശുവിന്റെ ജീവിതത്തേയും സന്ദേ ശത്തേയും ഖുർആൻ പരിചയപ്പെടുത്തുന്നത്.

***'മർയമിന്റെ പുത്രൻ ഈസാ മസീഹ് അല്ലാ ഹുവിന്റെ ദൂതനും മർയമിന് അവൻ ഇറക്കിക്കൊ ടുത്ത വചനത്തിന്റെ സാക്ഷാത്ക്കാരവും അവന്റെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും മാത്രമാണ്.' (4:172). '(യേശു) ഇഹത്തിലും പരത്തിലും ആദര ണീയനും ദൈവസാമീപ്യം പ്രാപിച്ചവനുമായി രിക്കും' (5:46)*** **യേശുവിനെ പറ്റി മാത്രമല്ല ക്രിസ്ത്യാ നികളെ പറ്റിയും ഖുർആന്റെ സ്തുതി കാണുക.** ***'സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സ്നേഹ മുള്ളവരായി ഞങ്ങൾ ക്രിസ്ത്യാനികളാണ് എന്ന് പറഞ്ഞവരേയും നീ കണ്ടെത്തുന്നതാണ്. അതിനു കാരണം അവരിൽ പണ്ഡിതന്മാരും പുരോഹിത ന്മാരും ഉണ്ട് എന്നുള്ളതും അവർ അഹങ്കരിക്കുന്നി ല്ലായെന്നതുമാണ് (5: 83, 84)***

യേശുവിന്റെ വിഷയത്തിൽ ക്രിസ്തീയ വിശ്വാ സവുമായുള്ള വിയോജിപ്പുകളും ഖുർആൻ ചൂ ണ്ടി ക്കാട്ടുന്നു. ***'അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരി ക്കുന്നു എന്നവർ പറയുന്നു. എന്നാൽ അവൻ എത്രയും പരിശുദ്ധനാണ് (2:117) 'അല്ലാഹു മൂവ രിൽ മൂന്നാമനാണ് എന്ന് പറയുന്നവർ തീർച്ച യായും അവിശ്വാസികളായിരിക്കുന്നു. വാസ്തവ ത്തിൽ ഒരേയൊരു ദൈവമല്ലാതെ മറ്റൊരു ദൈവ വുമില്ല തന്നെ (5:74). "അല്ലാഹുവിന്റെ ദൂതനായ മസീഹുബ്നു മർയമിനെ തീർച്ചയായും ഞങ്ങൾ വധിച്ചിരിക്കുന്നു.' എന്ന് അവർ പറയുന്നത് നിമി ത്തവും, വാസ്തവത്തിൽ അദ്ദേഹത്തെ അവർ വധി ച്ചിട്ടില്ല ക്രൂശിച്ചു കൊന്നിട്ടുമില്ല. നേരെ മറിച്ച്, അദ്ദേഹം അവർക്ക് (ക്രൂശിക്കപ്പെട്ടവനെപ്പോലെ) സദൃശീകരിക്കപ്പെടുകയാണുണ്ടായത്. തൽസംബ ന്ധമായി ഭിന്നാഭിപ്രായക്കാരായവർ അക്കാര്യ ത്തിൽ സംശയത്തിൽ തന്നെയാണ്. ഊഹത്തെ പിൻപറ്റുകയല്ലാതെ അവർക്ക് അതിനെ പറ്റി യാതൊരറിവുമില്ല. അവർ അദ്ദേഹത്തെ ഉറപ്പായും വധിച്ചിട്ടില്ല (4:158) 'മസീഹിബ്നു മർയം ഒരു ദൈവ ദൂതൻ മാത്രമാണ്. ദൈവദൂതന്മാർ അദ്ദേഹത്തിന് മുമ്പ് കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേ ഹത്തി ന്റെ മാതാവ് മഹാസത്യവതിയാണ്. അവർ രണ്ടുപേരും ആഹാരം കഴിക്കാറുണ്ടായിരുന്നു (5:76)***

## മിഷനറി മതങ്ങൾക്ക് അന്യമതങ്ങളുടെ സംശയങ്ങൾക്കും വിമർശനങ്ങൾക്കും മറുപടി പറയാൻ ബാദ്ധ്യതയില്ലേ?

മറ്റു മതങ്ങളേക്കാൾ മേന്മ തങ്ങളുടെ മതത്തിനാ ണെന്നു മോ ക്ഷത്തിന്റെ ഒരേയൊരു കവാടം തങ്ങ ളുടെ മതമാണെന്നും പ്രഘോഷണം ചെയ്യുകയും തങ്ങളുടെ മതത്തിലേക്ക് അന്യമതസ്ഥരെ ക്ഷണിച്ചു കൊണ്ട് മതപരിവർത്തന സംരംഭങ്ങൾക്ക് വമ്പിച്ച തോതിൽ നേതൃത്വം കൊടുക്കുകയും ചെയ്യുന്ന ഏറ്റവും വലിയ മിഷനറി മതം ക്രിസ്തുമതമാണ്. അതുകൊണ്ടുതന്നെ അത്തരം മതങ്ങൾക്ക് അന്യമത സ്ഥർ ഉന്നയിക്കുന്ന യുക്തിസഹവും ന്യായവുമായ സംശയങ്ങൾക്കും വിമർശനങ്ങൾക്കും മറുപടി പറ യാൻ തീർച്ചയായും ധാർ മ്മിക ബാധ്യതയുണ്ട്.

യേശുവിന്റെ കുരിശുമരണത്തിൽ വിശ്വസിക്കാ ത്തവരെല്ലാം പാപികളാണെന്നാണ് ബൈബിൾ തത്വ മനുസരിച്ച് ക്രിസ്ത്യൻ സുവിശേഷപ്രവർത്തകർ ഘോഷിക്കുന്നത്. അവരെല്ലാം ശാശ്വത നരകത്തിൽ പതിക്കുന്നവരുമാണ്. ഇസ്ലാം ഹൈന്ദവമതങ്ങളിലെ എത്ര വലിയ പുണ്യാത്മാക്കളായാലും ശരി യേശു വിന്റെ കുരിശുമരണത്തിൽ വിശ്വസിക്കാത്തവർ പാപി കളും നരകാവകാശികളുമാണെന്നും ക്രിസ്ത്യൻ മുക്തിശാസ്ത്രം കരുതുന്നു. അത്തരം അകൃസ്ത്യാ നികളെ സ്വന്തം മതത്തിലേക്ക് പരിവർത്തനം ചെയ്ത് പാപത്തിൽ നിന്നും രക്ഷിക്കാനാണ് ക്രിസ്ത്യാനികൾ മിഷനറി പ്രവർത്തനം നടത്തുന്നത്. ഇങ്ങനെ വിശ്വ സിക്കാനും ഉത്തമബോദ്ധ്യത്തോടെ ആ വിശ്വാസം പ്രചരിപ്പിക്കാനും ആ വിശ്വാസത്തിലേക്ക് ആളെ ക്ഷണിക്കാനും നമ്മുടെ ഭരണഘടന അനുമതി നൽകു ന്നു. തീർച്ചയായും ക്രിസ്ത്യൻ സഹോദരന്മാർക്ക് അതിനുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ട്. പക്ഷേ പ്രചണ്ഡമായ ഈ ക്രൈസ്തവ പ്രചാരണങ്ങളെ യുക്തിസഹവും പ്രാമാണികവും മാന്യവുമായ വാദ

മുഖങ്ങളിലൂടെ പ്രതിരോധിക്കാനും മറുവിമർശനം നടത്താനും അക്രൈസ്ത വരായ മറ്റു മതസ്ഥർക്കും അവകാശമുണ്ട്. അന്യമതസ്ഥരെ വിമർശിക്കാനും പരിവർത്തിക്കാനും തങ്ങൾക്ക് മാത്രമേ അവകാശമുള്ളൂവെന്നു അന്യമതസ്ഥർ പ്രതിരോധത്തിന് വേണ്ടിയും മറുപടിയെന്ന നിലക്കും മറുവിമർശനം നടത്തുമ്പോൾ അത് പാടില്ല എന്നും മറ്റുള്ളവരുടെ അത്തരം സ്വാതന്ത്ര്യത്തെയും അവകാശത്തെയും അധികാരവും ശക്തിയുമുപയോഗിച്ച് ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നത് ആരായാലും ജനാധിപത്യത്തിൽ ഭൂഷണമല്ല. ഇത്തരം ചില സംഭവവികാസങ്ങൾ അസഹിഷ്ണുക്കളായ ക്രിസ്തുമത പ്രവർത്തകരുടെ ഭാഗത്ത് നിന്നും ഈയ്യിടെ കൊച്ചിപ്രദേശങ്ങളിൽ ഉണ്ടായത് ദൗർഭാഗ്യകരമാണ്. ഒരു ബഹുമത ജനാധിപത്യരാജ്യത്ത് പരിഷ്കൃത സമൂഹമായി കഴിയുന്ന നമുക്ക് ഇത്തരം മധ്യകാല മനസ്ഥിതി പാടില്ല. മതപ്രചാരണങ്ങളും വിമർശനങ്ങളും ഖണ്ഡനങ്ങളും മണ്ഡനങ്ങളും നിർബാധം നടക്കാനുള്ള സാഹചര്യമുണ്ടാവണം. ഖുർആൻ പറഞ്ഞത് പോലെ ***'ഇഷ്ടമുള്ളവൻ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവൻ അവിശ്വസിക്കുകയും ചെയ്യട്ടെ.'*** (18:30)

സഹിഷ്ണുതയും ആത്മനിയന്ത്രണവും സഹനവും പാലിക്കാൻ ഭൗതിക പ്രസ്ഥാനങ്ങളേക്കാൾ മതാനുയായികൾക്കാണ് ബാദ്ധ്യത. കാരണം ഇത്തരം ആത്മീയവും ധാർമികവുമായ ഗുണങ്ങൾ ആർജിക്കുകയാണ് മതങ്ങളുടെ അദ്ധ്യാപനസാരം. പകരം ക്ഷിപ്രകോപവും അസഹിഷ്ണുതയും യുക്തിവിമർശനത്തിനെതിരെ വികാരം വ്രണപ്പെടുന്നു എന്ന മുറവിളിയും സത്യമതങ്ങൾക്ക് ചേർന്നതല്ല.

ഇസ്‌ലാം മതത്തെയും അതി ന്റെ വന്ദ്യസ്ഥാപകരേയും ഹീനമായി വിമർശിക്കുന്ന അതിവിപുലമായ ഒരു സാഹിത്യസാമ്രാജ്യം ക്രിസ്തുമതതാനുയായികളുടെ സംഭാവനയാണ്. അത്തരം വിമർശനങ്ങളോട് ഹാലിളക്കവും അസഹിഷ്ണുതയും പ്രകടിപ്പിക്കുന്ന മുസ് ലിംകളുമുണ്ട്. സ്വന്തം മതത്തിന്റെ മേന്മ പറഞ്ഞ് മറ്റു മതസ്ഥരെ വിമർശിക്കുകയും തങ്ങൾക്കു നേരെ വരുന്ന മറുവാദങ്ങളോടും വിമർശനങ്ങളോടും അസഹിഷ്ണുത കാട്ടുകയും പൊറുപ്പിക്കാതിരിക്കുകയും ചെയ്യുന്നത് ബാലിശവും പരാജയസമ്മതവുമാണ്. യുക്തിസഹമായും പ്രാമാണികവുമായ രീതിയിൽ അതിന് മറുപടി പറയുകയാണ് വേണ്ടത്. ഇസ്‌ലാമിനെതിരെ വിമർശനം ഉന്നയിക്കുന്നവർ തെളിവിന്റെ അടിസ്ഥാനത്തിലായിരിക്കണം അത് നിർവ്വഹിക്കേണ്ടത് എന്ന സർവ്വാഗീകൃത തത്ത്വമാണ്. 'ഖുർആൻ ഉന്നയിക്കുന്നത്: ***'യഹൂദരോ ക്രൈസ്തവരോ അല്ലാതെ മറ്റാരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്ന് അവർ പറയുന്നു. അതവരുടെ വ്യാമോഹമാണ് പറയുക. നിങ്ങൾ സത്യവാദികളാണെങ്കിൽ തെളിവ് ഹാജരാക്കുക'*** (2:112)

## യേശുവിന്റെ കുരിശ് വിമോചനം: അപകീർത്തികരമോ?

യേശുവിനെ കുരിശ് മരണത്തിൽ നിന്നും ദൈവം രക്ഷിച്ചു എന്ന് ബൈബിൾ – ഖുർആൻ വചനങ്ങളുടെ അടിസ്ഥാനത്തിൽ വാദിക്കുന്നത് യേശുവിന് അപകീർത്തികരവും ക്രിസ്തീയ മതവിശ്വാസത്തെ വ്രണപ്പെടുത്തുന്നതുമാണെന്നാണ് സംവാദരംഗത്ത് ക്രിസ്ത്യൻ പക്ഷത്ത് നിന്നും പൊതുവേയുള്ള ആക്ഷേപം. വാസ്തവത്തിൽ യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന വാദം യേശുവിന്റെ മഹത്വത്തെ ഉയർത്തിക്കാട്ടുകയാണ് ചെയ്യുന്നത്.

യേശു, മിശിഹാ വാദം ഉന്നയി ച്ചപ്പോൾ യഹൂദികൾ അത് നിഷേധിക്കുകയും ആ പുണ്യാത്മാവിനെ ക്രൂരമായി ഭൽസിക്കുകയും ചെ യ്തു. മിശിഹാ വാദം ഉന്നയിച്ച കാരണത്താൽ യേശു ശപിക്കപ്പെട്ടവനാണന്ന് വരുത്തി തീർക്കാൻ അദ്ദേഹത്തിനുമേൽ കുരിശ് മരണം വിധിക്കാൻ യഹൂദർ പീലാത്തോസിനോട് ആർത്ത് വിളിച്ചുപറയുകയും ചെയ്തു. ***'മരത്തിൽ തൂങ്ങി മരിച്ചവൻ ദൈവസന്നിധിയിൽ ശാപഗ്രസ്തൻ'*** (ആവ: 21:22) എന്ന ബൈബിൾ പഴയനിയമത്തിലെ പ്രമാണപ്രകാരം മിശിഹയായ ക്രിസ്തുവിനെ കുരിശിൽ വെച്ച് വധിച്ച് ശപ്തനാക്കാനായിരുന്നു യഹൂദ ഗൂഢാലോചന. കുരിശിൽ തറച്ച യേശുവിനുണ്ടായ മോഹാലസ്യമാണ് യഹൂദികൾ മരണമായി തെറ്റിദ്ധരിച്ചത്. റോമൻ പടയാളികളും ചുറ്റും കൂടിനിന്ന യഹൂദികളും അത് മരണമാണെന്ന് തെറ്റിദ്ധരിച്ച് ശരീരം ഉടനെ കുരിശിൽ നിന്ന് ഇറക്കുകയുമാണുണ്ടായത്. അതാണ് ഖുർആൻ പറഞ്ഞത്. ***'അവർ അദ്ദേഹത്തെ വധിച്ചിട്ടുമില്ല. കുരിശിച്ചു കൊന്നിട്ടുമില്ല' നേരെ മറിച്ച് അവർക്ക് അദ്ദേഹം (കുരിശിൽ മരിച്ചത് പോലെ) സദൃശീകരിക്കപ്പെടുകയാണുണ്ടായത്*** (4:158). യേശു ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തെ ഉപദ്രവിക്കുകയും ക്രിസ്തുമതത്തിലെ പല തത്വങ്ങളും പടച്ചുണ്ടാക്കുകയും ചെയ്ത പൗലോസ് ആണ് കുരിശ് മരണസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. ഗലാത്യർക്കെഴുതിയ കത്തിൽ പൗലോസ് പറയുന്നു: ***'മരത്തിൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴു***

***തിയിരിക്കുന്നത് പോലെ ക്രിസ്തു നമുക്ക് വേണ്ടി ശാപമായിത്തീർന്നു.*** (ഗലാത്യർ 3:13). വാസ്തവത്തിൽ യേശു കുരിശിൽ മരിച്ചു എന്ന വിശ്വാസം യേശുശപ്തനാണ് എന്ന യഹൂദികളുടെ ദുരാരോപണങ്ങൾക്ക് പ്രമാണപരമായ സാധൂകരണമാണ്. ദൈവം ആ പുണ്യാത്മാവിനെ ശപ്തമായ കുരിശ്മരണത്തിൽ നിന്നും രക്ഷിക്കുകയാണുണ്ടായത്. ബൈബിൾ വചനങ്ങളുടെ തന്നെ സൂക്ഷ്മവും യുക്തിപരവും ശാസ്ത്രീയവുമായ വിശകലനങ്ങൾ ഈ യൊരു സത്യം അനിഷേധ്യമാംവിധം വെളിപ്പെടുത്തുന്നു. അത് ഇവിടെ വിവരിക്കൻ ഇപ്പോൾ മുതിരുന്നില്ല. മാത്രമല്ല. കുരിശ് മരണം നീങ്ങിപ്പോവാൻ വിയർപ്പ് രക്തതുള്ളികളാകുമാറ് ദീനവിലാപത്തോടെ ഗഥശമനയിൽ വെച്ച് യേശു പ്രാർത്ഥിച്ചതായി ബൈ ബിൾ വിവരിക്കുന്നു.

*“എന്റെ ആത്മാവ് മരണവേദനയോടടുത്ത ദുഃഖം അനുഭവിക്കുന്നു... ഈ നാഴിക എന്നിൽ നിന്നും അകന്നുപോകണമേ’ എന്ന് അവൻ പ്രാർത്ഥിച്ചു. അവൻ പറഞ്ഞു: ‘അബ്ബാ പിതാവേ എല്ലാം നിനക്ക് സാധ്യമാണ്. ഈ പാനപാത്രം എന്നിൽ നിന്ന് നീക്കേണമേ! എങ്കി ലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം. നടക്കട്ടെ (മാർ ക്കോസ് 14: 34, 35).* യഥാർത്ഥത്തിൽ കുരിശിൽ മരിക്കുന്നതിനെ ഭയപ്പെട്ടിട്ടല്ലായിരുന്നു അദ്ദേഹം ദുഃഖിതനായി വിലപിച്ചത്. ധീരാത്മാവായ ദൈവത്തിന്റെ ആ സം പ്രീതദാസനിൽ അത്തരം ബലഹീനത ഒരിക്കലുമുണ്ടാകില്ല. താൻ ശപ്തനാണെന്നും തന്നിൽ ദൈവമേൽപ്പിച്ച പ്രവാചക ദൗത്യം വ്യാജമാണെന്നും വരുത്തിതീർക്കാൻ യഹൂദികൾ ഒരുക്കിയ ഗൂഢാലോചന വിജയിച്ചേക്കുമോ എന്ന ആശങ്കയായിരുന്നു ആ പുണ്യാത്മാവിനുണ്ടായിരുന്നത്. ദൈവം തന്റെ പ്രിയദാസനെ കൈവിട്ടില്ല. ശപ്തമായ കുരിശ് മരണത്തിൽ നിന്നും യേശുവിനെ രക്ഷിച്ചു. കു രിശിൽ ബോധശൂന്യനായ യേശു കല്ലറയിലെ മൂറും അകിലും ഉപയോഗിച്ച് ലിനൻ കച്ചയിലെ ശുശ്രൂഷക്ക് വിധേയനായതിന് ശേഷം അബോധമുക്തനായി ആരോഗ്യവാനായി കല്ലറയിൽ നിന്നും പുറത്ത് വന്നു. യേശു തന്നെ പറഞ്ഞതും തന്നിൽ പുലർന്നതുമായ ‘യോന’ യുടെ അടയാളം ഇതിന് ഏറ്റവും പ്രബലമായ തെളിവാണ്. യേശു തന്നെ പ്രവചിച്ചത് പ്രകാരം കാണാതെപോയ യഹൂദഗോത്രങ്ങളെ തേടി കിഴക്കൻ ദിക്കുകളിലേക്ക് അദ്ദേഹം യാത്രയാവുകയാണുണ്ടായത്. യേശുവിന്റെ സത്യസന്ധമായ ഈ ചരിത്രവിവരണം എങ്ങനെ ദൈവനിന്ദയും മതവികാരത്തെ വ്രണപ്പെടുത്തലുമാകും. ദൈവമായിരുന്നിട്ടും യേശു ഒരു തവണ മരിച്ചു എന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. അത് ദൈവനിന്ദയല്ലെങ്കിൽ യേശു കശ്മീരിൽ വെച്ച് മരിച്ചു എന്ന് വിശുദ്ധ ഖുർആന്റെയും ബൈബിൾ സൂചനകളുടെയും ചരിത്രത്തിന്റെയും ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ പറഞ്ഞാൽ മതവികാരം വ്രണപ്പെടുത്തലാവു ന്നതെങ്ങനെ? രണ്ടായിരം വർഷമായി യേശു ആകാശത്തിരിക്കുന്നുവെന്നും യുഗാന്ത്യത്തിൽ മാനത്ത് നിന്ന് അവരോഹിതനാവും എന്നാണ് വാദമെങ്കിൽ അതിന് ക്രിസ്തീയ സഹോദരന്മാർ പ്രമാണികമായും യുക്തിപരമായും തെളിവ് ഹാജരാക്കേണ്ടതുണ്ട്.

## മതാന്തരസംവാദങ്ങൾ

മതം എന്നാൽ തീപിടിക്കുന്ന വികാരമോ കേവലവിശ്വാസമോ അല്ല. നിക്ഷിപ്ത താല്പര്യക്കാരും അന്ധവിശ്വാസികളുമാണ് മതത്തെ അത്തരത്തിൽ ഹീനമാക്കി മാറ്റുന്നത്. ആശയങ്ങളിൽ വ്യത്യസ്ത പുലർത്തുന്ന എല്ലാ മതങ്ങൾക്കും പരസ്പര സം വാദത്തിന്നുള്ള ഒരു ധൈഷണിക ഭൂമികയുണ്ട്. അവ എത്ര തന്നെ വൈരുദ്ധ്യങ്ങളും വ്യത്യസ്തകളും ഉള്ളതായാലും ശരി ദൈവം നമുക്ക് നൽകിയ ബുദ്ധി ഉപയോഗിച്ച് ആ വേദിയിൽ നിന്നുകൊണ്ട് വിവരണാത്മകമായും വിമർശനാത്മകമായും സം വാദം നടത്താവുന്നതാണ്. വിയോജിപ്പുകൾക്ക് മുമ്പിൽ അസഹിഷ്ണുക്കളായിതീരാനല്ല പാവനമായ മതങ്ങൾ നമ്മെ പഠിപ്പച്ചത്. അതുകൊണ്ട് ഉൽബുദ്ധനായ മനുഷ്യന്റെ മറ്റേതൊരു ധൈഷണികവ്യവഹാരവും പോലെ മതവിശ്വാസരംഗത്തും ആശയസംവാദങ്ങൾ നടത്തേണ്ടതുണ്ട്. ഇത്തരം മതാന്തരസംവാദങ്ങളിൽ പാലിക്കേണ്ട മൂന്ന് തത്വങ്ങൾ സുപ്രധാനങ്ങളാണ്.

**ഒന്ന്** ഉന്നയിക്കുന്ന വാദമുഖങ്ങൾ പ്രാമാണികവും ആധികാരികവുമായിരിക്കണം. **രണ്ട്** മതാന്തര സംവാദങ്ങളുടെ പൊതുമാനദണ്ഡം യുക്തിയും ധാർമ്മികനീതിയും മാത്രമായിരിക്കണം. **മൂന്ന്** ഉപയോഗിക്കുന്ന ഭാഷ സഭ്യമായതായിരിക്കണം.

മതാന്തരസംവാദങ്ങളുടെ പ്ര സക്തിയും പ്രാധാന്യവും മനസ്സിലാക്കിയ അഭിവന്ദ്യനായ പോപ്പ് പോൾ 6-ാമൻ സ്ഥാപിച്ച മതാന്തരസംവാദങ്ങൾക്കായിയുള്ള ‘പോണ്ടിഫിക്കൻ കൗൺസിൽ ഫോർ ഇന്റർ റിലിജിയസ് ഡയലോഗ്’ എന്ന ഒരു ഡിപ്പാർട്ട്മെന്റ് 1964 മുതൽ വത്തിക്കാനിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ആദരണീയനായ ബെനഡിക് മാർപ്പാപ്പയും മതാന്തരസംവാദങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമുള്ളയാളാണ്. മതാന്തരസംവാദങ്ങളെ ഏറ്റവും ആത്മാർ ത്ഥ

# പ്രാർത്ഥനയും ആസൂത്രണവും

## ഹദ്റത്ത് അഹ്മദ് (അ)

പ്രാർത്ഥനയും ആസൂത്രണവും തമ്മിലുള്ള ബന്ധം പ്രകൃതിനിയമം മുഖേന തെളിയിക്കപ്പെട്ടതാണ്. പ്രകൃതിയുടെ പുസ്തകം തന്നെ അതിന് സാക്ഷ്യം വഹിക്കുന്നു. പ്രയാസങ്ങളുടെ ഘട്ടത്തിൽ മനുഷ്യൻ പരിഹാരങ്ങൾക്കായി ആസൂത്രണം ചെയ്യുന്നത് നമുക്ക് കാണാവുന്നതാണ്. അത് പോലെ തന്നെ സ്വാഭാവികമായും അവൻ പ്രാർത്ഥനയിലേക്കും ദാനധർമ്മങ്ങളിലേക്കും തിരിയുന്നു. ഇത് മനുഷ്യന്റെ ഉള്ളിൽ പ്രവർത്തിക്കുന്ന നിയമത്തെ അടിസ്ഥാനമാക്കിയുള്ള ആത്മീയ വാദഗതിയാണ്. തുടക്കത്തിൽ ആളുകൾ ഉപാധികളിൽ നിന്നും ആസൂത്രണത്തിൽ നിന്നും പ്രാർത്ഥനയെ വേർപെടുത്തുന്നില്ല. എന്നാൽ പ്രാർത്ഥനയിലൂടെ ആസൂത്രണം തേടുകയാണ് വേണ്ടത്. ചുരുക്കത്തിൽ പ്രാർത്ഥനയും ആസൂത്രണവും മനുഷ്യനെ സൃഷ്ടിക്കപ്പെട്ടത് മുതൽ അവന്റെ പ്രകൃതിയിൽ അന്തർലീനമായ രണ്ട് കാര്യങ്ങളാണ്. യഥാർത്ഥ സഹോദരന്മാരെ പോലെയുള്ള അവ രണ്ടും മനുഷ്യപ്രകൃതിയുടെ സേവകരാണ്. ആസൂത്രണം പ്രാർത്ഥനയുടെ സ്വാഭാവിക പരിണിതിയാണ്. പ്രാർത്ഥന ആസൂത്രണത്തിലേക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ സൗഭാഗ്യം ഇവ രണ്ടിലും നിക്ഷിപ്തമാണ്. ആസൂത്രണത്തിലേക്ക് പ്രവേശിക്കും മുമ്പേ അവൻ പ്രാർത്ഥനയിലൂടെ ദൈവകാരുണ്യത്തിൽ നിന്നും സഹായം തേടേണ്ടതാണ്. പ്രാർത്ഥനയിലൂടെ അനശ്വരമായ ഈ പ്രകാശസരണിയിൽ നിന്നും അവന് വെളിച്ചം ലഭിക്കുകയും നല്ല ആസൂത്രണം അവന് വരദാനമായി ലഭിക്കുകയും ചെയ്യും.

*(അയ്യാമെ സുൽഹ്, റൂഹാനി ഖസായിൻ*
*വാ. 14 പേ. 230-232)*

മായി പ്രോത്സാഹിപ്പിക്കുന്ന മതമാണ് ഇസ്‌ലാം. ഖുർആൻ പറയുന്നു: ***തത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത് കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക' (29:47)***

സത്യാന്വേഷണത്തിന്റെ മാർഗ്ഗത്തിൽ മതവിശ്വാസികളുടെ സംവാദങ്ങൾ സദ്ഫലങ്ങളാണ് സംജാതമാക്കുക. മഹാനായ ക്രിസ്തു പറഞ്ഞ സത്യവചനം നാമോർ ക്കുക **'നിങ്ങൾ സത്യം അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും (ബൈബിൾ : യോഹ: 8:32)** ●

*(31-ൽ നിന്ന് തുടർച്ച)*

ണോ? ഒരു ലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകന്മാർ, ഭൂമുഖത്ത് ഭരണം സ്ഥാപിക്കുക എന്ന 'മതകർത്തവ്യ'ത്തിനായി വന്നിട്ട് എത്ര പ്രവാചകന്മാർക്കാണ് ലക്ഷ്യം പൂർത്തീകരിക്കാനായത്? വിരലിലെണ്ണാവുന്ന പ്രവാചകന്മാർ രാജാക്കന്മാരായിരുന്നതൊ ഴിച്ചാൽ, ഭൂരിപക്ഷം പ്രവാചകന്മാർ ക്കും ഭൂമുഖത്ത് ഭരണാധികാരം ഉണ്ടായിരുന്നില്ലെന്നത് തർക്കമറ്റ കാര്യമാണല്ലോ? ഹദ്റത്ത് യൂസു ഫ് (അ) മൗദൂദിയുടെ ഭാഷയിൽ പറഞ്ഞാൽ താഗൂത്തീ ഭരണത്തിൽ പങ്കാളിയായിരുന്നു എന്നു വേണം കരുതാൻ.

*(ശേഷം 42-ൽ)*

## വാർത്തകൾ

# ലാഹോർ ആക്രമണത്തിൻ ശഹീദായവർ 86

ലണ്ടൻ: 12 ജൂലായ് 2010. ഹുസൂർ തിരുമനസ്സിന്റെ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഒരു പത്രക്കുറിപ്പ് പ്രകാരം ലാഹോർ അഹ്മദി മസ്ജിദുകളിലുണ്ടായ തീവ്രവാദി ആക്രമണത്തിൽ ശഹീദാക്കപ്പെട്ട വർ 86 പേരാണെന്ന് സ്ഥി രീകരിച്ചു. 94 അഹ്മദികൾ കൊല്ലപ്പെട്ടു വെന്ന് ഇതിനുമുമ്പത്തെ പ്ര സ്താവന തിരുത്തുകയായിരുന്നു. ആശുപത്രിയിൽ ചിലർ ചികിത്സയിലുണ്ട്. ആരുടേയും നില ഗുരുതരമല്ല.

ലാഹോർ തീവ്രവാദി ആക്രമണത്തെ തുടർന്ന് ജൂൺ 2ന് യു.കെ.യിലെ പാകിസ്താൻ ഹൈകമ്മീഷൻ വാജിദ് ശംസുൽ ഹസനെ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) തന്റെ ഓഫീസിൽ വിളിച്ചുവരുത്തി വിശദീകരണം ചോദിച്ചു എന്ന റിപ്പോർട്ട് ചില പാകിസ്താനീ മാധ്യമങ്ങൾ പ്രചരിപ്പിച്ചിരുന്നു. സത്യവിരുദ്ധമായ ഈ വാർത്തയുടെ നിജസ്ഥിതി വെളിപ്പെടുത്തിക്കൊണ്ട് ജൂൺ 7ന് ഖലീഫത്തുൽ മസീഹിന്റെ ഓഫീസിൽ നിന്നും വിശദീകരണമുണ്ടായി. ബ്രിട്ടനിലെ പാകിസ്താൻ ഹൈക്കമ്മീഷണർ അനുശോചനം അറിയിക്കാൻ സ്വമേധയാ ആണ് ലണ്ടനിലെ അഹ്മദിയ്യാ ആസ്ഥാനം സന്ദർശിച്ചത്. ഹൈക്കമ്മീഷണറുടെ ഈ സന്ദർശനത്തെ ഖലീഫത്തുൽ മസീഹ് അഭിനന്ദിക്കുകയും അദ്ദേഹത്തിന് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

# സ്വയം പ്രഖ്യാപിത മതനേതാക്കന്മാർ

100 ഓളം അഹ്മദികളെ ലാഹോറിൽ കൂട്ടക്കൊല ചെയ്തതിനെ അസന്നിഗ്ദ്ധമായി അപലപിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല എന്നത് തന്നെ ഗർഹണീയമാണ്. എന്നിട്ടും അഹ്മദികൾക്കെതിരെയുള്ള നിയമം റദ്ദാക്കാൻ വേണ്ടി നടന്ന ഒരു ഗൂഢാലോചനയാണ് ലാഹോർ അക്രമണമെന്ന് 13 മത-രാഷ്ട്രീയ പാർട്ടികളുടെ നേതാക്കന്മാർ പ്രസ്താവിക്കുകയുണ്ടായി. ഇത് അങ്ങേയറ്റം ജുഗുപ്സാവഹമാണ്. ഈ മതനേതാക്കന്മാർക്ക് ധാർമികതയുടെ എന്തെങ്കിലും ഒരു അടയാളം ഉണ്ടായിരുന്നുവെങ്കിൽ അവർ ആ യോഗ്യത കളഞ്ഞുകുളിച്ചിരിക്കുന്നുവെന്ന് ഉറപ്പാക്കിയിരിക്കുന്നു. അഹ്മദികൾ അവരുടെ നാട്ടുകാരിൽ നിന്നും യാതൊരു സഹതാപം അർഹിക്കുന്നില്ല എന്നാണ് ഇവർ പറയുന്നത്. ഈ മത പുരോഹിതന്മാരുടെ സവിശേഷമായ മതവീക്ഷണങ്ങളുമായി അഹ്മദിയ്യാ വീക്ഷണം യോജിച്ചുപോകുന്നില്ല എന്നതാണ് കാരണം. ആരാണ് ഇക്കൂട്ടരുടെ ദൈവകാരുണ്യത്തിന്റെ വിധികർ ത്താക്കളായി നിയമിച്ചത്? അഹ്മദികളെ മനുഷ്യരായി കണക്കാക്കിയാൽ അവർ വിഷലിപ്തമായ സാഹചര്യമുണ്ടാക്കുമെന്ന് ആരാണ് ഇവരോട് പറഞ്ഞത്?

ഇസ്ലാമിൽ പൗരോഹിത്യമില്ലെന്ന് ഈ മതപുരോഹിതന്മാരെ ഇടക്കിടെ ഓർമ്മിപ്പിക്കേണ്ടിവരുന്നു. ഇവിടെ സ്റ്റേറ്റും ചർച്ചും തമ്മിൽ വേർതിരിവില്ല എന്ന് പറഞ്ഞ് കൊണ്ട് ഇക്കൂട്ടർ സെക്കുലറിസത്തിനെതിരെ വാദിക്കാറുണ്ട്. ഔദ്ധത്യത്തോടുകൂടി അന്യമതസ്ഥരുടെ വിശ്വാസത്തിന്റെ കാവൽ ഏറ്റെടുത്ത ഈ മതപണ്ഡിതന്മാരാകട്ടെ കൊലപാതകത്തെ അപലപിക്കാത്തവരും ധാർമ്മികതയുടെ യാതൊന്നും അവശേഷിക്കാത്തവരുമാണ്. ഇസ്ലാമിനെ മാർഗ്ഗദർശനമായി കാണുന്ന ജനതക്ക് മുമ്പിൽ വാസ്തവത്തിൽ ഇവർ കുറ്റവാളികളാണ്. ഇസ്ലാമിന്റെ കേന്ദ്രതത്വം എല്ലാ മനുഷ്യർക്കും ദൈവവുമായി നേരിട്ട് ബന്ധമുണ്ടെന്നാണ്. 'നാം അവന്റെ ജീവനാഡിയേക്കാൾ അടുത്തവനാണ്' (50:16) എന്നാണ് ഖുർആൻ പറയുന്നത്. എന്നിരിക്കെ ആകാശഭൂമികൾ സൃഷ്ടിച്ച ദൈവത്തിനും മനുഷ്യനും മദ്ധ്യേ വരാൻ ഇവരാരാണ്? ഈ സ്വയം പ്രഖ്യാപിത മതനേതാക്കന്മാർ ഉള്ളിടത്തോളം മുസ്ലിംകൾക്ക് നാശമല്ലാതെ മറ്റൊന്നും വരുന്നില്ല.

*(പാകിസ്താനിലെ Express Tribune പത്രത്തിന്റെ 2010 ജൂൺ 11-ലെ എഡിറ്റോറിയൽ).*

*(40-ൽ നിന്ന് തുടർച്ച)*

ഇനി, നബി തിരുമേനി(സ) സ്ഥാപിച്ച ഭരണം തന്നെ, അഥവാ ലക്ഷ്യം ഭരണമാണെങ്കിൽ ആ ലക്ഷ്യം അതിന്റെ തനിമയിൽ എത്ര കാലം നിലനിന്നു? ഏറിയാൽ 30 വർഷകാലം പിന്നീടുണ്ടായ അധികാരവടംവലികളുടെയും 'ഖിലാഫത്തിനെ'തിരെയുള്ള മുസ്‌ലിം നാമധാരികളുടെ തന്നെ ദുഷ്ചെയ്തികളുടെയും ചരിത്രം ഇസ്‌ലാമിക ചരിത്രത്തിലെ കറുത്ത അധ്യായങ്ങളാണ്. (മആദല്ലാഹ്) എന്തേ അല്ലാഹുവിന് തെറ്റുപറ്റിയോ? തെറ്റ് പറ്റിയത് മൗദൂദിക്കാണ്.

അല്ലാഹു പറയുന്നു: **"കതബല്ലാഹു ലഅഗ് ലി ബ ന്ന അന വറുസുലീ"** തീർച്ചയായും "ഞാനും എന്റെ പ്രവാചകന്മാരും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു എഴുതിയിരിക്കുന്നു."

– വിശുദ്ധ ഖുർആൻ 58:22

വിശുദ്ധ ഖുർആന്റെ പ്രസ്തുത വചനമനുസരിച്ച് ലോകത്ത് ആഗതരായ എല്ലാ പ്രവാചകന്മാരും ഏതൊരു ലക്ഷ്യത്തിനു വേണ്ടിയാണോ നിയോഗിക്കപ്പെട്ടത് 'അത് നിറവേറ്റികൊണ്ട് തന്നെയാണ് അവർ വിടപറഞ്ഞിരിക്കുന്നത്. പ്രവാചകദൗത്യത്തിന്റെ മൗലികതത്ത്വം വിശദീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു.

"നാം ഓരോ സമുദായത്തിലും ഓരോ ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. ദുശ്ശക്തികളെ വർജ്ജിക്കുക (എന്നായിരുന്നു അവരുടെ പ്രബോധനം)" – വിശുദ്ധ ഖുർആൻ 16:37

"നിങ്ങൾ എന്റെ ഭരണം സ്ഥാപിക്കുക" എന്ന് പ്രവാചകന്മാരോട് അല്ലാഹു പറഞ്ഞതായി ഖുർആനിൽ നിന്ന് ഒരു വചനം കാണിക്കാൻ സാധ്യമല്ല. അല്ലാഹു ഏൽപിച്ച കാര്യം ഭംഗിയായി നിർവ്വഹിച്ചുകൊണ്ടാണ് പ്രവാചകന്മാർ കഴിഞ്ഞു കടന്നുപോയത്. സന്ദേശം എത്തിക്കുക എന്ന ദൗത്യം. അതവർ പൂർത്തിയാക്കി. ഭരണം സ്ഥാപിക്കലായിരുന്നു ലക്ഷ്യമെങ്കിൽ 95% പ്രവാചകന്മാരും വിജയിച്ചില്ലെന്നും; ദൗത്യം പരാജയപ്പെട്ടെന്നും പറയേണ്ടിയും വരും. അല്ലാഹു പറയാത്ത, നബി(സ) പഠിപ്പിക്കാത്ത, ചെയ്തു കാണിക്കാത്ത ഒരു കാര്യത്തെ തങ്ങളുടെ ലക്ഷ്യമായി മുഖ്യവിഷയമായി അംഗീകരിക്കുന്ന ഒരു ആശയമാണ് മൗദൂദി ഈ ലോകത്തിന്റെ മുമ്പാകെ വെച്ചത്. അതുകൊണ്ട് തന്നെ അതിന് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല. ഇസ്‌ലാമിക പ്രമാണങ്ങളുടെ തെളിവുകളുടെ പിൻബലത്തിലല്ല മൗദൂദി ഈ ആശയം സമർപ്പിച്ചത്. മൗദൂദിയുടെ ബുദ്ധിയിൽ നിന്ന് മാത്രം. അതിനാലാണ് മൗദൂദിസം എന്നോ മൗദൂദിയൻ ആശ യം എന്നോ വിളിക്കേണ്ടി വരുന്ന തും – തുടരും

## അനുസ്മരണം



**മൗലവി യു. അബൂബക്കർ സാഹിബ്**

മഞ്ചേശ്വരം: ജനാബ് മൗലവി യു. അബൂബക്കർ (78) സാഹിബ് മുബല്ലിഗ്, 3-6-2010ന് (വ്യാഴാഴ്ച) മഞ്ചേരത്ത് വഫാത്തായി (ഇന്നാലില്ലാഹി.......)

വടകര സ്വദേശിയായ മൗലവി സാഹിബ് യുവാവായിരിക്കുമ്പോൾ തന്നെ അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. തുടർന്ന് പിതാവ് വീട്ടിൽ നിന്ന് അദ്ദേഹത്തെ പുറത്താക്കി. വിസ്മയകരമെന്ന് പറയട്ടെ കുറച്ച് വർഷങ്ങൾക്ക് ശേഷം മാതാപിതാക്കളും സഹോദരീസഹോദരന്മാരും അദ്ദേഹം മുഖേന അഹ്മദിയ്യത്തിൽ പ്രവേശിക്കുകയാണുണ്ടായത്. ഖാദിയാനിൽ പഠിക്കുകയും ഇന്ത്യയിലുടനീളം പല ജമാഅത്തുകളിൽ ദീർഘകാലം സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ജമാഅത്തിന്റെ ചന്ദ ഇൻസ്പെക്ടറായും സേവനം ചെയ്തിട്ടുണ്ട്. മൗലവി സാഹിബിന്റെ തബ്‌ലീഗ് മുഖേന ഇന്ത്യയിലുടനീളം ധാരാളം വ്യക്തികൾ ജമാഅത്തിൽ പ്രവേശിച്ചിട്ടുണ്ട്.

ഭാര്യമാർ : സുലൈഖ (മഞ്ചേശ്വരം) മർഹും ജമീല (അലനല്ലൂർ) മക്കൾ : തയ്യിബ് അഹ്മദ്, ബഷീർ അഹ്മദ്, അൻവർ അഹ്മദ് (മുഅല്ലിം), റഫീക്ക് അഹ്മദ്, നാസിർ അഹ്മദ്, മുബാറക്ക, ശമീമ. മരുമക്കൾ : അബ്ദുൽ റഷീദ്, ബി. അബ്ദുൽ ഹമീദ്, റംല, ആബിദ, ജമീല, റഹ്മത്ത്, മുബശ്ശിറ. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**നാസിർ അഹ്മദ്, കോഴിക്കോട്**